# ഗുരുനാഥൻ.

| പുസ്തകം 10 | 1106 മിഥുനം | ലക്കം 11 |
|---|---|---|

## സമുദായസേവനം.

(ആർ ഈശ്വരപിള്ള ബി. എ.)

"സർവ്വലോകസൗഹൃദമാണ് നിർവ്യാജമായ ദൈവഭജനം"

(കോൾറിജ്)

മനുഷ്യവർഗ്ഗത്തിന്റെ ഒരു ഭാഗം അംഗവൈകല്യം കൊണ്ടോ അംഗഹീനതകൊണ്ടോ നിർദ്ധനത്വംകൊണ്ടോ രക്ഷകാഭാവത്വംകൊണ്ടോ വ്യാധികൊണ്ടോ മററുവല്ല അവശതകൾകൊണ്ടോ, എന്നും പരസഹായം വിനാ ജീവിക്കുന്നതിനും ഉപജീവിക്കുന്നതിനും നിവൃത്തിയില്ലാതെ വർത്തിക്കുന്നുണ്ട്. അവർക്കും ജനനംമൂലം ലോകത്തിൽ ജീവിതം നയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇങ്ങിനെയുള്ളവർക്ക് ഈ ന്യൂനതകൾ ഒന്നും ഇല്ലാതിരിക്കുന്നവരുടെ ഭൂതദയാപരമായ സഹായത്തിന്, സമസൃഷ്ടങ്ങൾ എന്ന നിലയിൽ, അവകാശമുണ്ട്. കൂടാതെ ഇതു് ഇതരഭാഗക്കാരുടെ കർത്തവ്യവുമാണ്. സമുദായസേവനം ഈ കർത്തവ്യത്തിന്റെ വെറും നിർവ്വഹണം മാത്രമാണ്. ഈ ചുമതലാബോധം മനുഷ്യർക്ക് എല്ലാവർക്കും വേണ്ടതാണെങ്കിലും അപൂർവ്വം ചിലർക്ക് മാത്രമെ അതു് ഉള്ളതായി കാണുന്നുള്ളു. ഇവരാണ് ലോകത്തിൽ സർവ്വഥാ അനുഗ്രഹീതന്മാരായിരിക്കുന്നതു്. സുഖം എല്ലാവരും കാംക്ഷിക്കുന്ന ഒരു ദുർല്ലഭവസ്തുവാണ്. എന്നാൽ അതു് വാസ്തവത്തിൽ എന്താണെന്ന് ആർക്കുംതന്നെ നിശ്ചയമില്ലാത്ത ഒന്നാണ്. അതു് എന്നും ഭാവിയായിട്ടുള്ള ഒരനുഗ്രഹം മാത്രമായിട്ടല്ലാതെ വർത്തമാനത്തിൽ ആർക്കും ലഭിക്കുന്നില്ല. എങ്കിലും സാമാന്യജനങ്ങളെ സംബന്ധിച്ച് ക്ഷുത്പിപാസാദിശമനം, വർഷവാതാതപനിവാരണം, രോഗാഭാവം ദേഹാച്ഛാദനം മുതലായവകൊണ്ടു സിദ്ധിക്കുന്ന ഒരു മനഃസ്ഥിതിയായിട്ടാണ് ഗണിച്ചുവരുന്നതു്. ഈ വിഷയത്തിൽ അവശന്മാർക്കും വേണ്ട സഹായം ചെയ്തുകൊടുക്കുന്നതു് ഒരുവിധം സമുദായസേവനം തന്നെയാണ്. ഇതി

ന്നും പുറമെ ബുദ്ധിസംസ്കരണത്തിനും ജ്ഞാനസമ്പാദനത്തിനും സഹായിക്കുന്നതു്. ഇതിലും ഉൽകൃഷ്ടമായ ഒരുതരം സമുദായസേവനമാണ്.

ലോകവ്യാപാരങ്ങൾ സംഖ്യാതീതങ്ങളാണ്. അവയിൽ ഭൂരിഭാഗവും ഒരുവിധം അല്ലെങ്കിൽ മറെറാരുവിധം സമുദായസേവനത്തിൽ ഉൾപ്പെട്ടിരിക്കുന്നവയാകുന്നു. മനുഷ്യവർഗ്ഗം പരിഷ്കൃതജീവിതത്തിൽ സ്വല്പമായി പ്രവേശിച്ച കാലംമുതല്ക്കുതന്നെ സമുദായസേവനവും ആരംഭിച്ചിട്ടുണ്ടെന്നുതന്നെ പറയാം. അതുകൊണ്ട് സമുദായസേവനം പലരും വിചാരിക്കുന്നതുപോലെ ഒരു പുതിയ പ്രസ്ഥാനമായി വിചാരിക്കാൻ തരമില്ല. നമ്മുടെ സമസൃഷ്ടങ്ങളുടെ ജീവിതസരണിയെ വിഷമതകൾ നീക്കി കഴിയുന്നതും നിരപ്പാക്കണമെന്നുള്ള താല്പര്യവും അതനുസരിച്ചുള്ള പ്രവൃത്തിയുമായിരുന്നു സമുദായസേവനത്തിൻെറ ആദ്യവും പക്ഷെ അവ്യക്തവുമായ രൂപം. എന്നാൽ മനുഷ്യവർഗ്ഗത്തിൻെറ പദാൽപദമുള്ള പുരോഗമനം സിദ്ധിച്ച് സമുദായസേവനത്തെ സംബന്ധിച്ചുള്ള നമ്മുടെ ആദർശങ്ങളും അതുപോലെതന്നെ ഉയൎന്നുവന്നു. അതിൻെറ ഫലമായി ഇന്ന് ഈ വിഷയത്തിലുള്ള ആദർശം ഒരു പ്രശസ്തമായ പദത്തിൽ എത്തീട്ടുണ്ട്. എന്നാൽ പരമകാഷ്ഠയിൽ എത്തുവാൻ ഇനിയും വളരെ ദൂരം ഉണ്ടു്. ആദർശം ഇങ്ങിനെയാണെങ്കിൽ തൽസംബന്ധമായ പ്രവൃത്തി എത്രയോ പിന്നിലാണ് ഇന്നു വർത്തിക്കുന്നതു്. എന്നാൽ ഉപകരണങ്ങളുടെ അപൂർണ്ണതനിമിത്തം ആദർശവും പ്രവൃത്തിയും തമ്മിൽ എല്ലായ്പ്പോഴും വലിയ അന്തരമുണ്ടായിരിക്കാനെ തരമുള്ളൂ. എങ്കിലും ആ പരമമായ ലക്ഷ്യത്തെ നാം അല്പാല്പമായി സമീപിച്ചു വരികയാണെന്ന് സമാധാനപ്പെടാം.

സമുദായസേവനം ഒരു ഉൽകൃഷ്ടമായ ആദർശമായിട്ടാണ് നമ്മുടെ പൂർവ്വികന്മാർ വിചാരിച്ചിരുന്നതെന്നുള്ളതിന് ലക്ഷ്യങ്ങൾ ഇല്ലാതില്ല. എന്നാൽ ഇന്ന് നാം വിദേശീയരീതി അനുസരിച്ചു പറഞ്ഞുവരുന്നതുപോലെ സമുദായസേവനം എന്നല്ല അവർ പറഞ്ഞുവരുന്നതു്. ഇതിനേക്കാൾ അർത്ഥവ്യാപ്തിയുള്ളതായ "പരോപകാരം" എന്ന പദമാണ് അവർ പലപ്പോഴും ഉപയോഗിച്ചുവരുന്നതു്. പേരെന്തായിരുന്നാലും അതു സൂചിപ്പിക്കുന്ന വസ്തുവാണല്ലോ പ്രധാനമായി ഗണിക്കേണ്ടതു്. അതിൻെറ മാഹാത്മ്യം ഇന്നത്തേക്കാൾ അധികമായി അവർ ഗ്രഹിച്ചിരുന്നു എന്നു സമ്മതിക്കാതെ കഴികയില്ല.

പരോപകാരാൎത്ഥമിദംശരീരം
പരോപകാരായവസന്തിസന്തഃ
പരോപകാരായസതാംവിഭൂതയഃ
സന്തസ്വയംപരഹിതേവിഹിതാഭിയോഗഃ

എന്നിങ്ങനെ ഉത്തമആദർശത്തെ ഗർഭീകരിച്ചിരിക്കുന്ന പല മഹദ്വാക്യ

ങ്ങളും നമ്മുടെ പുരാതനകാവ്യാദികളിൽ നിക്ഷിപ്തങ്ങളായി കാണപ്പെടുന്നുണ്ട്. സമുദായസേവനം ഒരു ശ്രേഷ്ഠമായ കൃത്യം മാത്രമല്ല, അതു ജീവിതത്തിന്റെ പരമാദർശമായിട്ടാണ് കാണപ്പെട്ടിരിക്കുന്നതു്. ഇതാ ഇതു നോക്കുക:-

"യസ്മിൻ ജീവതിജീവന്തി
ബഹവാഃസതുജീവതി"

ഇതിലും ഉൽകൃഷ്ടമായ ജീവിതാദർശം എവിടെ കാണും. ഇനിയും നോക്കുക:-

"ഉദാരചരിതാനാന്തു
വസുധൈവകുടുംബകം.

ഇങ്ങിനെ ഇനിയും സമുദായസേവനത്തിന്റെ മാഹാത്മ്യത്തെ സംഗ്രഹിക്കപ്പെട്ടിട്ടുള്ള അനേകം സദ്വാക്യരത്നങ്ങൾ നമ്മുടെ ഭാഷാരത്നാകരത്തിൽ നിർല്ലീനങ്ങളായി കിടപ്പുണ്ട്. "അഹിംസാപരമോധർമ്മഃ" എന്നുള്ള പരമമനുഷ്യധർമ്മസംഗ്രഹമായ ആ വാക്യംതന്നെ നിവൃത്തിരൂപമായ സമുദായസേവനത്തെയാണ് സൂചിപ്പിക്കുന്നതു്.

"ആത്മവൽസർവ്വഭൂതാനി
യഃപശ്യതി സപശ്യതി"

എന്നുള്ള ഗീതാവാക്യം സമുദായസേവനത്തിനെ പ്രത്യക്ഷമായി നമ്മെ ക്ഷണിക്കുന്നില്ലെങ്കിലും അതിനു വേണ്ടതായ അത്യുൽകൃഷ്ടവും പ്രാഥമികവുമായ മനഃസ്ഥിതിയിലേക്ക് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ബുദ്ധമുനിയുടെ പ്രധാനമായ ഉപദേശം മനുഷ്യസ്നേഹവും അതിൽ കവിഞ്ഞ ഭൂതസൗഹൃദവുമാണ്. ആ അടിസ്ഥാനത്തിന്മേൽ തന്നെയാണ് ബുദ്ധമതം സ്ഥാപിക്കപ്പെട്ടിരിക്കുന്നതും. അദ്ദേഹംതന്നെ ഒരു വിശിഷ്ടനായ സമുദായസേവകനായിരുന്നു. സമുദായസേവനത്തിന്മേൽ സ്ഥാപിതമായ ഒരു മതം തന്നെ എത്ര വിശിഷ്ടമാണ്. ഇത്രയും പറഞ്ഞതു് സമുദായസേവനം കേവലം ഒരു പാശ്ചാത്യപ്രസ്ഥാനമല്ലെന്നും അതു് പൗരസ്ത്യന്മാർ പണ്ടെയ്ക്കുപണ്ടേ സ്വീകരിച്ചിരുന്ന ഒരാദർശവും ചരിച്ചുവന്ന ഒരു പദ്ധതിയുമാണെന്നും കാണിക്കുന്നതിനു മാത്രമായിട്ടാണ്. ബെൻതം, മിൽ മുതലായ പാശ്ചാത്യ തത്വജ്ഞാനികൾ അവലംബിച്ചിരുന്ന സന്മാർഗ്ഗസിദ്ധാന്തവും സമുദായസേവനത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. "ഭൂരിജനഭൂരിസുഖം" ആണ് അവർ വരിച്ചിരുന്ന ആദർശം. ക്രിസ്തുദേവന്റെ ദശോപദേശങ്ങളിലും ഈ തത്വം അന്തർഭവിച്ചിട്ടുണ്ടെന്ന് സൂക്ഷ്മജ്ഞന്മാക്കറിയാവുന്നതാണ്. കിംബഹുനാ, ലോകാരംഭം മുതല്ക്കും ലോകം ഒട്ടുക്കും സമുദായസേവനം ഒരു പ്രധാന ആദർശമായിട്ടാണ് എല്ലാവരും ഗ്രഹിച്ചുവന്നതു്. വിദ്യാഭ്യാസം, വൈദ്യം, ശുചീകരണം, വാണിജ്യം, വ്യവസായം, ഉദ്യോഗവ്യ

ത്തി, രാജ്യഭരണം ഇവ സമുദായസേവനത്തിന്റെ രൂപഭേദങ്ങളാണ്. എന്നാൽ ഇവയൊക്കെയും ദുഷിച്ച് സമുദായസേവനസ്വഭാവം വിട്ട് ധനസേവനമായിട്ടാണിന്നു പരിണമിച്ചിരിക്കുന്നതു്. സമുദായസേവനത്തിന്റെ രണ്ടു പ്രധാനലക്ഷണങ്ങൾ ഇന്നിവയ്ക്കില്ലാതായിത്തീർന്നിട്ടുണ്ടു്. അതായതു് ത്യാഗവും മനുഷ്യസൌഹൃദവും. എന്നുതന്നെയുമല്ല ഇവയിൽ ചിലതു് വിപരീതഭാവം വഹിക്കുന്നുമുണ്ടു്. ബുദ്ധി, സ്വഭാവം ഇവയെ സംബന്ധിച്ച് സംസ്കാരപരമായ ഒരു ഭാവം വഹിക്കുന്നതുകൊണ്ടു് വിദ്യാഭ്യാസം സമുദായസേവനത്തിന്റെ ഒരുൽകൃഷ്ടരൂപമാണെന്നുവേണം പറവാൻ. ഇന്നത്തെ വിദ്യാഭ്യാസരീതി ദുഷിച്ചതാണെന്ന് പല ന്യൂനതകളേയും ചൂണ്ടിക്കാണിച്ചു നാം വാദിക്കുന്നുണ്ട്. ഇതു ശരിതന്നെ. വീക്ഷണകോണം ഒന്നു് തെറ്റിയെന്നേയുള്ളു. ഇവിടെ ആവശ്യമായ ത്യാഗവും സ്നേഹവും ഇല്ലെന്നുള്ളതാണ് അതിനുള്ള പ്രധാനദോഷം. ക്ലിപ്തമായ വേതനത്തിനും ക്ലിപ്തമായ സമയത്തിനും ക്ലിപ്തമായ രീതിയ്ക്കും മററും അധീനന്മാരായി അദ്ധ്യാപകന്മാർ പ്രായേണ യന്ത്രവൽ പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. വ്യത്യസ്തം ചുരുക്കം ചിലതിലില്ലെന്നു പറയാതിരിക്കാൻ തരമില്ല. അദ്ധ്യാപനത്തിന് ഫലവും ജീവനും നൽകുന്ന നിസ്വാർത്ഥത, സൌഹൃദം ഇവയ്ക്കു രണ്ടിനും ഇവിടെ സ്ഥാനം ലഭിക്കുന്നില്ല. സ്നേഹാധിക്യം നിമിത്തം ആത്മവിസ്മൃതിയോടുകൂടി ചെയ്യുന്ന പ്രവൃത്തി മാത്രമെ ശ്ലാഘ്യവും ഫലപ്രദവുമായിരിക്കുകയുള്ളു. പണ്ടത്തെ ഗുരുകുലവിദ്യാഭ്യാസം ഏകദേശം ഈവിധമുള്ളതായിരുന്നു. ഇന്നത്തെ രീതി രസഹീനവും ശുഷ്കവും സമുദായസേവനത്തിന്റെ സ്വഭാവം നിശ്ശേഷം ഇല്ലാത്തതുമാണ്. അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുന്ന രീതിയും അവരെക്കൊണ്ടു വേലചെയ്യിക്കുന്ന സമ്പ്രദായവും അവരുടെ സ്വാതന്ത്ര്യത്തെ നിരോധിക്കുന്ന നിയമങ്ങളും മററും സമുദായസേവനത്തിനനുകൂലമല്ലാതാണിരിക്കുന്നതു്. 'വൈദ്യവും' വിദ്യാഭ്യാസത്തെപ്പോലെതന്നെ സമുദായസേവനത്തിനു സൌകര്യമുള്ള ഒരു പ്രവർത്തിസരണിയാണ്. ഒരു ചികിത്സകനു മനസ്സുണ്ടെങ്കിൽ –മനുഷ്യസ്നേഹമുണ്ടെങ്കിൽ– എത്രയോ സാധുക്കൾക്ക് ആശ്വാസവും സുഖവും നൽകാൻ കഴിയും.? എന്നാൽ ഇവിടേയും "പ്രതിഫലേച്ഛ" എന്നുള്ള ദുർബാധ നിമിത്തം സമുദായസേവനരൂപത്തിലുള്ള എത്രയോ സൽപ്രവർത്തികൾ അകൃതങ്ങളായി ഭവിക്കുന്നു. പ്രതിഫലംകൂടാതെ നിവർത്തിയില്ല എന്നിരുന്നാലും അതിനോട് അല്പം ത്യാഗവും സ്നേഹവും കൂടി യോജിപ്പിച്ചാൽ ചികിത്സ യഥാർത്ഥസമുദായസേവനമായിരിക്കുമായിരുന്നു.

"ക്വചിൽധർമ്മ-ക്വചിന്മൈത്രി,
ക്വചിദർത്ഥ-ക്വചിദ്യശഃ

കമ്മാഭ്യാസകപചിൽചേതി
ചികിത്സാനാസ്തിനിഷ്ഫലഃ”

എന്നാണ് ചികിത്സയുടെ മാഹാത്മ്യത്തെ പററി മഹത്തുക്കൾ പറഞ്ഞിരിക്കുന്നതു്.

വിദ്യാഭ്യാസവും വൈദ്യവും അവയുടെ സമുദായസേവനസ്വഭാവത്തിൽനിന്നും വ്യതിചലിച്ചിട്ടുള്ളതു് അവയുടെ പ്രയോക്താക്കളുടെ മാത്രം കുററമാണെന്നു പറവാൻ തരമില്ല. ലോകത്തിൻെറ ഇന്നത്തെ സ്ഥിതിയും ഗതിയും മനുഷ്യരെ സ്വാത്ഥതല്പരന്മാരാക്കിത്തീക്കുന്നതിൽ പ്രവണങ്ങളായിട്ടാണിരിക്കുന്നതു്. ആത്മരക്ഷാപരമായ സഹജബുദ്ധിയുടെ തീക്ഷ്ണശക്തിയിൽ ഭൂതസൗഹൃദം നിശ്ശേഷം നശിച്ചുപോകുന്നു. അതുകൊണ്ടാണിന്നു് സമുദായസേവനവിഷയത്തിൽ പ്രവത്തിക്കുന്നവരുടെ സംഖ്യ കുറഞ്ഞിരിക്കുന്നതു്. അനന്യസാധാരണമായ ത്യാഗശീലമുള്ളവക്കു മാത്രമെ ഇന്നു് ഇതു സാധിക്കയുള്ളു. ലോകത്തിൽ ത്യാഗികളേക്കാൾ അധികം ഭോഗികളാണല്ലൊ ഉള്ളതു്. ഇതുപോലെതന്നെ മനുഷ്യസ്നേഹത്തെക്കാൾ ശക്തിമത്തായി തീന്നിരിക്കുന്നതു് ധനസ്നേഹമാണ്. ലോകം ഇന്നു് ഭൌതികഭോഗങ്ങളിൽ ആസക്തമായിട്ടാണിരിക്കുന്നതു്. ഇതിനു ധനം അത്യാവശ്യമാണല്ലൊ. ഈ വിഷയത്തിലാണ് മനുഷ്യർതമ്മിൽ ഇന്നു മത്സരം നേരിട്ടിരിക്കുന്നതു്. ഇതു് മനുഷ്യസ്നേഹത്തിനും തദ്വാരാ സമുദായസേവനത്തിനും പ്രതികൂലമായിട്ടുള്ള അവസ്ഥയാണ്. ധനസമ്പാദനം ഒട്ടും നിഷിദ്ധമല്ല. എന്നാൽ അതിനെ സമ്പാദിക്കുന്ന രീതിയും വിനിയോഗിക്കുന്ന ക്രമവും അനുസരിച്ചാണ് അതിൻെറ ന്യായാന്യായം സ്ഥിതിചെയ്യുന്നതു്. സമുദായസേവനത്തിനും ധനം അത്യാവശ്യമായിട്ടാണിരിക്കുന്നതു്. ന്യായാജ്ജിതമായിരിക്കുന്ന ധനം സ്വല്പമായിരുന്നാലും അതിനു് വിലക്കൂടും.

അകൃത്വാപരസന്താപ
മഗത്വാഖലനമ്രതാം
അക്ലേശയിത്വാചാത്മാനം
യൽസ്വല്പമപിതൽബഹുഃ

എന്നാൽ ഇപ്രകാരമാണൊ ഇന്നത്തെ സ്ഥിതിയെന്നു് സംശയിക്കേണ്ടതായിരിക്കുന്നു. സമുദായസേവനത്തിനു് ധാരാളം സൗകയ്യമുള്ളതും അതിലേക്കായി നിശ്ചയിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസം, വൈദ്യം ഇവയുടെ പ്രവത്തനരീതിതന്നെ ഇന്നു നേരെ മറിഞ്ഞിരിക്കുന്ന സ്ഥിതിക്കു് വാണിജ്യം, വ്യവസായം മുതലായവയുടെ കായ്യം ചോദിക്കാനുണ്ടോ.? ഇവ രണ്ടും മേൽപ്രകാരം തന്നെ പ്രകൃതിയനുസരിച്ചാണ് ഇന്നു പ്രവത്തിക്കുന്നതു്. മററുള്ളവയും ഏറക്കുറെ ഇപ്രകാരം തന്നെയാണെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. ഉ

ദ്യോഗസ്ഥന്മാർ ജനസേവകന്മാരാണെന്നാണ് ഗണിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇന്ന് ഇപ്രകാരമുള്ളവർ വളരെ കുറഞ്ഞേ കാണുന്നുള്ളൂ. ഈ പ്രഥമാദർശം കാലക്രമേണ വിസ്മൃതമായിപ്പോയതുകൊണ്ടാണ്. കാരണം എന്തുതന്നെ ആയിരുന്നാലും ഇന്ന് സമുദായസേവനം ഇവിടെ ഇല്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഇപ്രകാരം സമുദായസേവനത്തെ ഉദ്ദേശിച്ച് അതിനുവേണ്ട സൗകര്യമുള്ളതായ സ്ഥാപനങ്ങളും ആ ഉദ്ദേശങ്ങളിൽനിന്നും അകന്ന് വിപരീതനിലയിലാണു വർത്തിക്കുന്നത്. സദുദ്ദേശ്യത്തോടുകൂടി സ്ഥാപിക്കപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടെയും ഗതി മിക്കവാറും ഇതുതന്നെയാണ്. മതസ്ഥാപനങ്ങൾ തന്നെ നോക്കുക. യഥാർത്ഥതത്വങ്ങൾ എവിടെ.? നമ്മുടെ ഇന്നത്തെ ആചാരങ്ങൾ എവിടെ.? ഇവ തമ്മിൽ ദക്ഷിണോത്തരധ്രുവങ്ങളുടെ അന്തരം ഉണ്ട്. നാം ഇന്ന് പുരാതനസ്ഥാപനങ്ങളെ ആക്ഷേപിക്കുന്നതിനുള്ള കാരണം ഇതുതന്നെയാണ്. അവയെല്ലാം സ്ഥാപകന്മാരുടെ ആദർശങ്ങളിലും ഉദ്ദേശങ്ങളിലും നിന്നു എത്രയോ താഴ്ന്നാണ് ഇന്നു നില്ക്കുന്നത്. മേൽ വിവരിച്ചവ കൂടാതെ യഥാർത്ഥത്തിൽ സമുദായസേവനത്തെ തന്നെ ലാക്കാക്കിയുള്ള പല ഏർപ്പാടുകളും ഇന്നു ലോകത്തിൽ ഉണ്ട്. അനാഥശാലകൾ, ദരിദ്രനികേതനങ്ങൾ ശിശുക്ഷേമപോഷണസംഘങ്ങൾ, ആരോഗ്യപരിപോഷണസംഘങ്ങൾ, വിധവാമന്ദിരങ്ങൾ ധർമ്മവൈദ്യശാലകൾ, ധർമ്മവിദ്യാലയങ്ങൾ, അന്ധന്മാർക്കും ബധിരന്മാർക്കുമുള്ള വിദ്യാലയങ്ങൾ മുതലായി പല സ്ഥാപനങ്ങളും പാശ്ചാത്യപൗരസ്ത്യരാജ്യങ്ങളിൽ പലേടത്തുമുണ്ട്. ഇവയുടെ പ്രവർത്തകന്മാർ പ്രായേണ നിസ്വാർത്ഥതയും മനുഷ്യസ്നേഹവുമുള്ളവരായിരിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ട്. ഇവയിൽ സമുദായസേവനം അതിന്റെ വിവിധരൂപത്തിൽ അല്പമായിട്ടെങ്കിലും നടക്കുന്നുണ്ടെന്നു വേണം പറവാൻ. ഇവ പലതും മിഷ്യൻവകയൊ, മററു സംഘങ്ങൾ വകയൊ. അപൂർവം ചിലവ ധർമ്മിഷ്ഠന്മാരുടെ വകയൊ ആയിട്ടാണു നടത്തിവരുന്നത്. മതസ്ഥാപനങ്ങളോട് സംഘടിപ്പിക്കപ്പെട്ടവയും ധാരാളം ഉണ്ട്. ഇവിടെ ഒരു വിധം സമുദായസേവനം ചില പ്രത്യേകരൂപത്തിൽ നടന്നുവരുന്നുണ്ട്. ഇവയിൽ സ്ത്രീകൾ ഭരിക്കുന്നവയാണ് പ്രായേണ പ്രശസ്തരീതിയിൽ നടത്തപ്പെടുന്നത്. നിഷ്കളങ്കമായ മനുഷ്യസ്നേഹവും ത്യാഗവും ഇവരിലാണ് അധികമായി പ്രശോഭിക്കുന്നത്. എന്നാൽ സമുദായസേവനം ഇന്നവർക്കു മാത്രമെ പാടുള്ളൂ എന്നൊന്നുമില്ല. സേവനത്തിന്റെ സ്വഭാവവും പരിധിയും വ്യത്യാസപ്പെട്ടിരിക്കുമെന്നേയുള്ളൂ.

നമ്മുടെ ചുററും ഒരു ചെറിയ പരിധിയിൽ നമുക്ക് യഥാശക്തി സമുദായസേവനം ചെയ്യാൻ സാധിക്കും. സാധുക്കൾക്ക് അന്നവസ്ത്രാദി

കൾ യഥാശക്തി നൽകുകയും രോഗബാധിതന്മാരെ ശുശ്രൂഷിക്കയും ബാലന്മാരെ വിദ്യാഭ്യാസവിഷയത്തിൽ പുസ്തകം ഫീസ് ഇവ നൽകി സ്വല്പമായി സഹായിക്കയും കലഹങ്ങൾ ശമിപ്പിക്കയും സദുപദേശങ്ങൾ നല്കുകയും ശുചിത്വം, ആരോഗ്യം ഇവയ്ക്കു വേണ്ടതായ കാര്യങ്ങൾ ചെയ്തു് സാംക്രമികരോഗങ്ങളുടെ ഉത്ഭവത്തെ തടുക്കയും ഇങ്ങനെ മററു പലതും നമുക്കു് മനസ്സുണ്ടെങ്കിൽ ചെയ്യുകയും ചെയ്യാൻ ധാരാളം സൗകര്യം ഉണ്ടു്. ഏതു നിലയിൽ ഇരിക്കുന്നവർക്കും ഇതു സാധ്യമാണു്. ഭൂതദയയും ത്യാഗവും അല്പം വേണമെന്നേയുള്ളു. ഉദ്യോഗസ്ഥന്മാർക്കും പ്രഭുക്കന്മാർക്കും ഇതു ചേരായ്കയാണെന്നുള്ള തെററിദ്ധാരണ ഉണ്ടായിരിക്കാം. എന്നാൽ അവർക്കാണു് ഈ വിഷയത്തിൽ കൂടുതൽ ചുമതലയും സൗകര്യവും ഉള്ളതു്. അവർക്കു് സുഖസൗകര്യങ്ങൾ എല്ലാം സ്വാധീനത്തിൽ ഉണ്ടു്. അവയുടെ വ്യാപ്തിയിൽ സാധുക്കളെ അല്പമായെങ്കിലും ഉൾപ്പെടുത്തേണ്ടതേയുള്ളു. സുഖസൗകര്യങ്ങളുടെ യഥാർത്ഥവില അവയെ വിഭജിക്കുന്നതുകൊണ്ടാണു് നമുക്കു ഗ്രഹിക്കാൻ കഴിയുന്നതു്. പരസ്പരസഹായതത്വത്തിന്മേലാണു് ലോകം സ്ഥാപിതമായിരിക്കുന്നതു്. ഒരു മനുഷ്യനു് എത്രതന്നെ ധനമൊ പ്രാഭവമൊ ഉണ്ടായാലും തനിച്ചു ജീവിക്കാൻ സാധിക്കയില്ല. ഇതും സമുദായസേവനത്തിന്റെ ആവശ്യകതയെ തന്നെ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ മനുഷ്യർക്കു് വിത്തവും പ്രാഭവവും വർദ്ധിക്കുന്തോറും സാമാന്യജനങ്ങളിൽനിന്നും അല്പം അകന്നു നില്ക്കണമെന്നാണു് താല്പര്യം. ഇതു് ജീവിതോദ്ദേശ്യത്തിന്റെ തെററിദ്ധാരണകൊണ്ടു മാത്രമാണു്. അവർ ഒരു സൽപ്രവൃത്തി ചെയ്യുന്നതിനുള്ള അവസരം വൃഥാ കളയുന്നുവെന്നും വേണം പറവാൻ. എന്നാൽ ഇന്നു ലോകത്തിൽ ഇത്തരക്കാർ കുറഞ്ഞുവരികയാണെന്നുള്ള ഒരാശ്വാസം ഉണ്ടു്. ഒരു സൽഗുണം ഇല്ലെങ്കിലും അതുണ്ടെന്നു നടിക്കുന്നതു് ഒരുവിധം ആശാസ്യമാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇന്നു് ഇപ്രകാരമുള്ള സേവനവും അപൂർവം ഉണ്ടായിരിക്കാം. പക്ഷെ അതു് അധികം ദൂരം എത്തുമെന്നു തോന്നുന്നില്ല. ഇന്നു് സമുദായസേവനം സർവലോകസാമാന്യമായ ഒരു പ്രസ്ഥാനമായി തീർന്നിട്ടുണ്ടു്. അതിദൂരസ്ഥിതങ്ങളായ അമേരിക്ക ജപ്പാൻ ഇവിടങ്ങളിൽ നിന്നും ഇതിന്റെ പ്രതിധ്വനി മുഴങ്ങുന്നു.

നമ്മുടെ തിരുവിതാംകൂറിലും സമുദായസേവനോദ്യമങ്ങൾ പലതും ഉണ്ടെന്നു പറയാം. എന്നാൽ ഇവയിൽ ഏററവും പ്രധാനവും, നിസ്വാർത്ഥതയോടും ഭൂതദയയോടും നടത്തിവരുന്നതും ശ്രീമതി ചിന്നമ്മയുടെ പരിശ്രമത്തിന്റെയും ത്യാഗശീലത്തിന്റേയും ഭൂതസൗഹൃദത്തിന്റെയും പ്രത്യക്ഷഫലമായി ശോഭിക്കുന്നതുമായ "മഹിളാമന്ദിര"മാണെന്നുള്ളതിനു തർക്കമില്ല.

സ്വാത്മത്യാഗവും, മനുഷ്യസ്നേഹവും മൂർത്തീകരിച്ചിരിക്കുന്ന ഒരൊററയാൾക്കു് എന്തെല്ലാം സാധിക്കാൻ കഴിയുമെന്നുള്ളതിനു് ഈ സ്ഥാപനം ഉൽകൃഷ്ടമായ ദൃഷ്ടാന്തമാകുന്നു. ഉൽകൃഷ്ടമായ ഉദ്ദേശത്തേയൊ ആദർശത്തെയൊ മനസ്സിൽ സംഗ്രഹിക്കുന്നതിനു നമ്മിൽ പലർക്കും കഴിയുന്നതാണു്. എന്നാൽ ചിന്താരൂപത്തിൽ ഇരിക്കുന്ന അതിനെ സാക്ഷാൽ വസ്തുരൂപത്തിൽ അവതരിപ്പിക്കുന്നതിനു് അനന്യസാധാരണമായ ബുദ്ധിവൈഭവം, സ്ഥിരനിശ്ചയം, സഹനശക്തിയും, സ്വേച്ഛാവർജ്ജനവും, ആത്മവിശ്വാസവും, ആശയശുദ്ധിയും അത്യാവശ്യമാണു്. ഇതു് അപൂർവ്വം ചില അനുഗ്രഹീതാത്മാക്കൾക്കു മാത്രമെ സാധിക്കയുള്ളു. ശ്രീമതി ചിന്നമ്മയിൽ ഈ ഗുണങ്ങളെല്ലാം ഉൽബുദ്ധങ്ങളായിരുന്നുവെന്നു് അവർക്കു സിദ്ധിച്ച വിജയം തന്നെ തെളിയിക്കുന്നുണ്ടു്. ഉദ്യോഗത്തിലിരുന്നും സമുദായസേവനം സഫലമാംവണ്ണം നിർവ്വഹിക്കാമെന്നു് ഈ മഹതി ഇതാ നമുക്കു കാണിച്ചുതന്നിരിക്കുന്നു. ഉദ്യോഗവലിപ്പത്തിനു ക്ഷതം പററുമെന്നു കരുതി ജനങ്ങളിൽനിന്നും അകന്നു വർത്തിക്കുന്നവർക്കു് ഇതൊരു നല്ല പാഠമായിരിക്കുമെന്നു തോന്നുന്നു. മി: സി. കൃഷ്ണപിള്ളയാണു് ഈ വിഷയത്തിൽ ഇദംപ്രഥമമായി പ്രവർത്തിച്ചതു്. രണ്ടാമതായി ഗണിക്കാൻ ഇവിടെ ഒരാളുണ്ടെങ്കിൽ അതു് വിനയാന്വിതബുദ്ധിയും ഭൂതദയാവസതിയുമായ ചിന്നമ്മ തന്നെയാണു്. എന്നാൽ ഇവർ ഇരുവരും ഇന്നു് അവരുടെ പ്രവൃത്തിരംഗത്തിൽനിന്നും തിരോധാനം ചെയ്തു കഴിഞ്ഞിരിക്കുന്നു. സി. കൃഷ്ണപിള്ള അവർകളുടെ തർജ്ജനിയിൽനിന്നും പുറപ്പെട്ട ആ ചലനശക്തി ഇന്നും ഒരു സമുദായത്തെ ആബാലവൃദ്ധം ഉൽക്കർഷോന്മുഖമായി ചലിപ്പിച്ചുംകൊണ്ടുതന്നെ ഇരിക്കുന്നു. അദ്ദേഹത്തിനു തുല്യന്മാരല്ലെങ്കിലും അനുയായികൾ ഇല്ലാതില്ല. ശ്രീമതി ചിന്നമ്മ, ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തിസ്മാരകമായി സ്ഥാപിച്ച "അനാഥസംരക്ഷണശാല" ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുവന്ന അവസരത്തിലാണു് ആ മഹതിയുടെ അപ്രതീക്ഷിതമായ തിരോധാനം ഉണ്ടായതു്. ഈ സ്ഥാപനത്തിന്റെ ഭാവി എന്തായിരിക്കുമെന്നാണു് ഇന്നു പലരുടേയും ചിന്തയ്ക്കു വിഷയമായിരിക്കുന്നതു്. എന്നാൽ ഇപ്രകാരം ഒരാശങ്കയ്ക്കു് അവകാശമുണ്ടോ എന്നാണു് സംശയം. ചിന്നമ്മയുടെ "മഹിളാമന്ദിരം" ആ മഹതിയുടെ അഭാവത്തോടുകൂടി നമ്മുടെ (നാട്ടുകാരുടെ) എല്ലാവരുടേയും വകയായി തീർന്നിരിക്കുന്നു. നമ്മിലാണു് ഇന്നു ഇതിന്റെ പോഷണസംരക്ഷണാദികളിലുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്നതു്. ഒരർത്ഥത്തിൽ അനാഥശാലയായിരുന്നെങ്കിലും മറെറാരർത്ഥത്തിൽ ചിന്നമ്മയുടെ നോട്ടത്താൽ സനാഥശാലയായിരുന്ന മഹിളാമന്ദിരം ഇനിയും അപ്രകാരം തന്നെ ഇരിക്കുമെന്നു

ള്ളതിന് സംശയം ഇല്ല. ഒരു സദുദ്ദേശനിർവ്വഹണാർത്ഥം സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ സ്ഥാപനം അനുകൂലികളൊ പ്രവർത്തകന്മാരൊ ഇല്ല എന്നുള്ള കാരണത്തിന്മേൽ അനേകം സമുദായസേവനോദ്യുക്തന്മാർ ഉള്ള ഇക്കാലത്തു, വീണുപോകുമെന്നു ഭയപ്പെടാൻ വഴിയില്ല. ചിന്നമ്മയുടെ വിയോഗം നിമിത്തം ഒഴിഞ്ഞു വശമായിരിക്കുന്ന സ്ഥാനം കയ്യേല്ക്കുന്നതിനും തൽസംബന്ധമായ ഉത്തരവാദിത്വം വഹിക്കുന്നതിനും ഈ മന്ദിരത്തിൽ തന്നെ ചിന്നമ്മയുടെ പാർശ്വവർത്തികളും സഹകാരിണികളും വിദ്യാസമ്പന്നകളും പരാർത്ഥജീവികളുമായ വനിതാരത്നങ്ങൾ തന്നെ ഉണ്ടല്ലൊ. പുറത്തുനിന്നും വേണ്ട സഹായസഹകരണങ്ങൾ ലഭിക്കുന്നതായിരുന്നാൽ ചിന്നമ്മ ആരംഭിച്ച ഈ സമുദായ യജ്ഞം നിർവ്വിഘ്നം തുടൎന്നു കൊണ്ടുപോകാമെന്നുള്ളതിന് തർക്കമില്ല. എന്നാൽ,

"ബ്രുവതേഹിഫലേന സാധവോ
ന തു കണ്ഠേന നിജോപയോഗിതാം"

എന്നു് നാം എല്ലാവരും ഓർമ്മിക്കേണ്ടതാണു്. അനുശോചനയോഗങ്ങളും മറ്റും വേണ്ടതുതന്നെ. എന്നാൽ നമ്മുടെ കർത്തവ്യം ഇത്രയുംകൊണ്ടു് അവസാനിച്ചു എന്നു വിചാരിച്ചുകൂട. അതു് ഇവിടെ ആരംഭിക്കുക മാത്രമാണു് ചെയ്യുന്നതു്. ഈ പരമാർത്ഥത്തെ നാം നല്ലതുപോലെ ഓർമ്മിച്ചു പ്രവൃത്തിക്കുന്നതായാൽ എല്ലാം സഫലമാകും.

ലോകത്തിൽ സമുദായസേവനത്തിനുള്ള സുവിസ്തൃതമാർഗ്ഗങ്ങൾ എല്ലാം തുറന്നുകിടക്കുകയാണു്. ആർക്കും പ്രവേശിക്കുന്നതിനു് ഒരു പ്രതിബന്ധവുമില്ല. എന്നാൽ മനുഷ്യർക്കു് പ്രായേണ സ്വാർത്ഥമയമായ ഇടുക്കുവഴിയാണു് സ്വീകാര്യമായി കാണുന്നതു്. ഇതു് സങ്കുചിതമനസ്ഥിതിയുടെ ഫലം തന്നെയാണു്. എന്നാൽ ഇപ്രകാരമുള്ളവരുടെ ജീവിതം യഥാർത്ഥത്തിൽ ഉദ്ദേശരഹിതവും ഫലശൂന്യവുമായി തന്നെയിരിക്കും. സമുദായസേവനത്തിന്റെ വില നാണയം കൊണ്ടല്ല കണക്കാക്കേണ്ടതു്. പങ്കസ്പർശം കൊണ്ടു് ഒരു കുസുമത്തിൽനിന്നും അതിന്റെ ശോഭ എങ്ങിനെ പോകുന്നുവോ, അതുപോലെതന്നെ സ്വാർത്ഥസമ്പർക്കംനിമിത്തം ഒരു സൽപ്രവൃത്തിയുടെ സൌഷ്ഠവം നശിച്ചുപോകുന്നു.

# ചില അദ്ധ്യാപകന്മാരെപ്പററിയുള്ള സ്മരണകൾ.

(വി. കെ. രാമൻമേനോൻ ബി. എ., എൽ. ടി.)

## (1) ശിവരാമപിള്ള.

ഇദ്ദേഹം തൃശ്ശിവപേരൂർ സക്കാർ ഹൈസ്കൂളിലെ ആദ്യത്തെ പ്രധാനാദ്ധ്യാപകനായിരുന്നതായിട്ടാണ് ഈ ലേഖകൻെറ അറിവ്. ലേഖകൻ ആദ്യമായി സ്കൂളിൽ ചെന്നപ്പോൾ പ്രധാനാദ്ധ്യാപകസ്ഥാനം വഹിച്ചിരുന്നതു് ഇദ്ദേഹം തന്നെയായിരുന്നു. മട്രിക്കുലേഷൻ പരീക്ഷമാത്രം ജയിച്ച ഇദ്ദേഹത്തിന്ന് മട്രിക്കുലേഷൻ ക്ലാസ്സിൽ കൂടി പഠിപ്പിക്കത്തക്ക വണ്ണമുള്ള യോഗ്യതയുള്ളതായി കേട്ടിട്ടുണ്ട്. കറുത്തു തടിച്ചും പല്ലും കണ്ണും ഒരുപോലെ ചുവന്നുംഇരിക്കുന്ന ഇദ്ദേഹത്തിൻെറ ആകൃതി കണ്ടാൽ ഏതു കുട്ടിയും ഭയപ്പെടാതിരിക്കയില്ല. ശബ്ദം അതിലധികം ഭയങ്കരമാണ്. "എടാ കഴുവേറി"എന്നാണ് ഈ ലേഖകനെ ആദ്യമായി സംബോധനചെയ്തതു്. പക്ഷെ ഇങ്ങിനെ കണ്ണുസുഖംകുറഞ്ഞ വാക്കുകൾ ലോഭംകൂടാതെ ചൊരിയുന്നത് അദ്ദേഹത്തിൻെറ ക്ലാസ്സിൽ സാധാരണയായിരുന്നു. അദ്ദേഹത്തിന്ന് ഏററവും വാത്സല്യമുള്ള കുട്ടികൾക്കാണത്രെ ഈ വക പ്രയോഗങ്ങൾ കേൾക്കാൻ അധികം സംഗതിയായിട്ടുള്ളതു്. ഇദ്ദേഹം കുട്ടികളെ ഒരിക്കലും തല്ലുന്നതു കണ്ടിട്ടില്ല. തല്ലിക്കുന്നതു് ധാരാളമായിരുന്നു താനും. കുട്ടികൾ തമ്മിൽ ശണ്ഠകൂടിയാൽ തല്ലുകൊണ്ട കുട്ടി തല്ലിയ കുട്ടിയെ അദ്ദേഹത്തിൻെറ മുമ്പിൽ വെച്ചുതന്നെ അടിക്കണമെന്നായിരുന്നു നിശ്ചയം. അടിക്കുന്നതു് വേദനയെടുക്കത്തക്കവിധത്തിലായിരുന്നില്ലെങ്കിൽ മറേറ കുട്ടിയെക്കൊണ്ടു് തല്ലിക്കുമെന്ന ഭീഷണിപ്പെടുത്താറുള്ളതുകൊണ്ടു് കുട്ടികൾ ശക്തി മുഴുവൻ പ്രയോഗിച്ചു് തല്ലാറുണ്ടായിരുന്നു ആകപ്പാടെ അദ്ദേഹം നല്ല ഭരണശക്തിയുള്ള അദ്ധ്യാപകനായിരുന്നു എന്നുള്ളതിന്ന് സംശയമില്ല. എങ്കിലും നാലഞ്ചു മാസത്തിനുള്ളിൽ അദ്ദേഹം സ്കൂളിൽനിന്നു പിരിഞ്ഞുപോയപ്പോൾ ലേഖകന്നു വളരെ ആശ്വാസമാണുണ്ടായതു്.

## (2) വീരഭദ്രൻപിള്ള.

ഇദ്ദേഹം പരമശുദ്ധനായിരുന്നു. ഇംഗ്ലീഷിൽ പരിജ്ഞാനം കുറവാകകൊണ്ടു് പ്രധാനാദ്ധ്യാപകൻ പറയുന്നതു് ഇദ്ദേഹം പലപ്പോഴും തെററാ

യി ധരിക്കയും അതുപോലെ കുട്ടികളെ തെററായി ധരിപ്പിക്കയും ചെയ്യുക നിമിത്തം കുട്ടികൾക്ക് പല തവണയും അബദ്ധം പററാറുണ്ട്. ഒരിക്കൽ ബ്രിട്ടീഷുറസിഡണ്ട് സ്കൂൾ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ ക്ലാസിലുള്ള കുട്ടികൾ കൂക്കിവിളിക്കയും മററുള്ള അധ്യാപകന്മാർ അവരെ ശാസിക്കയും ചെയ്യുകയുണ്ടായി. പ്രധാനാധ്യാപകൻ തലേദിവസം നല്കിയ ഉപദേശങ്ങളെ തെററായി മനസ്സിലാക്കിയതാണ് ഇതിന്നു കാരണം. ഈദ്ദേഹം ഇംഗ്ലീഷുവാക്കുകൾ ഉച്ചരിക്കുന്നതെല്ലാം ഒരു പ്രത്യേകരീതിയിലായിരുന്നു. മ്യസ്സുലൈൻ, ഫേമിനൈൻ(Masculine, Feminine) എന്ന് ഉറച്ചുച്ചരിക്കയും കുട്ടികളെക്കൊണ്ടുച്ചരിപ്പിക്കയും ചെയ്യുന്നതു കേട്ടിട്ട് അടുത്ത ക്ലാസുകളിലെ അധ്യാപകന്മാർ ചിരിക്കാറുണ്ട്. ഇദ്ദേഹം ക്ഷിപ്രകോപിയും ക്ഷിപ്രപ്രസാദിയുമാണ്. തെററുചെയ്ത കുട്ടികളുടെ നേരെ ചൂരൽവടിയുമായി ചെല്ലുന്നതുകണ്ടാൽ അവൎക്കു കഠിനശിക്ഷ അനുഭവിക്കേണ്ടിവരുമെന്ന് തോന്നുമെങ്കിലും അവരുടെ കണ്ണിൽനിന്നു വെള്ളംവീഴാൻ ഇടയായാൽ കൈകൊണ്ടു പുറത്തു തട്ടി അവരെ ആശ്വസിപ്പിക്കുന്നതായി കാണുന്നതും അപൂവ്വമല്ല. പരേതന്മാരായ നാരായണമാരാർദിവാൻജി, വി. കെ. ശങ്കരമേനോൻജഡ്ജിയും തന്റെ പ്രിയശിഷ്യന്മാരായിരുന്നു എന്ന് അദ്ദേഹം കുട്ടികളോടു കൂടക്കൂടെ സാഭിമാനം പറയാറുണ്ട്. ഇദ്ദേഹത്തിന്റെ ശിഷ്യവാത്സല്യത്തിന്നു അളവുണ്ടായിരുന്നില്ല. ലേഖകൻ സ്കൂളിൽ ചേൎന്നിട്ട് ഒരുകൊല്ലം കഴിയുന്നതിന്നു മുമ്പ് ഇദ്ദേഹം കാലഗതിയെ പ്രാപിച്ചു. ഇദ്ദേഹത്തിന്റെ ചരമവൃത്താന്തം സ്കൂളിൽ കേട്ടപ്പോൾ അധ്യാപകന്മാൎക്കും അധ്യേതാക്കൾക്കും അപാരമായ വ്യസനമുണ്ടായി. പ്രധാനാധ്യാപകൻ അന്ന് സ്കൂൾ മുടക്കുകയും വളരെക്കാലം അധ്യാപകജോലി നോക്കിയിരുന്ന വീരഭദ്രൻപിള്ളയുടെ ഗുണഗണങ്ങളെ വൎണ്ണിച്ച് ഒരു പ്രസംഗം ചെയ്കയും ഉണ്ടായി.

(3) എസ്. വെങ്കിടീശ്വരയ്യർ.

ഈദ്ദേഹം ഇപ്പോൾ പാലിയം മാനേജരായിരിക്കുന്ന വിശ്വനാഥയ്യരവർകളുടെ സഹോദരനാണ്. ദിവാൻ ബഹദൂർ ടി. എസ്. നാരായണയ്യർ അവർകളും. ദിവാൻ ബഹദൂർ കോഴിക്കോട്ടു രാവുണ്ണിമേനോൻ അവർകളും ഇദ്ദേഹത്തിന്റെ പ്രിയശിഷ്യന്മാരായിരുന്നു. വെങ്കിടീശ്വരയ്യരുടെ ബാലശിക്ഷയാണ് തന്നെ ഉന്നതസ്ഥാനത്ത് എത്തിച്ചത് എന്നു മിസ്റ്റർ രാവുണ്ണിമേനോൻ പലപ്പോഴും പറയാറുണ്ട്. വിദ്യാൎത്ഥികളെ തല്ലുകയൊ ദേഷ്യപ്പെടുകയൊ ചെയ്യാതേയും അവരോട് എപ്പോഴും സൗമ്യമായി സംസാരിക്കുന്ന ഒരു അധ്യാപകനാണ് മാതൃകാധ്യാപ

കണെങ്കിൽ വെങ്കിടീശ്വരയ്യരെ ഒരു മാതൃകാധ്യാപകനായി കരുതുവാൻ ഒരിക്കലും തരമില്ല.

അദ്ദേഹത്തിന്റെ അടിയുടെ വേദന ഇപ്പോഴും ഓക്കാത്ത ശിഷ്യരുണ്ടെന്നു തോന്നുന്നില്ല. കൈകൊണ്ടു പെകിട്ടത്തും ചൂരൽകൊണ്ടു പുറത്തുമാണു് സാധാരണ തല്ലാറുള്ളതു്. അതിനാൽ സ്കൂൾവിട്ടു പുറത്തിറങ്ങുമ്പോൾ മിക്ക കുട്ടികളുടെ പുറത്തും തല്ലിന്റെ പാടുണ്ടാകാതിരിക്കയില്ല. ഇങ്ങിനെഒക്കെ ആണെങ്കിലും അദ്ദേഹത്തെ ഒരു മാതൃകാധ്യാപകനായിട്ടാണു് അക്കാലത്തു് എല്ലാവരും ഗണിച്ചിരുന്നതു്. അക്കാലത്തു് ഒരു കുട്ടിക്കെങ്കിലും പ്രധാനാധ്യാപകനോടൊ രക്ഷാകർത്താക്കന്മാരോടൊ ഈ അധ്യാപകനെക്കുറിച്ചു് ആവലാതി പറവാൻ ധൈര്യമുണ്ടായിരുന്നില്ല. ഏതുവിധേനയെങ്കിലും കുട്ടികളെ നന്നാക്കി തീക്കണമെന്നു മാത്രമെ അദ്ദേഹത്തിനുദ്ദേശ്യമുണ്ടായിരുന്നുള്ളു. ഈ ഉദ്ദേശ്യം മിക്കവാറും ഫലിച്ചും കണ്ടിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സിൽ പഠിച്ചിട്ടു നേരെയാകാത്ത കുട്ടികൾ ഒരിക്കലും നേരെയായതായി കേട്ടിട്ടില്ല. ഏററവും മോശമായ കുട്ടിയേയും വടിയുടെ സഹായത്താലൊ മറെറതു വിധത്തിലൊ അദ്ദേഹം ഉയത്തി കൊണ്ടു വരാതിരുന്നിട്ടില്ല. ഇപ്പോഴത്തെ അഞ്ചാംക്ലാസിനോടു തുല്യമായ ഒരു ക്ലാസ്സിലാണു് അദ്ദേഹം പഠിപ്പിച്ചിരുന്നതെങ്കിലും ആ ക്ലാസ്സിൽ ഒരു കൊല്ലം പഠിച്ചവക്കു് ഇംഗ്ലീഷു് ഒരുവിധം തെററുകൂടാതെ എഴുതുവാൻ കഴിഞ്ഞിരുന്നു. നിത്യവും കുളിക്കുക, ശുചിയായും ശുഭ്രവസ്ത്രം ധരിച്ചും സ്കൂളിൽ വരിക, പുസ്തകങ്ങളെല്ലാം വൃത്തിയായി സൂക്ഷിക്കുക എന്നിവയിൽ അദ്ദേഹത്തിനുള്ള നിഷ്കർഷ അതി കലശലായിരുന്നു. അദ്ദേഹം പതിവായി ബോർഡിൽ എഴുതിത്തരുന്നതെല്ലാം നോട്ടുബുക്കിൽ വൃത്തിയായി എഴുതിക്കൊണ്ടുവന്നു് അദ്ദേഹത്തെക്കൊണ്ടു് അടയാളം വെപ്പിക്കണമെന്നു നിശ്ചയമുണ്ടു്. നോട്ടുബുക്കിലൊ കോപ്പിപുസ്തകത്തിലൊ മഷി പിരളുകയൊ മററുവല്ല വൃത്തികേടു കാണുകയൊ ചെയ്താൽ ശിക്ഷ അതി കഠിനമായിരിക്കും. ഒരു വെള്ളക്കുപ്പായം ധരിച്ചും തോളിൽ ഒരു വെളുത്ത മുണ്ടിട്ടുമാണു് പതിവായി അദ്ദേഹം സ്കൂളിൽ വന്നിരുന്നതു്. ഗവണ്ണരൊ വൈസ്രായിയൊ സ്കൂൾ സന്ദർശിക്കാൻ വന്നാലും അദ്ദേഹം ഈ വേഷത്തിനു ഭേദഗതി വരുത്തിയിരുന്നില്ല. കൊച്ചിൻ ആർഗസ്, വെസ്റ്റേൻസ്റ്റാർ എന്നീ ഇംഗ്ലീഷുപത്രങ്ങളിലേക്കു് ഇദ്ദേഹം കൂടക്കൂടെ ലേഖനങ്ങൾ അയച്ചിരുന്നു. തദ്രോഗം ബാധിക്കനിമിത്തം ഇദ്ദേഹത്തെ പണിയിൽനിന്നു പിരിക്കയും അവിടന്നു് അധികനാൾ കഴിയുന്നതിനുമുമ്പു് അദ്ദേഹം ഇഹലോകം വെടിയുകയും ചെയ്തു. ഇദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്.

## (4) വെള്ളിക്കാട്ടു് ശങ്കരമേനോൻ.

ഇദ്ദേഹം ഒരു കവിയും സംഗീതരസികനുമായിരുന്നു. പക്ഷെ കട്ടികളുടെ ഒരു കാരണവന്റെ നിലയിലല്ലാതെ ഒരു അദ്ധ്യാപകന്റെ നിലയിൽ ഒരിക്കലും ശോഭിച്ചിരുന്നില്ല. ക്ലാസിൽ അധികസമയവും ഉറക്കവും മനോരാജ്യവുമായിട്ടാണ് കഴിച്ചുകൂട്ടിയിരുന്നതു്. അതിനിടയ്ക്കു് കട്ടികൾ എന്തുചെയ്താലും അദ്ദേഹം അറിയില്ല. അദ്ധ്യാപകന്റെ സ്വഭാവം നല്ല നിശ്ചയമുള്ളതുകൊണ്ടു് പ്രധാനാദ്ധ്യാപകൻ കൂടക്കൂടെ ക്ലാസിൽ വന്നുകൊണ്ടിരിക്കും. ലഹളകൂട്ടുന്ന കട്ടികളെ അദ്ദേഹം തല്ലുന്ന ശബ്ദം കേൾക്കുമ്പോഴെ അദ്ധ്യാപകൻ മനോരാജ്യത്തിൽ നിന്നുണരുകയുള്ളു. ഉണന്നാൽ പഴയ എഴുത്താശാന്റെ കൂട്ടത്തിൽ കട്ടികളെ നിരത്തിനിത്തി തല്ലുക പതിവുണ്ടു്. എന്നാൽ ചില നിശ്ചയങ്ങൾ ഇദ്ദേഹത്തിനുണ്ടായിരുന്നു. പതിവായി പത്തു വരി ഇംഗ്ലീഷിലും പത്തു വരി മലയാളത്തിലും വൃത്തിയായി എഴുതിക്കൊണ്ടു വരികയും പതിപ്പത്തു വരി ഇംഗ്ലീഷ് പദ്യപാഠപുസ്തകത്തിൽനിന്നും മലയാളം പാഠമാലയിൽനിന്നും കാണാതെ പഠിച്ചുവരികയും ഇംഗ്ലീഷിലും മലയാളത്തിലും പത്തു വരി വീതം നാലു തെററിലധികം വരാതെ കേട്ടെഴുത്തെഴുതുകയും ചെയ്യണമെന്നുള്ളതായിരുന്നു നിശ്ചയങ്ങൾ. ഈ നിശ്ചയങ്ങൾ തെററിക്കുന്ന വിദ്യാത്ഥികൾക്കുണ്ടാവുന്ന ശിക്ഷയുടെ കാഠിന്യം പറഞ്ഞറിയിക്കാൻ പ്രയാസമാണു്. ചെവി രണ്ടും പിടിച്ചു പൊക്കുക, കിഴുക്കുക, പിച്ചുക മുതലായതുകൊണ്ടൊന്നും കോപം ശമിക്കാഞ്ഞിട്ടു് തെററുചെയ്ത വിദ്യാത്ഥിയെപ്പററി പല ആഭാസവാക്കുകൾ പറയുകയും ചെയ്യും. ഒരുവട്ടം തല്ലിക്കഴിഞ്ഞാൽ സ്വസ്ഥാനത്തു് പോയിരിക്കുമെങ്കിലും തല്ലു മതിയാക്കിയെന്നു് കട്ടികൾക്കു സമാധാനിക്കാൻ തരമില്ല. അവിടെയിരുന്നുകൊണ്ടു് പല അസഭ്യവാക്കുകൾ പറഞ്ഞതിന്റെ ശേഷം രണ്ടാമതും എഴുന്നേററുവന്നു് തല്ലുതുടങ്ങും. ഗുരുനാഥന്റെ ശ്രദ്ധ വേറെ ഒരിടത്തു പതിയാൻ ഇടയായില്ലെങ്കിൽ കട്ടിയുടെ ഗ്രഹപ്പിഴ അവസാനിക്കുന്നതു് എപ്പോഴാണെന്നു അറിവാൻ തരമില്ല. സ്വതേ ദയാലുവും പരസങ്കടത്തിൽ അനുഭാവമുള്ള ആളും ആയ ഇദ്ദേഹം കോപം വരുമ്പോൾ ഭ്രാന്തു പിടിപെട്ടതുപോലെ ആയിത്തീരാറുണ്ടു്. അദ്ദേഹത്തിന്റെ കഠിനശിക്ഷയിൽ നിന്നു് ഒഴിവാകാൻ രണ്ടുപായം മാത്രമുള്ളതായിട്ടാണു കേട്ടിട്ടുള്ളതു്. ഒന്നുകിൽ അദ്ദേഹത്തിനു ചിരിവരത്തക്കവണ്ണം എന്തെങ്കിലും പറകയൊ പ്രവത്തിക്കയൊ ചെയ്യണം. അല്ലെങ്കിൽ ബോധംകെട്ട മാതിരി താഴത്തു വീണുകിടക്കണം. രണ്ടാമത്തെ ഉപായം എല്ലായ്പ്പോഴും ഫലിച്ചു കണ്ടിട്ടുണ്ടു്. ഒരിക്കൽ ഒരു കട്ടി ഇപ്രകാരം ചെയ്തപ്പോൾ അദ്ധ്യാ

പകൻ പരിഭ്രമിച്ച് കുട്ടിയുടെ മുഖത്ത് വെള്ളംതളിച്ച് ഒരു ദിക്കിൽ കൊണ്ടുപോയി കിടത്തി. കുട്ടിക്കു തെററിനെക്കുറിച്ച് പാശ്ചാത്താപം തോന്നിയെന്നും കുട്ടി അതിബുദ്ധിയുള്ള ഒരുവനാണെന്നും ക്ലാസ്സിൽവെച്ചു പറകയുണ്ടായി. പിന്നീട് ആ കുട്ടിയെപ്പററി ആരോടെങ്കിലും സംസാരിക്കാൻ ഇടയായാൽ 'ബുദ്ധിയുള്ള കുട്ടി' എന്നു പറയാതിരിക്കയില്ല. അന്ന് എട്ടൊ ഒമ്പതൊ വയസ്സായ ഈ ലേഖകൻ ഒരിക്കൽ അദ്ദേഹത്തിൻെറ കോപത്തിനു ലക്ഷ്യമാകാൻ ഭാവിച്ചു. പക്ഷെ ഒരു മുതിന്ന കുട്ടി വന്ന് എടയിൽ ചാടിവീണ് "ഈ കുട്ടിയെ ഞാൻ തല്ലാൻ സമ്മതിക്കയില്ല" എന്നു പറഞ്ഞപ്പോൾ കോപം പെട്ടെന്നു ശമിക്കയും അദ്ദേഹം പൊട്ടിച്ചിരിക്കയും ചെയ്തു. നല്ല സമയമാണെങ്കിൽ ആൎക്കും എന്തും ചെയ്യാൻ അദ്ദേഹം മടിക്കാറില്ല. ഒരിക്കൽ സ്ക്കൂൾവക ഒരു സ്ലേററ് ലേഖകൻ പൊട്ടിച്ചതിനാൽ വേറെ സ്ലേററു വാങ്ങിക്കൊണ്ടുവരണമെന്ന് പ്രധാനാദ്ധ്യാപകൻ പറഞ്ഞതു നിമിത്തം വീട്ടുകാർ എന്തു പറയുമോ എന്നുവെച്ചു വ്യസനിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം അടുക്കെ വന്ന് വിവരം ചോദിച്ചറിയുകയും അങ്ങാടിയിലേക്കു കൂട്ടിക്കൊണ്ടുപോയി സ്ലേററു മാത്രമല്ല വേറെ ആവശ്യമുള്ള ചില പുസ്തകങ്ങളും വാങ്ങിച്ചു തരികയും ചെയ്തു. തൻെറ കയ്യിലുള്ള പണം ആൎക്കും സ്വാധീനമാണ്. ആൎക്കെങ്കിലും പണം കടം കൊടുത്താൽ തിരികെ ചോദിക്കുമെന്ന് കടംവാങ്ങിയ ആൾ ഭയപ്പെടേണ്ട ആവശ്യമില്ല. തിരികെ കൊടുത്താൽതന്നെ അത് എന്തു വകയാണെന്നുള്ള ഓൎമ്മ അദ്ദേഹത്തിനുണ്ടാകയില്ല. അതിനാൽ പലരും അദ്ദേഹത്തെ പററിക്കാറുണ്ട്. ഇദ്ദേഹത്തിൻെറ ക്ലാസിൽ ഒരുകൊല്ലം പഠിച്ചവൎക്ക് പ്രയോജനമൊന്നും ഉണ്ടായില്ലെന്ന് ആരും വിചാരിച്ചുപോകരുത്. പല ചരിത്രകഥകളും പഴമ്പുരാണങ്ങളും ഐതിഹ്യകഥകളും ക്ലാസിൽ പറയാറുള്ളതുകൊണ്ട് വിദ്യാൎത്ഥികൾക്കു പിന്നീട് ഉപയോഗമായിത്തീരുന്ന പല സംഗതികളും ഗ്രഹിക്കാനിടവന്നിട്ടുണ്ട്. മനോരാജ്യശീലമുള്ള ആളെക്കുറിച്ച് "അയാൾ ഒരു ശങ്കരമേനവനാണെ"ന്ന് ഇപ്പോഴും പറഞ്ഞുവരുന്നുണ്ട്. ക്ലാസിൽവെച്ചും വഴിയിൽവെച്ചും മനോരാജ്യത്തിൽ മുഴുകി തന്നത്താൻ സംസാരിക്കുകയും ചിരിക്കുകയും ചെയ്യുന്നതു് സാധാരണയായിരുന്നു. പല ഗുണങ്ങളും പല വിഷയങ്ങളെപ്പററിയുള്ള ജ്ഞാനവുമുള്ള അദ്ദേഹത്തിന് മുൻപറഞ്ഞ ചില ദോഷങ്ങൾ ഉണ്ടായിരുന്നതുനിമിത്തം 'ഒരു നല്ല അദ്ധ്യാപകൻ' എന്ന പേരു സമ്പാദിക്കാൻ കഴിഞ്ഞില്ല. ഏകദേശം നാല്പതു കൊല്ലത്തോളം അദ്ധ്യാപകജോലിയിലിരുന്ന അദ്ദേഹം അന്തരിച്ചിട്ട് പതിനഞ്ചു കൊല്ലത്തിലധികമായിട്ടില്ല.

### (5) എ. പി. സുബ്രഹ്മണ്യയ്യർ.

ഇദ്ദേഹത്തിന് ഇംഗ്ലീഷിലെന്ന പോലെ മലയാളത്തിലും നല്ല പാണ്ഡിത്യമുണ്ടായിരുന്നു. ഇദ്ദേഹം അന്ന് തൃശ്ശിവപേരൂർ സർക്കാർസ്കൂളിലെ പ്രധാനാദ്ധ്യാപകനായിരുന്നു. തല്ലാതേയും ഭയപ്പെടുത്താതേയും കാര്യങ്ങൾ എളുപ്പത്തിൽ പറഞ്ഞു മനസ്സിലാക്കാമെന്ന് ആദ്യമായി അനുഭവപ്പെട്ടതു് ഇദ്ദേഹത്തിന്റെ ക്ലാസിൽവെച്ചായിരുന്നു. പാഠങ്ങൾ രസകരമാക്കാൻ ഇദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്. ഏതു മടിയനായ കുട്ടിക്കും ഇദ്ദേഹത്തിന്റെ ക്ലാസിൽ പഠിക്കുന്നതു് ഒരു ശ്രമമായി തോന്നിയിരിപ്പാൻ വഴിയില്ല. ഇദ്ദേഹം അദ്ധ്യാപനാഭ്യാസം കഴിച്ച ആളായിരുന്നില്ലെങ്കിലും ഇദ്ദേഹത്തിന്റെ അദ്ധ്യാപനരീതി മനസ്സിലാക്കീട്ടുള്ളവർക്ക് ശിക്ഷാക്രമപരിശീലനം ആവശ്യമില്ലെന്നു പറയുന്നതു് ഒരു അതിശയോക്തി അല്ല. ബാലോദ്യാനരീതിയെപ്പററി അക്കാലത്തു് ആരും കേൾക്കകപോലും ചെയ്തിരുന്നില്ലെങ്കിലും ഇദ്ദേഹം കൊച്ചുകുട്ടികളെ പഠിപ്പിച്ചിരുന്നതു് ഈ രീതി അനുസരിച്ചായിരുന്നു. ഒരു ഉത്തമഅദ്ധ്യാപകൻ ഒരു നിശ്ചിതരീതിക്കു വഴിപ്പെടേണ്ട ആവശ്യമില്ലെന്നും രീതി അദ്ധ്യാപകന് വഴിപ്പെട്ടുകൊള്ളുമെന്നുമുള്ളതിലേക്ക് സുബ്രഹ്മണ്യയ്യർ ഒന്നാംതരം ദൃഷ്ടാന്തമാണ്. മേല്പറഞ്ഞ സംഗതികളിൽനിന്ന് ഇദ്ദേഹം വടി ഒരിക്കലും പ്രയോഗിക്കാത്ത ആളാണെന്ന് ആരും ധരിച്ചുപോകരുതു്. കളവുചെയ്യുക, നുണപറക, അസഭ്യവാക്കുകൾ ഉച്ചരിക്കുക എന്നിവ ചെയ്യുന്ന വിദ്യാർത്ഥികൾക്കു ദൃഷ്ടാന്തയോഗ്യമായ ശിക്ഷ കൊടുക്കാറുണ്ടായിരുന്നു. തെററുചെയ്ത കുട്ടിയെ സ്കൂൾഹാളിന്റെ മദ്ധ്യത്തിൽനിർത്തി കുററത്തിന്റെ സ്വഭാവവും അതിന്റെ നീചത്വവും എല്ലാ വിദ്യാർത്ഥികൾക്കും മനസ്സിലാകത്തക്കവണ്ണം ഒരു ചെറിയ പ്രസംഗം ചെയ്തതിന്റെ ശേഷം ഒരു വണ്ണമുള്ള ചൂരൽവടികൊണ്ട് മുപ്പതോ നാല്പതോ അടി അടിക്കുകയാണു പതിവ്. അദ്ധ്യാപകന്മാർ നേരംതെററി വരികയോ വേറെ വല്ല തെററുചെയ്കയോ ചെയ്താലും അവരേയും കഠിനമായി ശാസിച്ചിരുന്നു. ആ അവസരങ്ങളിൽ പ്രസംഗിക്കുന്നതു് ഇംഗ്ലീഷിലായിരിക്കുമെന്നു മാത്രമെ ഉള്ളു. വിദ്യാർത്ഥികൾ കേൾക്കെ അദ്ധ്യാപകന്മാരെ പരസ്യമായി ഇങ്ങനെ ശകാരിക്കുന്ന അദ്ദേഹത്തിന്റെ ശീലം അത്ര പ്രശംസിക്കത്തക്കതാണെന്നു പറവാൻ നിവൃത്തിയില്ല. ഏതു വിധമായാലും അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും അദ്ദേഹത്തെക്കുറിച്ചു് എന്തെന്നില്ലാത്ത ഭയമുണ്ടായിരുന്നു. പക്ഷെ പഠിപ്പിക്കുന്ന സമയത്തു് കുട്ടികളെ തല്ലുകയോ ദേഷ്യപ്പെടുകയോ ചെയ്യുന്നതു് അപൂർവമായിട്ടേ കണ്ടിട്ടുള്ളു. ഇദ്ദേഹത്തിന് സാമുദ്രികശാസ്ത്രത്തിൽ നൈപുണ്യമുണ്ടെന്നും മുഖലക്ഷണം കൊണ്ട് കുററംചെയ്ത ആളെ

കണ്ടുപിടിക്കാൻ സാധിക്കുമെന്നും അഭിമാനമുണ്ടായിരുന്നു. പക്ഷെ പലപ്പോഴും ആദ്ദേഹത്തിന്റെ ലക്ഷണങ്ങൾ പിഴക്കാറുണ്ട്. ഒരിക്കൽ ലേഖകൻ ഒരു കുട്ടിയെപ്പററി പലതെല്ലാം ബോർഡിൽ എഴുതുകയുണ്ടായി. സുബ്രഹ്മണ്യയ്യർ ക്ലാസിൽ വന്ന ഉടനെ അതു കാണുകയും ആരാണ് അതെഴുതിയതെന്ന് കുട്ടികളോടു ചോദിക്കയും ചെയ്തു. പക്ഷെ ആരും ഉത്തരമൊന്നും പറഞ്ഞില്ല. ഉടനെ തന്റെ ലക്ഷണവിദ്യാജ്ഞാനം പ്രയോഗത്തിൽ വരുത്താനായിട്ടെന്നപോലെ കുട്ടികളുടെ മുഖപരിശോധന വെടിപ്പായി കഴിച്ചു. പക്ഷെ പിന്നേയും എഴുതിയ കുട്ടിയെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ ഓരോ കുട്ടിയും ബോർഡുതൊട്ടു് എഴുതിയതു താനല്ലെന്നു പറയണമെന്ന് ആദ്ദേഹം വിധിച്ചു. കുട്ടികൾ ഓരോരുത്തരായി അപ്രകാരം ചെയ്തുതുടങ്ങി. ലേഖകനു വല്ലാത്ത പരിഭ്രമമായി. ഒന്നുകിലൊന്നു പറയണം; അല്ലെങ്കിൽ കുററം സമ്മതിക്കണം. രണ്ടിനും ധൈര്യമില്ലായിരുന്നു. ലേഖകൻ മുറ വന്നപ്പോൾ പതുക്കെ എഴുന്നേററു. ഉടനെ അദ്ധ്യാപകൻ 'നീ വേണ്ട. ഇതെഴുതുവാൻ കുറെ ജീവൻകൂടി വേണം' എന്നു പറഞ്ഞതിനാൽ ലേഖകനു വലിയ ആശ്വാസമായി. ഈ സംഗതി ലേഖകന്റെ മാതുലനോട് അഭിമാനത്തോടുകൂടി പറഞ്ഞപ്പോൾ, അദ്ദേഹം കോപിച്ചു് പിറേറദിവസം സുബ്രഹ്മണ്യയ്യരുടെ അടുക്കെ ചെന്ന് കുററം സമ്മതിച്ചു തെററുപറയണമെന്ന് ലേഖകനോടു പറഞ്ഞു. അങ്ങിനെ ആവാമെന്നു സമ്മതിച്ചെങ്കിലും അതു ചെയ്വാൻ ഭീരുത്വം സമ്മതിച്ചില്ല. എന്റെ വന്ദ്യഗുരുനാഥനെ ഇങ്ങിനെ വഞ്ചിച്ചതിൽ ഇപ്പോൾ വലിയ വ്യസനം തോന്നുന്നുണ്ട്. ഇനി അതിനെപ്പററി പറഞ്ഞിട്ടു ഫലമില്ലല്ലൊ. ആ സ്കൂളിൽ ആദ്യമായി ഒരു വിദ്യാത്ഥിസംഘം സ്ഥാപിച്ചതു് ഇദ്ദേഹമായിരുന്നു. സംഘത്തിന്റെ മിക്ക യോഗങ്ങളിലും ഇദ്ദേഹം ഹാജരാകയും നടപടികളിൽ പങ്കുകൊള്ളുകയും ചെയ്യാറുണ്ടായിരുന്നു. കുറെക്കാലം പ്രധാനാദ്ധ്യാപകന്റെ ജോലി സ്തുത്യർഹമാകുംവണ്ണം നിവ്വഹിച്ചശേഷം ഇദ്ദേഹം വിദ്യാഭ്യാസസൂപ്രണ്ടായി നിയമിക്കപ്പെട്ടു. പിന്നീടുള്ള അദ്ദേഹത്തിന്റെ ചരിത്രം അദ്ധ്യാപകന്റെ നിലയിൽ അദ്ദേഹം സമ്പാദിച്ച യശസ്സിന്ന് അനുരൂപമായിരുന്നില്ല. വിദ്യാഭ്യാസസൂപ്രണ്ടിന്റെ നിലയിൽ അദ്ദേഹം പല ആക്ഷേപങ്ങൾക്കും പാത്രമായി ഭവിച്ചു.

സ്വവർഗ്ഗപക്ഷപാതമൊ ആഫീസുഗുമസ്തന്മാരിലുള്ള അതിർകവിഞ്ഞ വിശ്വാസമൊ ഇതിനുള്ള കാരണമെന്നു പറവാൻ തരമില്ല. കുറെ കാലം കഴിഞ്ഞപ്പോൾ ഗവമ്മെണ്ടിനുതന്നെ ഇദ്ദേഹത്തിന്റെ പേരിൽ അതൃപ്തി ജനിക്കയും ഒരു ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായി ഇദ്ദേഹത്തെ നിയമിക്കയും ചെയ്തു. ഇദ്ദേഹത്തിന്റെ കീഴിൽ ഡിപ്പ്യൂട്ടിസൂപ്രണ്ടായി

ജോലിനോക്കിയിരുന്ന മിസ്റ്റർ മത്തായിയെ ചീഫ് ഇൻസ്പെക്ടരാക്കുകയും ചെയ്തു. പ്രധാനാദ്ധ്യാപകനായി സുബ്രഹ്മണ്യയ്യർ ചാർജ്ജെടുത്ത ദിവസം തന്നെ മിസ്റ്റർ മത്തായി സ്കൂൾ പരിശോധിക്കാൻ ചെന്നു. തന്റെ കീഴിൽ ജോലിനോക്കിയിരുന്ന ഒരാൾ തന്റെ സ്കൂൾ പരിശോധിക്കാൻ വന്നതു് അദ്ദേഹത്തിനു് ദുസ്സഹമായി തോന്നി. ഉടനെ അദ്ദേഹം അവധി എടുക്കുകയും ഹൃദ്രോഗം നിമിത്തം ഒരു മാസത്തിനുള്ളിൽ ചരമഗതിയടയുകയും ചെയ്തു.

(തുടരും)

# പിങ്ഗള.

(ഒരു വിചിന്തനം)

(തുടർച്ച)

(കെ. ആർ. കൃഷ്ണപിള്ള ബി. എ., ബി. എൽ.)

അപ്പുറം പിങ്ഗളയുടെ പ്രചണ്ഡമായ ആത്മോപാലംഭവും അതിനെത്തുടർന്നുണ്ടാകുന്ന അദ്ധ്യാത്മചിന്തകളുമാണു്. ഇവിടെ എല്ലാ പദ്യങ്ങളിലും തന്നെ അർത്ഥം, രസം, അലങ്കാരം മുതലായ കാവ്യഗുണങ്ങൾ അഹമഹമികയാ മികച്ചു നില്ക്കുന്നുണ്ടു്. ഉദ്ധരിക്കപ്പെടാൻ പ്രായേണ എല്ലാ പാട്ടുകളും നിർബന്ധിക്കുന്നതുപോലെ തോന്നുന്നതിനാൽ വിസ്തരഭയം കൊണ്ടു് ഞാൻ അവയെ അധികമായി ഉദ്ധരിക്കുന്നില്ല.

"അൻപൊന്നൊന്നില്ലല്ലോ ഹാ! ഞങ്ങൾക്കാരിലും;
അമ്പിൽമേലമ്പുണ്ടോ കാമനെയ്വു?
ഭാസുരമായിട്ടും കൃത്രിമരാഗത്തിൻ
പാഴ്സ്വരമാലകളല്ലോ ഞങ്ങൾ!
പൂരുഷക്കില്ലൊരു ക്രൂരനെന്നു ചൊൽവൂ ഞാൻ
നാരകശൃംഗാടദീപസ്തംഭം!
ഞൻകൊന്നമർത്ത്യർതൻ പ്രേതത്തിലല്ലയൊ
ഞാൻകാറിത്തുപ്പുന്നു? ശാന്തം പാപം!"

ഇങ്ങനെ പരുഷമായ ആത്മനിന്ദനത്തിന്റെ തിരക്കിൽ "ദൈവത്തെയോ

ക്കണെ" എന്ന ദാസിയുടെ അനുശാസനം പിങ്ഗളയുടെ ഹൃദയക്ഷത ത്തിൽ തൈലസേകംചെയ്യുന്നു.

"കാരണസാമഗ്രി പുഷ്കലമായിട്ടും
കാര്യത്തിനങ്കുരം കാണ്മീലല്ലൊ."

അതിനാൽ "ഇന്നത്തെപ്പോക്കിന്നു ദൈവമൊന്നില്ലെന്നു തോന്നുന്നീല" എന്നത്രെ പിങ്ഗളയുടെ ഊഹം. അത്രയെ ഉള്ളു. ഇന്നും അവളിൽ ശേഷിച്ചിരിക്കുന്ന അഹംകാരം നിമിത്തം ദൈവമെന്നൊന്നുണ്ട് എന്നുള്ള ബോധം സ്ഫുടമാകുന്നില്ല. എങ്കിലും ദൈവാനുഗ്രഹത്താൽ ഉത്തരക്ഷണത്തിൽ അവളുടെ അഹങ്കാരം പാടെ അസ്തമിക്കയും ജ്ഞാനദീപം മനസ്സിൽ ഉജ്വലിച്ചു തുടങ്ങുകയും ചെയ്യുന്നു. അപ്പോൾ പിങ്ഗളയുടെ വിശിഷ്ടവിചാരം ഇപ്രകാരമാണ്.

"ദൈവികമാമൊരുചൈതന്യം വേറിട്ടു-
ണ്ടീവിശ്വഭാണ്ഡത്തിന്നേകാധാരം.
ആയതിൻസാമ്യത്തിൽ ഖദ്യോതമാദിത്യൻ;
ആയതിൻവാമ്യത്തിലക്കൻകീടം.
മുപ്പാരുംദൈവാനുകൂല്യത്തിലാകാശം;
തൽപ്രാതികൂല്യത്തിലശ്മകുഡ്യം."

പിങ്ഗളയുടെ ചിത്തം ഇപ്രകാരം ഈശ്വരനിൽ ലയിച്ചുതുടങ്ങിയപ്പോൾ അതാ അല്പമെങ്കിലും സാരമായ വേറൊരു സംഭവം അവിടെ നടക്കുന്നു. ശ്രീരാമസ്വാമിയുടെ ഒരു പടം ചുവരിൽനിന്നു തെററി താഴെ വീണതിന്റെ ശബ്ദം പിങ്ഗള കേൾക്കുന്നു,

ജാനകീവല്ലഭന്റെ പടം മിഥിലാപുരിയിലെ എല്ലാ ഗൃഹങ്ങളിലും ഉണ്ടായിരിക്കുന്നതിൽ അത്ഭുതമില്ലതന്നെ. എങ്കിലും പിങ്ഗളയ്ക്കു ഈ പടവുമായി എന്തു സംബന്ധമാണുള്ളതു്.? യാതൊരു സംബന്ധവും ഇല്ലെന്നുതന്നെ കവിയും സമ്മതിക്കുന്നു.

"പിങ്ഗളയപ്പടം കൈക്രപ്പിയോളല്ല;
കൺകൊണ്ടു നോക്കിയോളല്ലതെല്ലം.
അങ്ങനെയൊന്നിനൊട്ടാശിച്ചോൾപോലുമ-
ല്ലങ്ങതാർതൂക്കിയോ-തൂങ്ങിപ്പോന്നു."

എന്നു മാത്രമെയുള്ളു. ഇപ്പോഴാകട്ടെ ആ പടം കൈയിലെടുത്തു് തന്റെ മുൻപിൽവെച്ചു ഭക്തിപൂർവം സ്വാമിയെ കൂപ്പി സ്തുതിക്കാൻ പിങ്ഗള സന്നദ്ധയായിത്തീർന്നിരിക്കുന്നു. ഈ അവസരത്തിൽ പിങ്ഗളയ്ക്കു സ്വാഭാവി

കമായുണ്ടായ ഹൃദയോദ്വേഗത്തെ കവി എത്ര ചമൽകാരമായി ഉപന്യസിച്ചിരിക്കുന്നു എന്നു നോക്കുക. ശ്രീരാമനെക്കുറിച്ചുള്ള സ്മരണയിൽ നിന്ന് ആ ദിവ്യപുരുഷൻെറ ധർമ്മപത്നിയെ ഒഴിച്ചു നിർത്താൻ പിങ്ഗളക്കു സാധിക്കുമോ.? സീതാദേവിയെ മാത്രമല്ല, ദേവിയെ ആദർശമാക്കി ഭാരതഭൂമിയിൽ ജീവിച്ചുപോരുന്ന കുലാംഗനമാരുടെ ഭാഗ്യാതിരേകത്തേയും അവൾ ഇപ്രകാരം വാഴ്ത്തുന്നു.

"പാവകൻതന്മുന്നിൽ പാണിതൻപാണിയോ-
ടേവനു ചേർക്കുവാൻയോഗമുണ്ടായ്;
ആയവനാരെങ്കിലെന്തവന്നാകെത്തൻ
കായവും പ്രാണനുംതീറുനല്കി;
സന്താനസൽഫലം ദാമ്പത്യധർമ്മമാം
സന്താനശാഖയിൽ നിന്നുനേടി;
തൻപതി,തൻധനം,തൻബലം,തൻഗതി,
തൻപരദൈവതമെന്നുതേറി;
സാവിത്രിതൊട്ടുള്ള സാധ്വികൾപോയൊരു
പാവനരഥ്യയിൽ പാദ്യംവെയ്പോർ;
ഹ്രീമുഖ്യഭൂഷന്മാർ;ആഹ്ലാദാർത്ഥം–ഐഹിക
മാമുഷ്മികം-രണ്ടു,മാണ്ടുകൊൾവോർ;
ആനന്ദമഗ്നമാ,രാതിഥ്യവ്യഗ്രമാർ;
മാനവീജീവിതമാർമ്മികമാർ;
സച്ഛരന്ധനിദ്രമാർ;സച്ഛന്ദനിശ്ശുദ്ധമാർ;
നിശ്ചലചിത്തമാർ;നിസ്പൃഹമാർ;
ധന്യമാർ-ധന്യമാർ-ആദ്വിതീയാശ്രമ-
പുണ്യപതാകമാർ ഭൂരമമാർ."

പിങ്ഗളയുടെ ഈ കുലസ്ത്രീപ്രശംസയിൽ അന്തർഭവിച്ചിട്ടുള്ള ആത്മോപാലംഭം എത്ര നിഷ്ഠുരമാണെന്നു വായനക്കാർക്ക് എളുപ്പത്തിൽ ഊഹിക്കാമല്ലൊ. ഈ പുണ്യവനിതകളുടെ വിശുദ്ധജീവിതത്തോടു സാദൃശ്യപ്പെടുത്തുമ്പോൾ തൻെറ ജീവിതം എത്ര ഹീനഹീനമാണെന്ന് ഇപ്പോൾ അവൾക്കു തോന്നാതിരിക്കുമോ.? വേശ്യാവൃത്തിയെക്കുറിച്ച് പിങ്ഗളക്കുള്ള ജുഗുപ്സയും തൻെറ അതീതജീവിതത്തെക്കുറിച്ചുള്ള നിർവേദവും ഇതാ പരമകാഷ്ഠയിൽ എത്തിയിരിക്കുന്നു. അതിനാലത്രെ,

"എന്നിലെച്ചെമ്പാരും കാണരുതെന്നോർത്തോ-
പൊന്നിൽ ഞാൻ മുക്കിനേൻഎൻശരീരം.?
വല്ലാതെപാതകനിസ്ധുവിൽതാഴാനോ-

കല്ലാകും ഭാരമെൻമെയ്യിൽപ്പൂണ്ടേൻ?
ദാസിയോ ദാസീകൃതാശേഷലോകഞാൻ?
ഹാ! ശരി! തൃഷ്ണക്കഗർഭദാസി!!
എന്നെയിട്ടാടിക്കും യന്ത്രികയാണവൾ;
എന്നുയിർതിന്നിടും കൃഷ്ണസർപ്പം!"

എന്നിങ്ങനെ അവൾ വിലപിക്കുന്നു. പിങ്ഗളയുടെ അഹംകാരഘോരാടവി ഇതാ നിർവേദദാവാഗ്നിയിൽ ദഹിക്കുന്നു. പ്രപഞ്ചത്തിന്റെ മിഥ്യാത്വം, സംസാരത്തിന്റെ നിസ്സാരത, ഭോഗങ്ങളുടെ ക്ഷണികത, ബ്രഹ്മപദത്തിന്റെ അനശ്വരമായ പരമാനന്ദം ഇതെല്ലാം അവളുടെ മനോദർപ്പണത്തിൽ സ്പഷ്ടമായി പ്രതിഫലിക്കുന്നു. ഗംഭീരങ്ങളായ അധ്യാത്മതത്വങ്ങളെ ചമൽക്കാരബഹുലമായ വിധത്തിൽ ഉപന്യസിച്ചു് അനന്തരപദ്യങ്ങളിൽ പിങ്ഗളയുടെ ചിന്താഗതി വർണ്ണിക്കപ്പെട്ടിരിക്കുന്നു.

"അങ്ങോട്ടുമിങ്ങോട്ടും രണ്ടറ്റം നിന്നുകൊ-
ണ്ടെംഭോജജയോനിയുമന്തകനും,
പിന്നെയും പിന്നെയും കാൽകൊണ്ടുതട്ടുന്ന
കന്ദുകമേതുതാൻ നീരജസ്കം?
പുൽക്കൊടിത്തുമ്പിലെ നീർത്തുള്ളി കാലത്തൊ-
ന്നർക്കൻതൻ ചെങ്കതിരേറ്റിടുമ്പോൾ-
വാർമഴവില്ലിലെ വർണ്ണങ്ങൾ വീശുന്നു;
കേമമായ് മിന്നുന്നു മാത്രനേരം;
അപ്പുറമാവിയായ് മായുന്നു; മൃദ്വ-
ദർപ്പമേ! നീയതു കണ്ടതുണ്ടോ?"

ദിങ്മാത്രമായി ഈ പാട്ടുകളെ എടുത്തു് ഉദാഹരിച്ചതേ ഉള്ളൂ. ഈ ഘട്ടത്തിലുള്ള പദ്യങ്ങളെല്ലാം തന്നെ ഇതുപോലെ സരസങ്ങളാണെന്നു പറയാൻ സംശയിക്കേണ്ടതില്ല. ഉപനിഷൽ സൂക്തങ്ങളെ കാവ്യഭാഷയിൽ പ്രതിവാദിക്കാൻ ഈ കവിക്കുള്ള നൈപുണ്യം പ്രശംസനീയം തന്നെ.

ദൂർവാദളശ്യാമളനായ ശ്രീരാമചന്ദ്രന്റെ ചിത്രത്തെ നോക്കി ഏകാഗ്രമായി നില്ക്കുന്ന പിങ്ഗളയെ കവി ഇപ്രകാരം വർണ്ണിക്കുന്നു.

"ചുറവുമങ്ങുള്ളൊരു വസ്തുവിലൊന്നിലും
ചെറുമേ ചേരുവാൻ ചിന്തിക്കാതെ
അമ്മുന്നിൽ മിന്നിടും ചിത്രത്തിൽതന്നംഗി
തൻമിഴിലഗ്നമായ് തീർന്നിതപ്പോൾ.
ഇന്ദ്രനീലോപലമന്ദുരയ്ക്കുള്ളിൽ ചെ-
ന്നിന്ദ്രിയവാജികൾ നില്ക്കയായി;
ആളാനതാപിഛബദ്ധമായ് കാണായി
ബാലൻതൻ ചിത്തമാം മത്തദന്തി."

അനന്തരം അവൾ ഉച്ചരിക്കുന്നതും ഭക്തിരസാർദ്രമായ രാമസ്തുതിയുടെ സ്വാരസ്യം വായനക്കാരുടെ ഹൃദയത്തിൽ ഗാഢമായ രസാനുഭൂതിയെ ജനിപ്പിക്കാതിരിക്കയില്ല. തൃഷ്ണാതിരേകത്താൽ കാമുകന്മാരെ പ്രതീക്ഷിച്ച് ക്ഷുബ്ധഹൃദയായിരുന്ന ആ ഗണിക ഇപ്പോൾ ആശാബന്ധങ്ങളെല്ലാം ഛേദിച്ച് ജീവന്മുക്തയായി ശാശ്വതപ്രേമത്തിനു വശംവദയായിത്തീർന്നിരിക്കുന്നു.

"ആരുമായ് ചേരുകിലപ്പുറം വേർപാടി-
ല്ലാരുമായ്മോദിക്കിൽ ഖേദമില്ല;
ഹാ! മറവുവല്ലഭരെന്തിനു? മൽപ്രിയ-
നാമട്ടിലുള്ള വനന്തര്യാമി;
അന്തഃപുരത്തിങ്കലേകാന്തവശ്യനായ്
സന്തതം തന്നീശനുല്ലസിക്കേ,
ആച്ചിന്താരത്നത്തിൻസ്വാമിനിക്കെങ്ങനെ
വാച്ചിട്ടുമാഗ്രഹം മറ്റൊന്നിങ്കൽ?"

ഇങ്ങിനെയുള്ള ഭർത്താവിലാണ് പിങ്ഗളയുടെ പ്രേമം ഇപ്പോൾ ബന്ധിച്ചിരിക്കുന്നത്. പ്രേമമാണല്ലോ ഭക്തി. ഇത്രമാത്രമല്ല, അല്പസമയത്തിനു മുൻപ്

"സൗവർണ്ണവർണ്ണ ഞാൻ സൗന്ദര്യപൂർണ്ണ ഞാൻ
യൗവനയുക്ത ഞാൻ ലക്ഷ്മിതാൻ ഞാൻ."

ഇങ്ങിനെയെല്ലാം അഹംകരിച്ചിരുന്ന പിങ്ഗള ഇപ്പോൾ തന്റെ സ്ഥിതിയെ വർണ്ണിക്കുന്നത് ഇപ്രകാരമാണ്.

"മാനസമറ്റോൾ ഞാൻ; വാസനപോയോൾ ഞാൻ;
മായതൻമാറാല മാറിയോൾ ഞാൻ;
ഷഡ്വർഗ്ഗാതീത ഞാൻ; സ്വാതന്ത്ര്യാരൂഢ ഞാൻ;
ഇഷ്ടവും ദ്വിഷ്ടവും വിട്ടവൾ ഞാൻ;
സത്യം ഞാൻ; ജ്ഞാനം ഞാൻ; ശക്തി ഞാൻ; ശാന്തി ഞാൻ;
സത്തു ഞാൻ; ചിത്തു ഞാൻ; ആനന്ദം ഞാൻ;
ബുദ്ധ ഞാൻ; സിദ്ധ ഞാൻ; ശുദ്ധ ഞാൻ; മുക്ത ഞാൻ;
ദഗ്ദ്ധമെൻ സർവ്വസ്വം, ദഗ്ദ്ധം ദഗ്ദ്ധം."

ഹാ! ദേവദേവന്റെ കാരുണ്യത്താൽ പിങ്ഗളയ്ക്കു സിദ്ധിച്ചിരിക്കുന്ന അവസ്ഥാന്തരം ധന്യധന്യം തന്നെ. അവളുടെ പ്രപഞ്ചബന്ധം മുഴുവൻ ദഹിച്ചുകഴിഞ്ഞു. 'ദാഹ്യാഭാവേന വിദ്യാശിഖിനി ചവിരതേ തന്മയീഖലാവസ്ഥാ" എന്നു നാരായണഭട്ടതിരി വർണ്ണിക്കുന്ന ബ്രഹ്മാനന്ദദശയിൽ അവൾ ലയിച്ചുകഴിഞ്ഞു. അങ്ങനെയുള്ള ഈ സുകൃതിനിയെ ശാന്തിരസാർദ്രങ്ങളായ പാട്ടുകൾകൊണ്ടു കവി ഇപ്രകാരം സംബോധനം ചെയ്യുന്നു.

"വിശ്രാന്തിപൂണ്ടാലും ഭ്രാതാവേശംവിട്ടു
വിജ്വരമായ് തീൎന്ന വീണാവാണി!
പ്രീതിയിൽനിന്നോട്ടു മേളിപ്പാൻതയ്യാറായ്
നേദിഷ്ഠദേശത്തിൻനിദ്രനിൽപൂ.
ഇട്ടിക്കിൻസദാശയാകുമമ്മാതാവി-
ന്നൽരാത്രാഗമമാല്യമല്ലോ.
അൻപാൎന്നോളൂരട്ടേവിനീണ്ണാളാഴ്സ്വേർപെട്ട
നിൻബാല്യകാലത്തേലാത്രിയല്ലീ?
ജ്ഞാനമാംവിണ്ണാററിലാറാടിമേവുംനി-
ന്നായന്ദബാഷ്പത്തിൻശീകരത്തെ
ആശിസ്സുചൊല്ലിട്ടും മന്ദാനിലാതിഥി-
ക്കാചമനീയമായ് നല്കിയാലും.
ജാലകമാർഗ്ഗമായ് ത്തിങ്കളിൻവെണ്കതിർ
ചാലവെനിൻമെയ്യിൽ വീശിടട്ടെ;
ശക്തിയാലിമാവിൽദഗ്ദ്ധനാംകാമൻതൻ
വിഗ്രഹംനീറിനഭസ്മംപോലെ."

ഈ പാട്ടുകളുടെ അൎത്ഥസൗകുമാര്യവും അവയിൽ പ്രയോഗിച്ചിരിക്കുന്ന അലങ്കാരങ്ങളുടെ ഔചിത്യസാരസ്യങ്ങളും കാവ്യരസജ്ഞന്മാർ ആലോചിച്ചു രസിക്കതന്നെ വേണം. പറഞ്ഞറിയിക്കാവുന്നതല്ല.

കല്ലും കേവണവും ഒരുപോലെ സുന്ദരമായിരുന്നാൽ ആഭരണത്തിനു ദീപ്തിപ്രകർഷം സിദ്ധിക്കുമെങ്കിൽ അനവദ്യമായ ഭാഷാവിലാസവും ഉൽകൃഷ്ടകാവ്യഗുണങ്ങളും കലൎന്നുള്ള ഈ ഖണ്ഡകാവ്യം അതിപ്രശസ്തമായിട്ടുണ്ടെന്നുള്ളതിന്ന് സംശയമില്ല. മലയാളത്തിലെയും സംസ്കൃതത്തിലെയും ശബ്ദസംഘാതം ഇത്ര സ്വച്ഛന്ദമായി കൈകാര്യം ചെയ്യാൻ തക്കവണ്ണം സ്വാധീനപ്പെട്ടിട്ടുള്ളവരും ഇത്ര അക്ലിഷ്ടമധുരമായി അവയെ യോജിപ്പിച്ച് സാഹിത്യനിൎമ്മാണം ചെയ്യാൻ കഴിവുള്ളവരുമായ കവികളെ ഇക്കാലത്തു വളരെ കാണ്മാനില്ലതന്നെ. ഇതാണ് ഭാഷാരീതിയെ സംബന്ധിച്ചേടത്തോളം 'പിങ്ഗള'യുടെ പ്രധാനവൈശിഷ്ട്യം. 'ദുർല്ലളിതോല്ലാസി' 'ദഗ്ദ്ധരൂപം' മുതലായ സംസ്കൃതശൈലികൾ മലയാളത്തിൽ ഭംഗിയായി ഉപയോഗിക്കാവുന്നവയാകയാൽ നമ്മുടെ സാഹിത്യകാരന്മാർ അവയ്ക്കു സ്വാഗതം നൽകുമെന്നത്രെ എനിക്കു തോന്നുന്നതു്. അന്വയക്ലേശം മുതലായ വൈകല്യങ്ങൾ ഇതിൽ ഒരിടത്തും എനിക്ക് അനുഭവപ്പെടുകയുണ്ടായില്ല.

രമണീയാർത്ഥപ്രതിപാദകമായ ശബ്ദം കാവ്യമെന്നോ, രസാത്മകമായ വാക്യം കാവ്യമെന്നൊ, അദോഷങ്ങളും സഗുണങ്ങളും സാലങ്കാരങ്ങളുമായ ശബ്ദാൎത്ഥങ്ങളുടെ സംയോഗം കാവ്യമെന്നോ—എങ്ങിനെ നിർവ

ഷിച്ചാലും 'പിങ്ഗള' ഒരു കാവ്യംതന്നെയെന്ന് സഹൃദയന്മാർ സമ്മതിക്കാതിരിക്കയില്ല. നവനവങ്ങളായ ആശയങ്ങളും പ്രൗഢമായ അർത്ഥകല്പനയും ചേതോഹരങ്ങളായ ഉല്ലേഖങ്ങളും സന്ദർഭോചിതമായ രസപ്രകടവും ഈ കാവ്യത്തിൽ എവിടേയും നമ്മെ ആഹ്ലാദിപ്പിക്കുന്നു. ചമൽക്കാരജനകമായ അലങ്കാരപ്രയോഗത്തിലും കവി നമ്മുടെ ശ്ലാഘയെ നല്ലവണ്ണം അർഹിക്കുന്നുണ്ട്. ഉപമ, ഉൽപ്രേക്ഷ, രൂപകം, ശ്ലേഷം (മിക്കവാറും പ്രകൃതശ്ലേഷങ്ങളാണ്) നിദർശന, ദൃഷ്ടാന്തം മുതലായ അലങ്കാരങ്ങളെ ഒന്നും അസ്ഥാനത്തിലാകാതേയും എല്ലാം മനോഹരമായും തെരുതെരെ പ്രയോഗിച്ചിരിക്കുന്നതു നോക്കുക. മേൽ ഉദ്ധരിച്ച പാട്ടുകളിൽ തന്നെ ഇതിലേക്ക് ധാരാളം ഉദാഹരണങ്ങളുള്ളതിനാൽ മററു പാട്ടുകളെ ഉദ്ധരിക്കേണ്ടതില്ല. ഒരു പാട്ടിനെക്കുറിച്ചു മാത്രമെ വേണ്ടായിരുന്നു എന്ന് എനിക്കു തോന്നുന്നുള്ളു.

"ഐളനെപ്പുൽകിനാളുർവശി; വിത്താഢ്യ-
രൈളരെയൊക്കയുമീവധൂടി;
രൂപത്തെക്കാമിച്ചാളത്തയ്യൽ; ഇപ്പെണ്ണാ-
ളൂപയെ-അത്രയ്ക്കേ ഭേദമുള്ളു."

ഈ കാവ്യത്തിലെ മററു പാട്ടുകളോട് ചേർന്നുനിൽക്കാൻ ഇതിനു യോഗ്യതയുണ്ടെന്ന് എനിക്കു തോന്നിയില്ല. ഇതിലെ ആശയമൊ, അലങ്കാരമൊ, ഫലിതമൊ എല്ലാം അവയുടെ കൂട്ടത്തിൽ നിഷ്പ്രഭമായി വിളറിപ്പോകുന്നു. ചിലതു് അർത്ഥത്തിലും, ചിലതു പദഘടനയിലുമായി, ആസഭ്യങ്ങളായ ഫലിതപ്രയോഗങ്ങളും ഈ കാവ്യത്തിൽ ഇല്ലാതില്ല. സച്ചരിത്രരായ ജനങ്ങൾപോലും പിങ്ഗളയെ കൊതിച്ചു പുറപ്പെട്ടപ്പോൾ അവരുടെ വിചാരത്തേയും ചാപല്യത്തേയും കുറിച്ചു കവി പറയുന്നു.

1. "ആവട്ടെഭുക്തിമുമ്പപ്പുറം മുക്തിയാം
'ഭാ'വിന്നുപിമ്പല്ലീ 'മാ'വരേണ്ടു.
2. പ്രേക്ഷാവന്മൌലികൾ നിർഗ്ഗുണബ്രഹ്മത്തെ
സാക്ഷാൽകരിച്ചോരാം യോഗിമാരും
'തത്ത്വമസ്യാ'ദിമവാക്യമപ്പെണ്ണോടു
ശുദ്ധമേ മത്തരായോതിനിന്നാർ."

വേശ്യയെ പരിഗ്രഹിക്കുന്നവൻ ശാല്മലിയായി ജനിക്കുമെന്നുള്ള പുരാണവാക്യം സ്മരിച്ചപ്പോൾ അവർക്കുണ്ടായ സമാധാനം ഇങ്ങനെയാണ്.

"തെല്ലാടലെന്തിന്നു? പാഴിലവായോഞാൻ
പുല്ലായോപോകട്ടെപൂഴിയായൊ
ഉത്തരമൈഥിലവീഥിയിൽ വീണ്ടുമെൻ
വിത്തുതപായ് വീഴില്ലെന്നാരുകണ്ടു."

വേറൊരിടത്തു് കവി പറയുന്നു.

1. "എന്തിന്നുവിസ്തരം? ഇതാന്തോനിതാരമ്പൻ
പന്തിക്കുവീശിനോരാവലയിൽ
സമ്പ്രാപ്തർ സമ്പ്രാപ്തർ വീഴ്കയായ് മന്നിലെ-
ത്തമ്പ്രാക്കൾ തൊട്ടെഴും പ്രാക്കളെല്ലാം.
2. ഉർവിയിൽ തത്വാവബോധത്തിന്നേവക്കും
നിർവേദം പോലേതുവേറെ വേദം.?"

ഇനിയും ഉദാഹരണങ്ങൾ കാണിക്കാവുന്നതാണ്. വാത്മീകി, വ്യാസൻ മുതലായി സംസ്കൃതത്തിലേയും എഴുത്തച്ഛൻ, നമ്പിയാർ, ചെറുശ്ശേരി മുതലായി മലയാളത്തിലേയും പൂർവ്വമഹാകവികളുടെ കൃതികളുമായി പരമേശ്വരയ്യരവർകൾക്കു് ഗാഢപരിചയം ഉണ്ടെന്നു മാത്രമല്ല, ആ മഹാകാവ്യങ്ങളെയാണ് തന്റെ സാഹിത്യപരിശ്രമത്തിന്നു് ആദർശമായി അദ്ദേഹം സ്വീകരിച്ചിട്ടുള്ളതെന്നും അദ്ദേഹത്തിന്റെ കാവ്യങ്ങൾ വിശദീകരിക്കുന്നു. ആ മഹാകാവ്യങ്ങളിലെ ആശയങ്ങളെയെല്ലാം അപഹരിച്ചു് അദ്ദേഹം തന്റെ കാവ്യങ്ങളിൽ നിബന്ധിച്ചിട്ടുണ്ടെന്നല്ല ഇതിന്റെ അർത്ഥം.

ഛായാമപഹരതികവിഃ
പദമേകം പാദമേകമർദ്ധംവാ
സകലനിബന്ധനഹർത്രേ
സാഹസകർത്രേനമസ്തുഭ്യം.

എന്ന പഴയ പദ്യം വളരെ അർത്ഥവത്താണ്. പൂർവ്വമഹാകവികളുടെ ചില ആശയങ്ങളെ സ്വകൃതിയിൽ ഭംഗ്യന്തരേണ പ്രതിപാദിക്കയെന്നതു് മിക്ക ഭാഷയിലേയും സാഹിത്യകാരന്മാർ ചെയ്തിട്ടുള്ളതായി കാണാം.

വൈദേഹിപശ്യാമലയാദ്വിഭക്തം
മത്സേതുനാഫേനിലമംബുരാശിം
ഛായാപഥേനേവശരൽപ്രസന്ന-
മാകാശമാവിഷ്കൃതചാരുതാരം.

രാവണവധാകഴിഞ്ഞു തിരിച്ചുപോകുമ്പോൾ രാമൻ സീതയോടു പറയുന്നതായി രഘുവംശം പതിമൂന്നാംസർഗ്ഗത്തിൽ കാളിദാസൻ എഴുതിയിട്ടുള്ള ശ്ലോകമാണിതു്. ഈ ഉപമയുടെ ഗാംഭീര്യവും സൗന്ദര്യവും ആലോചനാമൃതം തന്നെ. എന്നാൽ ഇതിന്റെ ബീജം കാണണമെന്നുള്ളവർ വാത്മീകിയുടെ യുദ്ധകാണ്ഡം 22-ാംസർഗ്ഗത്തിൽ നോക്കട്ടെ. സേതുബന്ധനം പൂർത്തിയായപ്പോൾ ആ ആദികവി പറയുന്നതു്.

സനളേനകൃതസ്സേതുസ്സാഗരേമകരാലയേ
ശുശുഭേസുഭഗശ്രീമാൻസ്വാതീപഥഇവാംബരേ.

എന്നാണ്. കാളിദാസൻ ഇതിനെ വികസിപ്പിച്ചു് മോടിപിടിക്കയാണ്

ചെയ്യുതെന്ന് നാം ശങ്കിച്ചുപോകുന്നില്ലേ? രണ്ടു കവികൾക്ക് പരസ്പരാപേക്ഷ കൂടാതെ ഈ വിധത്തിൽ ഒരേ ഉപമ തോന്നിക്കൂടെന്നും പറയാവുന്നതല്ല. എങ്കിലും കാളിദാസകൃതികളിൽ നിന്നു നമുക്കു ലഭിക്കുന്ന സാഹിത്യസമ്പത്തിൽ വാത്മീകിയുടെ കലവറയിൽ നിന്നെടുത്ത പല വിഭവങ്ങളും കാണ്മാനുണ്ടെന്നു ഓർമ്മിക്കണം.

"ക്ഷുധിതസ്യ പസിംഹസ്യ മൃഗശത്രോസ്തരസ്വിനഃ
ആശീവിഷസ്യ വദനാൽ ദംഷ്ട്രാമാദാതുമിച്ഛസി."

എന്ന് യതിരൂപധാരിയായ രാവണനോട് സീത പറയുന്ന അർത്ഥത്തെ

ആസ്വാദിതദ്വിരദശോണിതശോണശോഭാം
സന്ധ്യാരുണാമിവ കലാം ശശലാഞ്ഛനസ്യ
ജൃംഭാവിദാരിതമുഖസ്യ മുഖാൽ സ്ഫുരന്തീം
കോ ഹർത്തുമിച്ഛതി ഹരേഃ പരിഭൂയ ദംഷ്ട്രാം

എന്നിങ്ങനെ വിശേഷണബഹുലമായ ആർഭാടത്തോടുകൂടി വിശാഖദത്തൻ ചാണക്യനെക്കൊണ്ടു പറയിക്കുന്നതു നോക്കുക. ഇത്തരം എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും കാണിക്കാം.

'പിങ്ഗള'യിലും ഇതുപോലെ ഒരു ഉദാഹരണം കാണിയ്ക്കാം. ശ്രീരാമധ്യാനത്തിൽ ലയിച്ചുനില്ക്കുന്ന പിങ്ഗളയെ പരമേശ്വരയ്യരവർകൾ വർണ്ണിക്കുന്ന പദ്യം മുമ്പ് ഉദ്ധരിച്ചിട്ടുള്ളതു നോക്കുക.

'കിരാതം' പ്രബന്ധത്തിൽ അർജ്ജുനന്റെ സമാധിയെ നാരായണഭട്ടതിരി ഇപ്രകാരം വർണ്ണിക്കുന്നു.

ഇന്ദ്രിയപഞ്ചകതുരഗാ-
നിന്ദ്രസുതോ ഹൃദയമന്ദുരാനിലയേ
ചന്ദ്രാഭരണസ്തംഭേ
ഹന്ത ബബന്ധാശു ധൈര്യപാശേന

ഈ പദ്യങ്ങൾ തമ്മിലുള്ള ആശയസാമ്യവും വ്യത്യാസവും പ്രത്യക്ഷമല്ലേ? ഇതുപോലെയുള്ള ഛായാനുകരണങ്ങൾ പ്രായേണ എല്ലാ കാവ്യങ്ങളിലും കാണാവുന്നതാണ്. സാഹിത്യപണ്ഡിതന്മാർ ഇതിനെ ആക്ഷേപഹേതുകമായി ഗണിക്കാറുമില്ല.

ഈ അനുപ്രസക്തവാദം നില്ക്കട്ടെ. മി: പരമേശ്വരയ്യർ പൂർവ്വമഹാകവികളെ ആദർശമായി സ്വീകരിച്ചിരിക്കുന്നു എന്നു പറഞ്ഞതിൽ ഇതൊന്നുവല്ല എന്റെ വിവക്ഷ. സരളമായ പദഗുംഫനം, ആശയങ്ങളുടെ പ്രൗഢത, പ്രതിപാദനരീതിയുടെ ഗൗരവം, സന്ദർഭശുദ്ധി മുതലായ വിഷയങ്ങളിൽ ആ പൂർവ്വഗുരുക്കന്മാരുടെ സരണിയെത്തന്നെയാണ് അദ്ദേഹം അവലംബിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിലാഷ

അതിദൂരം ഫലിച്ചിട്ടുണ്ടെന്നുള്ള വസ്തുത അദ്ദേഹത്തിനും മലയാളവായനക്കാൎക്കും ഹൎഷാവഹമാണല്ലൊ. കൃഷ്ണഗാഥയിലെ പാട്ടുകൾക്ക് അടുത്തു നില്ക്കാനും, ചിലേടത്തു് ഒപ്പം നില്ക്കാനും യോഗ്യതയുള്ള പല പദ്യങ്ങളും ഈ ഗാഥയിൽ കാണുന്നു.

ഭാരതഭൂമിയുടെ "മാഹാത്മ്യമോൎത്തിട്ടു മനസ്സലിഞ്ഞീടുന്ന" ഒരു ദേശീയ കവിയായിട്ടുമാണ് ഈ കാവ്യത്തിൽ മി: പരമേശ്വരയ്യരെ കാണുന്നതു്. താൻ ഒരു ഭാരതീയനാണെന്നുള്ള ദൃഢമായ അഭിമാനവും അദ്ദേഹത്തിനുണ്ടു്. ഈ കാവ്യത്തിന്റെ ഒരു സാമാന്യാവലോകനംതന്നെ ഇതിലേക്കു മതിയായ സാക്ഷ്യം നൽകുന്നതാണ്. വിശിഷ്യ ഉത്തരമിഥിലയേയും സീതാരാമാദികളേയും വൎണ്ണിക്കുന്ന സന്ദൎഭങ്ങളിൽ ഈ മനസ്ഥിതി എത്ര സ്പഷ്ടമായിരിക്കുന്നു എന്നു നോക്കുക. ഇതിനെല്ലാം പുറമെ കാവ്യത്തിന്റെ അവസാനഘട്ടത്തിൽ ഒരിടത്തു് അദ്ദേഹം ഭാരതോൎവിയെ പ്രശംസിച്ചു ഇപ്രകാരം ഗാനം ചെയ്യുന്നു.

“നാലാശവെൽകയാൽദൃപ്തമാംലോഭത്തിൻ
ചേലാളുംമേടയേയേതുഭൂവിൽ
സൎവ്വാശാജൈത്രിയാംശാന്തിതൻപുല്ക്കുടിൽ
ഖൎവ്വാതിഖൎവ്വമായ്ക്കണ്ടീടുന്നു;
ചന്ദനംപൂശട്ടെ; ശസ്ത്രാസ്ത്രമെയ്യട്ടെ;
വന്നാവർവന്നാവർ—ഒപ്പം രണ്ടും
ഏല്ക്കുവാൻശീലിച്ച ഹൃത്തുള്ള മക്കളെ
മേല്ക്കുമേലേതുഴിപെററീടുന്നു;
വിശ്വത്തെത്തന്നിലും,വിശ്വത്തിൽതന്നെയും
ശശ്വത്തായ് കാട്ടുമാറേതുഭൂമി,
അദ്ധ്യാത്മജ്ഞാനമാമത്യാശ്ചൎയ്യാഞ്ജനം
നിത്യവുംലോകത്തിൽദൃക്കിൽതേയ്പൂ;
ആനൃശംസ്യാകല്പംമാനസം; യാതൊന്നി-
ലാനുകൂല്യാകല്പാലോചനാന്തം,
ദേഹികനന്ത്യാലങ്കാരംതൻജിഹ്വാഗ്രം,
ലോകോപകാരാലംകാരംപാണി,
അഞ്ജലികൂപ്പുന്നേൻ-അമ്മട്ടിൻശോഭിപ്പോ
ളെൻജനയിത്രിയാംഭാരതോൎവ്വി:
ഔപനിഷദോക്തിസന്താനവല്ലികൾ-
ക്കൗപമ്യമില്ലാത്തോരാരാമോൎവ്വി”

സത്യവുംതന്നെ. അൎദ്ധനഗ്നഭൈരാഗിയെന്നു മിസ്റ്റർ ചർച്ചിലിനാൽ അധിക്ഷിപ്തനായ മഹാത്മാഗാന്ധിയുടെ ഹസ്തസംജ്ഞയെ അനുസരി

ക്കാൻ ഭാരതീയർ—സ്ത്രീകളും പുരുഷന്മാരും—ആബാലവൃദ്ധം ഇതാ സന്നദ്ധരായി നില്ക്കുന്നു. അവർക്ക് അങ്ഗീകാര്യമായ ഭരണപദ്ധതിയെ നിർമ്മിക്കുന്നതിനും സമാധാനവും സംതൃപ്തിയും സ്ഥാപിക്കുന്നതിനും ഭരണാധികാരികൾ നിഷ്കിഞ്ചനനായ ഈ മഹാത്മാവിനോടാണ് ആലോചിക്കേണ്ടിയിരിക്കുന്നതു്. ഇങ്ങിനെയുള്ള കാഴ്ച ലോകത്തിൽ മറേറതു രാജ്യത്തെങ്കിലും സംഭാവ്യമാണെന്നോ? എന്നാൽ ഭാരതീയർക്ക് ഇതിൽ അത്ഭുതം തോന്നുന്നില്ല. അവരുടെ ആശയാദർശങ്ങളേയും തദ്വാരാ ലൗകിക ശ്രേയസ്സിനേയും ഏതുകാലത്തും നയിച്ചുപോന്നതു് ഏതാദൃശരായ മഹാത്മാക്കളത്രെ. വിവിധകാരണങ്ങളാൽ ഇടക്കാലത്തു മറഞ്ഞുകിടന്നിരുന്ന ഈ മഹിമാതിരേകം ശാണഘർഷണത്താലെന്നപോലെ വീണ്ടും തെളിഞ്ഞുവരുന്ന ഈ അവസരത്തിൽ ഇങ്ങിനെയുള്ള ഗാനങ്ങൾക്കു സവിശേഷമായ ആസ്വാദ്യതയും ഔചിത്യവും ഉണ്ടായിരിക്കുമല്ലൊ?

മാതൃഭാഷയെ മാതൃനിർവിശേഷം സ്നേഹിച്ച് അതിൻെറ ഉൽക്കർഷത്തിനായി ത്രിവിധകരണങ്ങളേയും സമർപ്പിച്ചിട്ടുള്ള ഒരു പണ്ഡിതാഗ്രേസരനാണ് ഈ കവിതിലകൻ. ഭാഷയിലൊ ഭാഷാസാഹിത്യത്തിലൊ താല്പര്യമുള്ള കേരളീയർക്ക് അദ്ദേഹത്തോടുള്ള കടപ്പാടു ബഹുലവും നാനാമുഖവുമാണെന്നുള്ള പരമാർത്ഥത്തെ അനുസ്മരിച്ചുകൊണ്ടു് ഈ വിചിന്തനത്തെ അവസാനിപ്പിക്കാം.

# കാർഷികവിദ്യാഭ്യാസമാണ് നമുക്കു വേണ്ടതു്.

(സി. ആർ. കൃഷ്ണപിള്ള ബി. എ., എൽ. ടി.)

വിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യം എന്തു്? അതു് ജീവിതോദ്ദേശ്യത്തെ സംബന്ധിച്ചതായിരുന്നാൽ കൊള്ളാമല്ലൊ. മനുഷ്യജീവിതത്തിൻെറ ഉദ്ദേശ്യത്തെപ്പററി പല മഹാന്മാരും ഭിന്നരൂപത്തിലാണ് അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു്. ഇവയിൽ സാമാന്യം സമ്മതമായിട്ടുള്ള ഒന്ന് "ജീവിതോദ്ദേശ്യം ആനന്ദം അനുഭവിയ്ക്കുകയെന്നുള്ളതാണ്." വിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യവും ആനന്ദാനുഭവമാണെന്നും തന്നെ ഗണിയ്ക്കാം. വിദ്യാഭ്യാസം ആനന്ദം നല്കുന്നതെങ്ങിനെ. ജീവിതം പരാശ്രയം കൂടാതെ കഴിച്ചുകൂട്ടുന്നതു ആനന്ദപ്രദമല്ലയൊ. സ്വപ്രയത്നംകൊണ്ടു കാലക്ഷേപം സുഖ

മായി കഴിച്ചുകൂട്ടുന്നതിൽ കൂടുതലായ ആനന്ദം മററു ഏതുവകയിൽ ഉണ്ടാകും. അതിനാൽ യാവനൊരുത്തനെ സ്വന്ത പരിശ്രമംകൊണ്ടു തൃപ്തിയോടും സന്തോഷത്തോടും കൂടി ജീവിതം കഴിയ്ക്കുന്നതിന് സഹായിക്കുന്നൊ അതാണ് ശരിയായ വിദ്യാഭ്യാസം. ഇത്തരം വിദ്യാഭ്യാസമാണ് നമുക്ക് ഇവിടെ വേണ്ടതു്.

തിരുവിതാംകൂറിൽ ഇപ്പോൾ നടപ്പുള്ള വിദ്യാഭ്യാസ സമ്പ്രദായം ഈ ഉദ്ദേശത്തെ നിറവേററത്തക്കതാണൊ. തീർച്ചയായും അല്ല. അന്യരാജ്യങ്ങളെ അപേക്ഷിച്ചു വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നില്ക്കുന്നവെന്നു ഘോഷിയ്ക്കപ്പെടുന്ന ഇവിടെ സ്കൂൾ വിട്ടതിന്റെ ശേഷം യാതൊരു തൊഴിലും കൂടാതെ അലസന്മാരായി ആഡംബരത്തോടുകൂടി അലഞ്ഞുതിരിയുന്ന യുവജനങ്ങളുടെ സംഖ്യതന്നെ ഇതിനെ പ്രത്യക്ഷമാക്കുന്നില്ലയൊ.

ഇവിടെ പാഠശാലകളിൽ കുട്ടികളെ അയയ്ക്കുന്നതിന്റെയും അവരെ പഠിപ്പിയ്ക്കുന്നതിന്റെയും ഉദ്ദേശമായി രക്ഷകർത്താക്കന്മാർ കരുതി വരുന്നതു ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ അവർ പ്രവേശിച്ചു് മാസപ്പടി വാങ്ങി മാനമായി കാലക്ഷേപം നിർവ്വഹിയ്ക്കുമെന്നുള്ളതാണ്. ആദ്യകാലങ്ങളിൽ ഈ ഉദ്ദേശ്യം ഏറെക്കുറെ സാദ്ധ്യമായി ഭവിച്ചിരുന്നുവെങ്കിലും, ഇക്കാലത്തു ഉന്നതപരീക്ഷാബിരുദകം സമ്പാദിച്ചവൎക്കുപോലും ഉദ്യോഗം കിട്ടുക എന്നതു് ദുസ്സാദ്ധ്യമെന്നല്ലാ മിക്കവാറും അസാദ്ധ്യമായും തീൎന്നിട്ടുണ്ട്. അതിനാൽ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യമായി ലാക്കാക്കേണ്ടതു് ഉദ്യോഗസമ്പാദനമല്ലെന്നു തീർച്ചപ്പെട്ടുകഴിഞ്ഞുവല്ലൊ.

നാം കൃഷിക്കാരാണ്. നമ്മുടെ രാജ്യത്തു കൃഷിയ്ക്കല്ലാതെ മററു തൊഴിലുകൾക്ക് സൌകര്യം കുറവാണ്. മിക്കവാറും കൃഷികൊണ്ടുപജീവിക്കുന്ന നാം കൃഷിയെ അഭിവൃദ്ധമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി അന്വേഷണം ചെയ്യേണ്ടതു് ആവശ്യമാകുന്നു. നമ്മുടെ സംസ്ഥാനത്തു വരുത്തേണ്ട പരിഷ്കാരങ്ങളെല്ലാം കൃഷിയെ ആശ്രയിച്ചാണിരിക്കേണ്ടതു്. പരിഷ്കാരങ്ങളുടെ കേന്ദ്രം ഗവൎമ്മെണ്ടാകയാൽ ഗവൎമ്മെണ്ടിന്റെ ശ്രദ്ധ കൃഷിപരിഷ്കാരത്തിൽ പ്രത്യേകം പതിയേണ്ടതല്ലയൊ. ഇതിലേയ്ക്കായി ഇവിടെ ഒരു കൃഷി ഡിപ്പാർട്ടുമെൻറു ഏർപ്പെടുത്തിയിട്ടു വളരെക്കാലമായെങ്കിലും പറയത്തക്ക നിലയിൽ ഇതുകൊണ്ടു് പ്രയോജനം ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. എന്താണ് ഇങ്ങിനെ വരാനെന്നുള്ളതിനെപ്പററി ആരെങ്കിലും ഗാഢമായി ചിന്തിച്ചിട്ടുണ്ടൊ. ഈ ഡിപ്പാർട്ടുമെൻറിന്റെ ആദ്ധ്യക്ഷം വഹിക്കുന്നതു് അതിസമൎത്ഥനായ ഒരു നാട്ടുകാരനാണ്. എന്നാൽ അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ഉപകാരപ്രദങ്ങളായ കാൎയ്യങ്ങളിൽ വേണ്ട പണം ചിലവിടാൻ ഗവൎമ്മെണ്ടിന്നു സൌകൎയ്യപ്പെടാത്തതു നിമിത്തമാണ് ഡിപ്പാർട്ടുമെൻറു പ്രവൎത്തി ശോഭിയ്ക്കാതിരിക്കുന്നതു്.

ഇൻഡ്യയിൽ ഇപ്പോൾ ഉള്ള കൃഷിഡയറക്ടർമാരിൽ വച്ചു അദ്വിതീയനാണ് നമ്മുടെ ഡയറക്ടർ കുഞ്ഞൻപിള്ള എന്നു പുറമെതന്നെ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പ്രശസ്തി ഇൻഡ്യാ മുഴുവനുമെങ്കിലും പരന്നിട്ടുമുണ്ട്. യൂറോപ്പിൽ പരിശീലനം ചെയ്തിരുന്ന കാലത്തു് ഗുരുജനങ്ങളുടേയും സഹപാഠികളുടേയും പ്രത്യേക പ്രശംസയ്ക്കു് ഇദ്ദേഹം പാത്രീഭവിച്ചിരുന്നു. സഹപാഠികളുടെ കൂട്ടത്തിൽ ഇദ്ദേഹത്തിന്റെ പിന്നണിയിൽ നിന്നവരിൽ ഇപ്പോൾ രണ്ടായിരവും മൂവ്വായിരവും രൂപാ മാസപ്പടി വാങ്ങുന്നവരുമുണ്ട്. നമ്മുടെ ഡയറക്ടറുടെ യോഗ്യതകളെ ഗണിയ്ക്കുമ്പോൾ അദ്ദേഹത്തിന് ഇവിടെനിന്ന് നല്കിവരുന്ന ശമ്പളം തുഛമാണെന്നാണ് ഇവർ പറയാറുള്ളതു്. ഇത്ര സമർത്ഥനാണ് കുഞ്ഞൻപിള്ള അവർകൾ എന്നുവരുകിലും നമുക്ക് കൃഷി ഡിപ്പാർട്ടുമെൻറുകൊണ്ടു് വലിയ പ്രയോജനം ഉണ്ടായിട്ടില്ലെന്നു സമ്മതിച്ചേ തീരു. ഇതിനുള്ള കാരണങ്ങളെപ്പററി ചിന്തിയ്ക്കുമ്പോഴാണ് തിരുവിതാംകൂറിലെ വിദ്യാഭ്യാസരീതിയിലും പൊതുവിലുള്ള ഭരണരീതിയിലും കുററം ആരോപിക്കുവാൻ ഇടയാകുന്നതു്.

നമുക്കു ഇവിടെ രാജ്യഭരണത്തിന് അനേക ഡിപ്പാർട്ടുമെൻറുണ്ടെങ്കിലും കൃഷിഡിപ്പാർട്ടുമെൻറിന്റെ സ്ഥാനം വളരെ താണ പടിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് രാജ്യഭരണ ഡിപ്പാർട്ടുമെൻറുതന്നെ പ്രത്യക്ഷമാക്കുന്നു. കൃഷിക്കാരാൽ അധിവസിയ്ക്കപ്പെടുന്ന ഈ സംസ്ഥാനത്തു് കൃഷിഡിപ്പാർട്ടുമെൻറിനല്ലയൊ പ്രഥമസ്ഥാനം നല്കേണ്ടതു്. ഇവിടത്തെ ഒന്നാമത്തെ ഡിപ്പാർട്ടുമെൻറായി ഗണിയ്ക്കപ്പെട്ടിരിയ്ക്കുന്നതു ഭൂനികുതി വകുപ്പാണല്ലൊ. ഇതിന്റെ പ്രധാനകൃത്യം കൃഷിക്കാരിൽനിന്ന് നികുതി പിരിച്ചെടുക്കുകയെന്നുള്ളതാണ്. ഭൂനികുതി മനസ്സില്ലാമനസ്സോടുകൂടിയാണല്ലൊ ഇപ്പോൾ കൊടുക്കാറുള്ളതു്. ഇതിനുകാരണം ഭൂമിയിൽനിന്ന് കിട്ടുന്ന വിളവ് മുൻകാലങ്ങളെ അപേക്ഷിച്ചു് വളരെ കുറഞ്ഞുപോയിരിക്കുന്നുവെന്നുള്ളതാണ്. ഇവിടെ കർഷകന്മാർ കൃഷി നടത്തിവരുന്നതു് ഇപ്പോൾ പഴയ മാമൂൽപടിതന്നെ. നിലം ഉഴുന്നതിലും വിത്തു് വിതക്കുന്നതിലും വളം ചെയ്യുന്നതിലും പണ്ടത്തെ സമ്പ്രദായങ്ങളെത്തന്നെ ഇന്നും അനുകരിക്കുന്നുവെന്നുവേണം പറവാൻ. കാലം ചെല്ലുന്തോറും തുടരെത്തുടരെയുള്ള കൃഷികൊണ്ടു ഭൂമിക്കു വീര്യം കുറഞ്ഞുവരുന്നുവെന്നും തന്നിമിത്തം വിളവ് മോശമായിത്തീരുന്നുവെന്നുമുള്ളതിന് കൃഷിക്കാർതന്നെ അനുഭവസ്ഥരാണ്. എന്നാൽ ഈ ന്യൂനതയെ പരിഹരിയ്ക്കേണ്ട മാർഗ്ഗങ്ങളെപ്പററി അവർ ആരായുന്നില്ല. വിളവ് എത്ര കുറഞ്ഞാലും നികുതി കാലാകാലത്തിനടച്ചേ തീരൂ. നികുതി പിരിയ്ക്കുന്നതിൽ മാത്രമെ നമ്മുടെ ഒന്നാമത്തെ ഡിപ്പാർട്ടുമെൻറു നിഷ്കർഷിയ്ക്കാറുള്ളു.

പ്രിയ ഗുരുനാഥന്മാരെ ഒന്നു ശ്രദ്ധിയ്ക്കണെ! ജനക്ഷേമത്തെ കാംക്ഷിക്കുന്ന ഗവർമ്മെണ്ടിന്റെ ശ്രദ്ധ അധികം പതിയേണ്ടതു് ഏതു വഴിയ്ക്കാണു്. ഭൂനികുതി പിരിക്കുന്നതിലൊ ഭൂവിളവു് വർദ്ധിപ്പിയ്ക്കുന്നതിലൊ ഏതിലാണു്. അതു് ഭൂവിളവു് വർദ്ധിപ്പിയ്ക്കാനായിരിയ്ക്കുമെന്നുള്ളതിനു് സംശയമുണ്ടോ?. അതിനാൽ ഗവർമ്മെണ്ടിന്റെ ശ്രദ്ധയെ ഭൂവിളവു് വിഷയത്തിൽ ആകർഷിയ്ക്കുന്നതിനു് കൃഷിക്കാരും അവരുടെ പ്രതിനിധികളാകുന്ന പ്രജാസഭാമെമ്പറന്മാരും കൌൺസിൽ മെമ്പറന്മാരും പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണു്.

നമ്മുടെ കൃഷി അഭിവൃദ്ധമായി ഭവിയ്ക്കുന്നതിനു് ജനങ്ങൾമാത്രം പ്രവർത്തിച്ചാൽ പോരാ. എന്നല്ലാ സ്വതേതന്നെ ജനങ്ങൾ ഈ വിഷയത്തിൽ വേണ്ട അന്വേഷണബുദ്ധിയോടുകൂടിയവരല്ല. പൊതുജനങ്ങൾക്കു് ഇതിൽ പ്രത്യേകശ്രദ്ധ ഉണ്ടാകണമെങ്കിൽ പുത്തൻ പുത്തൻ കൃഷിരീതികളെ അടിയ്ക്കടി അവരുടെ മുൻപിൽ പ്രദർശിപ്പിച്ചു് ഫലം അനുഭവപ്പെടുത്തിക്കൊടുക്കേണ്ടതാണു്. ഇതിലേയ്ക്കു് വേണ്ട പണം ചിലവുചെയ്യുന്നതിനു് ഗവർമ്മെൻറു് സദാ സന്നദ്ധരായിരിയ്ക്കുമെങ്കിലെ ഫലം പ്രത്യക്ഷപ്പെടുകയുള്ളു. പണച്ചിലവു് ഉചിതംപോലെ ക്രമീകരിക്കുന്നതിനും കൃഷിവിഷയത്തിൽ തക്കതായ ഉപദേശങ്ങൾ നല്കി ഗവർമ്മെണ്ടിനെ ധൈര്യപ്പെടുത്താനും ഡിപ്പാർട്ടുമേലധികാരിയും റസിൽബന്ധികളും നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിയ്ക്കണം. ഇതു് വേണ്ടപോലെ സാദ്ധ്യമാകണമെങ്കിൽ കൃഷിഡിപ്പാർട്ടുമെൻറിനെ പ്രഥമഗണനീയമാക്കി വയ്ക്കേണ്ടതു് ആവശ്യമാണു്.

നല്ല കാര്യങ്ങളെ നാട്ടിൽ പരത്തുന്നതിനും ഗുണകരമായ വഴികളിൽകൂടി പ്രയോജനകരങ്ങളായ ജ്ഞാനബീജങ്ങളെ ചുററുപാടും വിതയ്ക്കുന്നതിനും സഹായമായിരിക്കുന്നതു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറാണല്ലൊ. കൃഷീവലന്മാരായ നമ്മുടെ സഹോദരന്മാരുടെ ഇടയിൽ കർഷകവൃത്തിയെ അഭിവൃദ്ധമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെ വിതരണം ചെയ്യുന്നതിനു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനോളം ഉപകരിക്കുന്ന വഴി മറെറാന്നുമില്ല. കുറച്ചുമുമ്പു ചങ്ങനാശ്ശേരി സർവീസ് സൊസൈററി സ്കൂളിന്റെ ഉൽഘാടനകർമ്മം നടത്തിയ ദിവാൻ ബഹദൂർ രാഘവയ്യാ ദിവാൻജി അവർകൾ ചെയ്ത പ്രസംഗത്തിൽ ഇവിടത്തെ വിദ്യാലയങ്ങളിൽ കൃഷിവിഷയം പഠിപ്പിയ്ക്കേണ്ടതിന്റെ ആവശ്യത്തെപ്പററി പ്രത്യേകം ചൂണ്ടിക്കാണിച്ചിരുന്നതു് വായനക്കാരിൽ പലരെങ്കിലും ഓർക്കുന്നുണ്ടായിരിക്കുമല്ലൊ.

അതിനാൽ സാധാരണ വിദ്യാഭ്യാസത്തോടുകൂടി ശാസ്ത്രീയമായും പ്രായോഗികമായും കാർഷികവിദ്യാഭ്യാസവും നാട്ടിൽ പരത്തുന്നതിനു് ഭാരവാഹികൾ യത്നിയ്ക്കേണ്ടതാണു്. കൃഷിക്കാരായ നാട്ടിൻപുറങ്ങളിൽ താമസക്കാർക്കു് നൽകുന്ന വിദ്യാഭ്യാസത്തിൽ കർഷകവൃത്തി സംബന്ധിച്ചുള്ള വിഷ

യങ്ങൾക്കും അവയെ പ്രദാനം ചെയ്യേണ്ട രീതികൾക്കും ഒരു വലിയ സ്ഥാനം കൊടുക്കുന്നതു് ഉചിതമായിരിയ്ക്കും. ഇത്തരത്തിലുള്ള ഒരു വിദ്യാഭ്യാസ പദ്ധതി സ്വരൂപിക്കുന്നതിന് വിദ്യാഭ്യാസമേധാവിയും കൃഷിഡിപ്പാർട്ടുമെൻറു് അദ്ധ്യക്ഷനും തമ്മിൽ കൂടി ഗാഢമായി ചിന്തിയ്ക്കേണ്ടതാണ്.

നമ്മുടെ കൃഷിഡയറക്ടർ അന്യസാധാരണമായ ബുദ്ധിവികാസം കൊണ്ടും ഉൽകൃഷ്ട വിദ്യാഭ്യാസഗുണംകൊണ്ടും പൊതുജനസമ്മതനായി ത്തീർന്നിട്ടുള്ള നാട്ടുകാരനും നാട്ടുകാരുടെ അഭ്യുദയത്തിൽ പ്രത്യേക താല്പര്യത്തോടുകൂടിയ ആളുമാണല്ലൊ. ഇവിടെ ആവശ്യമുള്ള വിദ്യാഭ്യാസം കൃഷകവൃത്തിയെ പലവിധത്തിൽ സഹായിക്കത്തക്ക രീതിയിലുള്ളതായിരിക്കണമെന്നാണല്ലൊ പറഞ്ഞതു്. അതുകൊണ്ട് പുതുതായി പരിഷ്ക്കരിക്കണമെന്ന് വിചാരിക്കുന്ന വിദ്യാഭ്യാസഗതികളെപ്പററി ചിന്തിച്ച വേണ്ടതു് സ്വരൂപിക്കുന്നതിൽ പ്രധാഭാഗം വഹിക്കേണ്ടതു് കൃഷിഡയറക്ടർ തന്നെയായിരിക്കണം.

പരിഷ്കരിക്കാൻ തുടങ്ങുമ്പോൾ പ്രത്യേകം ചിന്തിക്കേണ്ടതായ ചില സംഗതികളെപ്പററി അല്പം ഇവിടെ സൂചിപ്പിക്കുന്നതു് അസ്ഥാനത്തിലായി വരികയില്ലെന്നു വിശ്വസിക്കുന്നു.

തിരുവിതാംകൂറിലെ വിദ്യാഭ്യാസം അടിമുതൽ മുടിവരെ—പ്രാഥമിക വിദ്യാലയങ്ങൾ തുടങ്ങി കലാശാലാ ബിരുദസമ്പാദനം വരെയുള്ളതു്—ഏററക്കുറെ കൃഷകവൃത്തിയെ സംബന്ധിക്കുന്ന തരത്തിൽ പെട്ടതായിരിക്കണമെന്നുള്ളതാണ്. അദ്ധ്യയനത്തിലും പാഠപദ്ധതിയിലും ഗണ്യമായ ബന്ധം കൃഷിവിഷയത്തിനുണ്ടായിരിക്കണം.

അദ്ധ്യാപകന്മാർക്ക് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകൾക്കുംപുറമെ നാട്ടിനോടും നാട്ടുകാരോടും പ്രത്യക്ഷത്തിൽ സ്ഥായി ഉണ്ടോ എന്നറിയേണ്ടതും ആവശ്യമാണ്. നിവൃത്തിയുള്ളിടത്തോളം അവരെ ഇവിടത്തെ കൃഷകസമുദായത്തിൽ നിന്നുതന്നെയാണ് തിരിഞ്ഞെടുത്തു് നിയമിക്കേണ്ടതു്. ഇങ്ങിനെയായാൽ ഇവർക്ക് കൃഷികാര്യങ്ങളോട് സംഘടിച്ച് അവരുടെ തൊഴിൽ നടത്തുന്നതിനു എളുപ്പമുണ്ടായിരിക്കയില്ലയൊ? ഇവർ ദുരഭിമാനം ദൂരത്തെറിഞ്ഞു്, നിലം ഉഴുക, പറമ്പ് കിളക്കുക, പുല്ലു പറിക്കുക എന്ന വേലകളിൽ ശ്രദ്ധയുള്ളവരും ഉചിതംപോലെ അവ നടത്തി ശിഷ്യഗണങ്ങൾക്കു മാർഗ്ഗദർശികളായിത്തീരുന്നവരുമായിരിക്കയില്ലയൊ? ഇപ്പോഴത്തെ കഥ ഇതിൽനിന്ന് എത്ര വ്യത്യസ്ഥപ്പെട്ടിരിക്കുന്നു. താഴ്ന്ന പടിയിൽ ഇന്നാട്ടുകാരായി അദ്ധ്യാപകന്മാർ ധാരാളം ഉണ്ടെങ്കിലും ഇവരുടെ കൂട്ടത്തിൽ കൃഷികുഡുംബങ്ങളിൽപെട്ടവർ പോലും കലപ്പയൊ മൺവെട്ടിയൊ തൊടുന്നതു തങ്ങളുടെ അഭിമാനത്തിന് പോരാത്തതെന്നാണ് വിചാരിക്കാറുള്ളതു്. സ്വദേശികളോട് സ്വതഃതന്നെ പുച്ഛരസം പുറപ്പെ

ടുവിക്കാറുള്ള വിദേശീയാദ്ധ്യാപകന്മാരുടെ കഥ പറവാനുണ്ടോ? അദ്ധ്യാപകന്മാർ കൃഷിക്കാരായിരിക്കണമെന്നും അവർ കർഷകവൃത്തികളെ നിന്ദ്യമായി കരുതാതെ സന്തോഷത്തോടുകൂടി അവയെ സ്ഥായിയായി കൈക്കൊള്ളണമെന്നും നിർബന്ധം ഉണ്ടാകുമ്പോൾ കൃഷിത്തൊഴിൽ ആത്മാഭിമാനത്തിന് പ്രതികൂലമായിട്ടുള്ളതല്ലെന്നുള്ള ബോധം അവരുടെ ഉള്ളിൽ ജനിക്കയില്ലയൊ? ഇത്രയുമായാൽ അദ്ധ്യാപകന്മാരുടെ പ്രവൃത്തികൾ അനുകരിക്കുന്നതിന് കുട്ടികൾക്കു നിർവ്യാജമായ സന്തോഷം ഉണ്ടാകയും അദ്ധ്യാപകന്മാരോട് അവർക്കുള്ള ഭക്ത്യാദരങ്ങളും അദ്ധ്യാപകന്മാർക്ക് ശിഷ്യന്മാരോടുള്ള സ്നേഹവാത്സല്യങ്ങളും കൂടിവരികയും തന്മൂലം പണ്ടത്തേപ്പോലെ ഗുരുശിഷ്യബന്ധത്തിനു ഉറപ്പു് കൂടുകയും ചെയ്യുന്നതാണ്. ഇത്തരം നിഷ്കളങ്കമായി പ്രവർത്തിക്കുന്ന അദ്ധ്യാപകന്മാരുടെ കീഴിൽ അഭ്യസനം ചെയ്യുന്ന കുട്ടികൾ സ്കൂൾ വിട്ടുകഴിഞ്ഞാൽ കൃഷിപ്പണി ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനും സ്വന്തപരിശ്രമംകൊണ്ട് അവനവന്റെ കാലക്ഷേപം സംതൃപ്തിയോടുകൂടി സുഖമായി കഴിക്കുന്നതിനും സന്നദ്ധരായി ഭവിയ്ക്കയില്ലയൊ? ഇങ്ങിനെ വരുന്നപക്ഷം രാജ്യത്തിൽ തൊഴിലില്ലാതെ അലഞ്ഞു നടക്കുന്നവരുടെ സംഖ്യ ഗണ്യമായി കുറയുകയില്ലയൊ?.

നമ്മുടെ തൊഴിലില്ലായ്മ കമ്മററി അംഗങ്ങൾ എല്ലാം സ്വദേശീയരായിരിക്കയും അവർമൂലം നിഷ്കർഷമായി അന്വേഷണം ചെയ്തു വേണ്ടവിധത്തിൽ ഒരു റിപ്പോർട്ട് സമർപ്പിയ്ക്കയും ചെയ്തിരുന്നുവെങ്കിൽ ഭാവിയിലെങ്കിലും തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം കാണാമായിരുന്നേനെ.

പക്ഷെ നമ്മുടെ സംസ്ഥാനത്തിൽ പല കാര്യങ്ങൾക്കും കമ്മിററികൾ ഏർപ്പെടുത്തി അന്വേഷണം നടത്താറുണ്ടെങ്കിലും വേണ്ടതുപോലെ ചെയ്യുന്നതിന് അതിലെ അംഗങ്ങൾക്കു സന്മനസ്സോ അവരെക്കൊണ്ട് പ്രവർത്തിപ്പിക്കുന്നതിന് ഭാരവാഹികൾക്കു നിർബന്ധമൊ ഉണ്ടോ എന്നു സംശയിക്കേണ്ടതായിട്ടാണിരിക്കുന്നതു്

ഇനി ആലോചിക്കേണ്ടതു് വിദ്യാലയങ്ങൾവഴി കൃഷിയെ അഭിവൃദ്ധമാക്കുന്നതെങ്ങിനെയെന്നാണ്. സംസ്ഥാനത്തിലെ വിദ്യാലയങ്ങൾ പ്രാഥമികമായാലും ഇടത്തരമായാലും കലാശാലാതരമായാലും എല്ലാം കർഷകവൃത്തിയെ ലാക്കാക്കി സ്വരൂപിച്ചിട്ടുള്ളവയായിരിക്കണം. എല്ലാ കുട്ടികളും എല്ലാ അദ്ധ്യാപകന്മാരും കർഷകവൃത്തിയിൽ പങ്കെടുക്കത്തക്ക വിധത്തിൽ ഏർപ്പാടുള്ളവയായിരിക്കണം.

പ്രാഥമിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശിച്ചിരിക്കണമെന്ന് നിർബന്ധിക്കേണ്ട ആവശ്യം ഇവിടെ ഇല്ലല്ലൊ. ഇപ്പോൾ സ്കൂൾവിദ്യാഭ്യാസം തുടങ്ങുന്നതു് മിയ്ക്ക സ്ഥലങ്ങളിലും അഞ്ചു വയസ്സാകുമ്പോഴാണ്. ചിലടത്തു് അതിന് മുമ്പും തുടങ്ങുന്നതായി കണ്ടുവരു

ന്നുണ്ട്. സ്കൂൾപ്രവേശനത്തിനുള്ള കാലം അല്പം നീട്ടിവയ്ക്കുന്നത് പ്രയോജനകരമായിരിക്കുമെന്നും ഒരഭിപ്രായം ഉള്ളതാണ്. നമ്മുടെ മുഖ്യോദ്ദേശ്യം വിദ്യാഭ്യാസം കൃഷകവൃത്തിയെ അനുഗ്രഹിക്കത്തക്കവിധത്തിലായിരിയ്ക്കണമെന്നുള്ളതാണല്ലോ. മററു ചില തൊഴിലുകാരേക്കാൾ കൃഷിക്കാരന്റെ ശരീരത്തിന് ആരോഗ്യവും ദൃഢതയും കൂടുതൽ ഉണ്ടായിരിക്കേണ്ടതാണ്. ഇതിലേക്ക് നാം ശൈശവം മുതല്ക്കേ ശ്രദ്ധിക്കണം. സ്കൂൾവിദ്യാഭ്യാസം ശരീരത്തിന്റെ വളർച്ചയ്ക്ക് അനുകൂലമായിട്ടുള്ളതല്ല. അതുകൊണ്ട് നിവൃത്തിയുള്ളിടത്തോളം സ്കൂൾപ്രവേശനത്തിനുള്ള കാലം നീട്ടുകയും കുട്ടികളെ കാററും വെളിച്ചവും ധാരാളം ഏല്ക്കത്തക്കവണ്ണം പുറത്തിറങ്ങി തുറസ്സായ സ്ഥലങ്ങളിൽ കളി മുതലായവ നടത്തുന്നതിനുത്സാഹിപ്പിയ്ക്കുയും ചെയ്യേണ്ടതാണ്. ഇതുനിമിത്തം സ്കൂൾപ്രവേശനത്തിന് മുമ്പ് കുട്ടികളുടെ ശരീരത്തിന് വളർച്ചയും അവയവങ്ങൾക്കു ഉറപ്പും സാമാന്യമായിട്ടെങ്കിലും സിദ്ധിയ്ക്കുമെന്നൂഹിയ്ക്കാവുന്നതല്ലയൊ.?

ഈ ഉദ്ദേശ്യസാദ്ധ്യത്തിനു 7 വയസ്സുവരെ കുട്ടികളെ സ്കൂളിൽ അയക്കാതെ യഥേഷ്ടം കളിച്ചുനടക്കുന്നതിനും പ്രകൃതിവിശേഷങ്ങൾ ഗ്രഹിപ്പിക്കുന്നതിനും അനുവദിക്കുന്നതാണ് നന്ന്. 7 വയസ്സിനുമേൽ എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശിക്കുന്നതിനു നിർബന്ധിതരായിരിക്കയും വേണം.

പ്രാഥമികവിദ്യാലയം ഇപ്പോഴത്തെ രീതിയിൽ നാലുവർഷംകൊണ്ട് അഭ്യസനം പൂർത്തിയാക്കത്തക്കനിലയിലുള്ളതായിരുന്നാൽമതി. ഇവിടത്തെ അഭ്യസനവും ഇപ്പോൾ ഉള്ളതുപോലെ ദിവസംപ്രതി അഞ്ചു മണിക്കൂർ നേരത്തെയുണ്ടായാൽ മതിയാവും. എന്നാൽ ഇന്നത്തെ രീതിയെ അല്പം ഭേദപ്പെടുത്തിയാണ് സമയനിർണ്ണയം ചെയ്യേണ്ടതു്. രാവിലെ $7\frac{1}{2}$ മണിമുതൽ $10\frac{1}{2}$ വരെയും വൈകുന്നേരം 3 മണിമുതൽ 5 വരെയും സ്കൂൾ നടത്തുന്നതു ഇവിടത്തെ ശീതോഷ്ണാവസ്ഥയ്ക്കും ദിനചര്യകൾക്കും അനുയോജ്യമായിരിക്കുന്നതാണ്. ഉച്ചക്ക് ഉഷ്ണാധിക്യം ഉള്ളതിനാൽ ഉദ്ദേശ്യം പത്തുനാഴിക വിശ്രമം നല്കുന്നതു് ആരോഗ്യപ്രദമത്രെ.

ക്ലാസിലെ പാഠവിഷയങ്ങൾക്കും അല്പം മാററം വരുത്തേണ്ടതായുണ്ട്. രാവിലെയുള്ള മൂന്നു മണിക്കൂർ സമയത്തെ അഞ്ചൊ ആറൊ പീരിയഡുകളായി വിഭജിച്ച് ഓരോന്നും ഓരോ വിഷയത്തിനു ക്ലിപ്തപ്പെടുത്തിയാൽ കൊള്ളാം. രണ്ടുവിഷയം കഴിയുമ്പോൾ അതായതു $9\frac{1}{2}$ മണിയോടുകൂടി പതിനഞ്ച് മിനിട്ട് ഇളവു നല്കുന്നതു് ഉചിതമായിരിക്കും. ഭാഷ, കണക്കു, ഭൂമിശാസ്ത്രം, ചരിത്രകഥകൾ മുതലായവ മൂലം പ്രാഥമികവിദ്യാഭ്യാസത്തിനിടയിൽ അനേകകാര്യങ്ങൾ ശ്രദ്ധിച്ചു ഗ്രഹിക്കുന്നതിനു കുട്ടികളെ പ്രാപ്തരാക്കാവുന്നതാണ്. ഭാഷാപുസ്തകങ്ങളിലെ പാഠങ്ങളും കണക്കിനുള്ള ചോദ്യങ്ങളും കൃഷിവിഷയത്തോടു സംബന്ധപ്പെട്ടുതന്നെ തയ്യാർ ചെയ്തിരിക്കണം.

ഇതിലേക്കുള്ള പുസ്തകങ്ങളാം നാട്ടുകാരായ കൃഷിക്കാരുടെ ഇടയിൽനിന്നു തന്നെ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള വിദഗ്ദ്ധന്മാരെക്കൊണ്ടു് രചിപ്പിക്കുന്നതാണു് ഉത്തമം. ഏതുവിഷയം പഠിപ്പിക്കുമ്പോഴും ഉദാഹരണത്തിനും വിശദീകരണത്തിനും അദ്ധ്യാപകൻ ചുററുമുള്ള കർഷകസ്ഥിതികളെയാണു് ആശ്രയിക്കേണ്ടതു്. അദ്ധ്യാപകൻ ശമ്പളത്തിനുവേണ്ടി മാത്രം വേലചെയ്തു് ഉറക്കംതൂങ്ങി സമ്പ്രദായം ഉപയോഗിക്കാതെ കുട്ടികളുടെ അഭിവൃദ്ധിയിൽ ജാഗരൂകനായി ഉണർച്ചയോടുകൂടി പെരുമാറുന്നപക്ഷം ഈ കാലത്തിനിടയിൽ അവക്കുണ്ടാകാവുന്ന വിദ്യാസമ്പത്തു ചില്ലറയല്ല. അദ്ധ്യാപനരീതിയിൽ ഒരു കാര്യത്തിൽമാത്രം അദ്ധ്യാപകൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതായുണ്ടു്. അതു് ഒരിക്കൽ പറഞ്ഞു മനസ്സിലാക്കിയതിനെത്തന്നെ ആവത്തിച്ചു പറഞ്ഞുപറഞ്ഞു് കുട്ടികൾക്കു് പാഠത്തിൽ വിരസത വരുത്തരുതെന്നുള്ളതത്രെ. ഇവിടെ ഇതു് എടുത്തുപറഞ്ഞതു് അദ്ധ്യാപകന്മാരിൽ ഈ ദോഷം ധാരാളം കണ്ടുവരുന്നതുകൊണ്ടാണു്.

ഉച്ചതിരിഞ്ഞു് മൂന്നുമണിമുതൽ അഞ്ചുമണിവരെയുള്ള പാഠങ്ങൾ കൃഷിസംബന്ധമായ പ്രായോഗിക പാഠങ്ങളായിരിക്കണം. ഇവ ക്ലാസിനു പുറത്തു തുറന്ന സ്ഥലത്തുവച്ചാണു് നടത്തേണ്ടതു്. പുസ്തകം ഒന്നും ഉപയോഗിച്ചുകൂടാ. എല്ലാം വാചാപാഠമായിരിക്കണം. പഞ്ചേന്ദ്രിയ പ്രവൃത്തികൾകൊണ്ടു് കണ്ടും, കേട്ടും, സ്പർശിച്ചുംവേണം സംഗതികൾ ഗ്രഹിക്കേണ്ടതു്. ഇതിനു് പ്രത്യേക സാമർത്ഥ്യമുള്ള അദ്ധ്യാപകന്മാരെ തിരിഞ്ഞെടുത്തു് നിയമിച്ചെങ്കിലേ ഉദ്ദിഷ്ടഫലം സാദ്ധ്യമാകയുള്ളു. മണ്ണു്, വെള്ളം, വായു മുതലായവയുടെ സ്വഭാവങ്ങളും കർഷകവൃത്തിയിൽ അവകൊണ്ടുള്ള പ്രയോജനങ്ങളും പ്രായോഗികപരീക്ഷണങ്ങൾ നടത്തി വിശദമാക്കണം. സംഗതികൾ നല്ലപോലെ ധരിച്ചതിന്റെ ശേഷം നോട്ടുബുക്കിൽ രൂപങ്ങൾ വരച്ചു് അവയെ ചിത്രീകരിക്കുന്നതിനു് കുട്ടികളെ ശീലിപ്പിക്കുന്നതു് നന്നാണു്. കുട്ടികളെക്കൊണ്ടു് അമിതമായി നോട്ടുവാങ്ങി ചുമപ്പിക്കയും അനാവശ്യമായി എഴുതി മുഷിപ്പിക്കയും ചെയ്തുവരുന്ന രീതി അശേഷം ആദരണീയമല്ലാ.

ക്ലാസിനു വെളിയിൽ തുറസ്സായ സ്ഥലത്തുവച്ചുള്ള ഈ മാതിരി അഭ്യസനം കുട്ടികളെ സ്കൂളിലേക്കു് ഉത്സാഹമായി ആകർഷിക്കുന്നതിനും ഉന്മേഷമായി പ്രവൎത്തിപ്പിക്കുന്നതിനും സഹായിക്കുന്നതിനുംപുറമെ ഒരു മാതിരി വ്യായാമംകൊണ്ടു് അവരുടെ ശരീരത്തിനു പുഷ്ടിയും അവയവങ്ങൾക്കു ലാഘവവും ഉണ്ടാക്കുന്നതുമാണു്.

പ്രാഥമികവിദ്യാലയത്തിലെ അഭ്യസനത്തിനുശേഷം തുടരേണ്ട വിദ്യാഭ്യാസത്തിനു് ഒരു പ്രത്യേക പദ്ധതി രൂപീകരിക്കേണ്ടിയിരിക്കുന്നു. കാർഷികവിദ്യാലയം എന്നൊരു പുതിയതരം പള്ളിക്കൂടമാണു് ഇതിനു് വേ

ണ്ടതു്. ഇതു് നമ്മുടെ ഇപ്പോഴത്തെ മിഡിൽ സ്കൂളിൻെറസ്ഥാനം വഹിക്കുന്നതായിരിക്കും. കൃഷിക്കാർ തിങ്ങിപ്പാർക്കുന്നിടത്തു് നാലൊ അഞ്ചൊ ചതുരശ്ര മൈലിന് ഒരു പള്ളിക്കൂടംവീതം ഉണ്ടായിരിയ്ക്കണം. ഇതിന് വലിയ അലങ്കാരക്കെട്ടിടങ്ങൾ ആവശ്യമില്ല. മേല്പുരയും ചുററും അരമതിലും ഉണ്ടായിരുന്നാൽ മതി. കാററും, മഴയും, വെയിലും അല്പാല്പമായി കെട്ടിടത്തിനുള്ളിൽ ഏററാലും വലിയ തരക്കേടില്ല. ഭാവിയിൽ കൃഷിക്കാരായി ജീവിക്കേണ്ട സ്കൂൾകുട്ടികൾ ഇവ എല്ലാം സഹിക്കയും ശീലിക്കയും ചെയ്യേണ്ടതാണ്.

ഈ സ്കൂളിൽ അഭ്യസനകാലം നാലു കൊല്ലത്തേയ്ക്കുണ്ടായിരിക്കണം. പ്രധാന പാഠവിഷയം കൃഷിതന്നെ. ഇതിനെ സഹായിക്കുന്ന ശാസ്ത്രവിഷയങ്ങൾക്കാണ് അടുത്ത പ്രാധാന്യം നല്കേണ്ടതു്. സസ്യശാസ്ത്രം, മൃഗശാസ്ത്രം, പ്രകൃതിശാസ്ത്രം, രസതന്ത്രം, ഭൂഗർഭശാസ്ത്രം മുതലായവയും ശരീരശാസ്ത്രം; ആരോഗ്യരക്ഷാശാസ്ത്രം ഇവയും ഉൾപ്പെട്ടിരിക്കണം. ഇവയുടെ പ്രാഥമികതത്വങ്ങളെ പ്രായോഗികവഴി വിശദമാക്കണമെന്നെ അഭിപ്രായമുള്ളു. ഭാഷയും കണക്കും തുടരുന്നതു് ചുരുക്കമായിട്ടുമതി. ഭാഷാപുസ്തകങ്ങളിലെ പാഠങ്ങൾ അധികഭാഗവും കൃഷിപാഠങ്ങളായിരിക്കണം. കണക്കും കൃഷിത്തൊഴിലിനോടു് ഘടിപ്പിച്ചുതന്നെ നടത്തണം. നിലം പുരയിടങ്ങൾ ഉഴുക, കിളയ്ക്കുക, കയ്യാല വെട്ടിക്കുക, അവയുടെ വിസ്തീർണ്ണം നിശ്ചയിക്കുക, കുന്ന് ഇടിച്ചുനിരത്തുക, കുളം കിണറു് മുതലായവ കഴിപ്പിക്കുക, തടി അറുക്കുക, പണിയിക്കുക മുതലായവയ്ക്കുള്ള പെരുക്കം നിർണ്ണയിക്കുന്നതിന് ദൈർഘ്യമാനം, ചതുരശ്രമാനം, ഘനമാനം, എന്നതുടങ്ങിയ അളവുകളും കൊടുക്കൽവാങ്ങൽ സംബന്ധിച്ച കച്ചവടകണക്കുകളുമാണ് ശീലിപ്പിക്കേണ്ടതു്. ഭൂലോകഭൂമിശാസ്ത്രത്തിൽ ഓരോ ദേശത്തുണ്ടാകുന്ന ഉല്പന്നങ്ങളേയും കച്ചവടത്തിനുള്ള സൌകര്യങ്ങളേയും മററും കുറിച്ചു് ഒരു സാമാന്യജ്ഞാനം നല്കേണ്ടതും കർഷകവൃത്തിയേയും പൊതുജന നന്മയേയും അഭിവൃദ്ധമാക്കുന്നതിന് ശ്രമിച്ച മഹാന്മാരുടെ ചരിത്രകഥകൾ വർണ്ണിച്ചു ധരിപ്പിക്കേണ്ടതും ഈ വിദ്യാലയത്തിൽ വേണ്ട കാര്യങ്ങൾതന്നെ. ഇവിടത്തെ ഭരണഭാഷ ഇംഗ്ലീഷായിരിക്കുന്നിടത്തോളം കാലം ഇംഗ്ലീഷു് ഭാഷയിലും അല്പം പരിജ്ഞാനം നല്കണം. ഇതു് സാധിക്കുന്നതിനുപയോഗിക്കുന്ന പുസ്തകങ്ങൾ Agriculture Readers എന്ന കൃഷിപാഠപുസ്തകങ്ങളായാൽ കൊള്ളാം.

പാഠശാലാകാലവും സമയവും പ്രാഥമികവിദ്യാലയത്തിലെ മാതൃക അനുസരിച്ചു മതി. ഉച്ചതിരിഞ്ഞുള്ള സമയം മുഴുവനുമെങ്കിലും കുട്ടികൾ ഓരോതരം കൃഷിപ്പണിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതിന് സൌകര്യം ഉണ്ടാക്കികൊടുക്കേണ്ടതു് ഏറ്റവും ആവശ്യമാകുന്നു. ഇതിന് വിദ്യാലയ

ങ്ങൾക്കു ചുററും വിസ്താരമേറിയ പറമ്പുണ്ടായിരിക്കണം. ഇതിനെ ചെറിയ കണ്ടങ്ങളായി തിരിച്ചു് ഓരോ കുട്ടിക്കും ഓരോന്നു കൊടുത്തു് അയാൾ സ്കൂൾ വിട്ടുപോകുന്നതുവരെ അതു് അയാളുടെ സ്വന്തം എന്ന നിലയിൽ അയാളെക്കൊണ്ടു് പലവിധ കൃഷികൾ ചെയ്യിക്കയും അദ്ധ്യാപകൻ അതിനുവേണ്ട സഹായസഹകരണങ്ങൾ നല്കി പരിശോധന നടത്തുകയും ചെയ്യുന്നതു് കൃഷികവിദ്യാലയങ്ങൾക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു വിഷയമാകുന്നു.

പ്രാഥമിക വിദ്യാലയങ്ങളിലേപ്പോലെതന്നെ കൃഷികവിദ്യാലയങ്ങളിലും അദ്ധ്യാപകന്മാരെ തിരിഞ്ഞെടുക്കുന്നതിൽ പ്രത്യേക നിഷ്കർഷ വേണ്ടതാണു്. നാട്ടുഭാഷയും നാട്ടാചാരങ്ങളും നല്ലപോലെ ഗ്രഹിച്ചിട്ടുള്ള നാടൻ കൃഷിക്കാരുടെ ഇടയിൽനിന്നു ശരിയായ സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചവരിൽ സമർത്ഥന്മാരെ തിരിഞ്ഞെടുത്തു് ഒരു കൃഷിപാഠശാലയിൽ പരിശീലനം ചെയ്യിച്ചതിനു ശേഷമേ ഇതിൽ അദ്ധ്യാപകന്മാരായി നിയമിക്കാവൂ. ഇവർ മനപൂവ്വം ശ്രദ്ധിച്ചു പഠിപ്പിച്ചാൽ ഇത്തരം വിദ്യാലയങ്ങളിൽനിന്നു അഭ്യസനം കഴിഞ്ഞു് പുറത്തുവരുമ്പോൾ അവരവരുടെ ദേശങ്ങളിലെ കൃഷിപ്പണികൾ നടത്തുന്നതിനു് സർവ്വഥാ പ്രാപ്തിയുള്ളവരായി ഭവിയ്ക്കും. ഇവിടെ വിവരിച്ച കാർഷികവിദ്യാലയത്തിലും അഭ്യസനം നിവൃത്തിയുള്ളിടത്തോളം സൌജന്യമായിട്ടുതന്നെ നല്കണം. കൂടിയേ തീരുവെന്നു വന്നാൽ മാസംപ്രതി ഏഴു ചക്രത്തിൽ കവിയാത്ത ഒരു ഫീസ് ചുമത്തുന്നതിലും വിരോധമില്ല. ഇപ്പോഴത്തെ കണക്കിനു് ഇംഗ്ലീഷ് സ്കൂളുകളിൽ ചുമത്തിയിട്ടുള്ളതുപോലെ വലിയ ഫീസു ചുമത്തി രക്ഷാകർത്താക്കളെ ശ്വാസം മുട്ടിക്കരുതെന്നേയുള്ളു.

പ്രാഥമികവിദ്യാലയങ്ങളും മുകളിൽ വിവരിച്ച കൃഷികവിദ്യാലയങ്ങളും നമ്മുടെ നാട്ടിൽ പരക്കുന്നതുകൊണ്ടു് വലുതായ പ്രയോജനം ഉണ്ടെങ്കിലും ഇവകൊണ്ടുമാത്രം നമുക്കു തൃപ്തി അടയുവാൻ പാടില്ല. ഇവയിൽ അഭ്യസനം ലഭിച്ചവരിൽതന്നെ ചിലർ ബുദ്ധിവികാസത്തിലും ജ്ഞാനസമ്പാദനത്തിലും സാമാന്യത്തിൽ കവിഞ്ഞ സാമർത്ഥ്യം പ്രകടിപ്പിക്കുന്നവരായി കാണാം. ഇവരെ തിരഞ്ഞെടുത്തു് ഉയർന്നതരം കലാശാലാഭ്യസനം നൽകേണ്ടതു് നമ്മുടെ കടമയാണു്. ഇതു സാദ്ധ്യമാകുന്നതിനു് ധനവ്യയം വളരെ വേണ്ടിയിരിക്കുന്നതിനാൽ സൌജന്യമായി ഇതു് നൽകുക എളുപ്പമല്ല. ഇതിനു് ഫീസിനത്തിലും പുസ്തകം സാമഗ്രികൾ മുതലായവയ്ക്കുമായി പണച്ചിലവുള്ളതുകൊണ്ടു് ദിനചര്യച്ചിലവു നീക്കി അത്രയെങ്കിലും ബാക്കിവയ്ക്കാൻ നിവൃത്തിയുള്ള കുഡുംബാംഗങ്ങൾ മാത്രമേ ഉന്നതവിദ്യാഭ്യാസത്തിനു് ഒരുമ്പെടാൻ പാടുള്ളു. ഇപ്രകാരം ക്രമപ്പെടുത്തിയില്ലെങ്കിൽ ഇപ്പോഴത്തെ ഉപയോഗശൂന്യമായ വിദ്യാഭ്യാസം വകയ്ക്കായി അളവററ ദ്രവ്യവ്യയം ചെയ്തു

കടപ്പെട്ടു ക്ഷീണിച്ചിരിക്കുന്ന കുഡുംബങ്ങളുടെ സംഖ്യ വദ്ധിയ്ക്കാനെ ഇടയുള്ളു. ഇവിടെ നിദ്ദേശിച്ചിരിയ്ക്കുന്ന വിദ്യാഭ്യാസംകൊണ്ടു് നാട്ടുകാക്കു് അമിതഭാരം കുറയണമെന്നു മാത്രമല്ല, വാസ്തവത്തിൽ പ്രയോജനകരവും കൂടുതൽ ക്ഷേമകരവുമായ ഒരു പദ്ധതി തുറന്നുകാണണമെന്നല്ലയൊ വിവക്ഷിക്കുന്നതു്.

ഇടത്തരം കാഷികവിദ്യാലയങ്ങളിലെ അഭ്യസനത്തിനുശേഷം സമത്ഥന്മാരും ധനസ്ഥിതി അനുവദിക്കുന്നവരുമായ കുട്ടികൾക്കാണല്ലോ ഉയന്നതരം കലാശാലാഭ്യസനത്തിന് സൌകര്യം നൽകേണ്ടതു്. ഉയന്നതരം വിദ്യാഭ്യാസത്തിനായി സംസ്ഥാനത്തു് അധികം വിദ്യാലയങ്ങൾ സ്ഥാപിയ്ക്കേണ്ട ആവശ്യമില്ല. തലസ്ഥാനത്തു് ഒരു സർവ്വകലാശാലയും പ്രത്യേകവിഷയങ്ങൾക്കു് ഏതാനും മഹാപാഠശാലകളും ഉണ്ടായാൽ മതിയാവും. ഇവിടത്തെ ഉദ്യോഗങ്ങൾക്കു് ആവശ്യമുള്ളിടത്തോളം യോഗ്യന്മാരെ തിരിഞ്ഞെടുത്താൽ പോരയൊ? ആണ്ടിൽ നൂറിൽപരം ആളുകൾ ഇതിലേയ്ക്കുവേണ്ടിവരുമൊ? സർവ്വകലാശാലാബിരുദധാരികൾ ഇതിൽ അധികപ്പെടാതിരുന്നാൽ അവക്കു് എല്ലാവക്കും ഉദ്യോഗം കിട്ടുന്നതിനു സൌകര്യമുണ്ടായിരിയ്ക്കയില്ലയൊ? ഇതിനുവേണ്ട ഉയന്നതരം വിദ്യാഭ്യാസത്തിന് ഇപ്പോഴത്തെ സ്ഥാപനങ്ങൾതന്നെ ഉപയോഗിക്കയും ചെയ്യാം. സാഹിത്യകാളേജ് സാഹിത്യവിഷയങ്ങൾക്കും ചരിത്രവിഷയങ്ങൾക്കും തന്നെയിരിക്കട്ടെ. ശാസ്ത്രീയകാളേജിൽ കണക്കും നവീനശാസ്ത്രങ്ങളും അഭ്യസിപ്പിയ്ക്കാം. ഇംഗ്ലീഷ് ഭാഷയിലാണല്ലൊ ഇവയ്ക്കുള്ള പുസ്തകങ്ങൾ നമുക്കുപയോഗിക്കത്തക്ക വിധത്തിൽ കിട്ടുന്നതു്. അതിനാൽ സാമാന്യപുസ്തകങ്ങൾ വായിച്ചു് അതിലെ സംഗതികൾ ഗ്രഹിക്കുന്നതിനുവേണ്ട ഇംഗ്ലീഷ്ഭാഷാപരിചയം ഇവയിൽ പ്രവേശിയ്ക്കുന്നവക്കുണ്ടായിരിയ്ക്കണം. ഇതു നൽകുന്നതിനു ഈ കാളേജുകളിൽതന്നെ ഒരു പ്രവേശനക്ലാസ്സ് വേണ്ടതാണ്. ഇതിൽ ഇംഗ്ലീഷ് ഭാഷാഭ്യസനത്തിനാണ് അധികസമയം ചിലവഴിക്കേണ്ടതു്. കാളേജിലെ അഭ്യസനകാലം നിവൃത്തിയുണ്ടെങ്കിൽ നാലു വഷത്തിൽനിന്നു മൂന്നായി കുറയ്ക്കുന്നതിനും ആലോചന നടത്തണം. ഏതു വിഷയമായാലും അഭ്യസനഭാഷ മലയാളമാക്കാൻ ശ്രമിക്കേണ്ടതാണ്. സംഗതികൾ സൂക്ഷ്മമായി ഗ്രഹിച്ചിട്ടുള്ള അദ്ധ്യാപകന്മാക്കു മലയാളഭാഷയിൽ നല്ല പരിചയം ഉണ്ടെങ്കിൽ ഇതു സാധിയ്ക്കാൻ വിഷമംകാണുകയില്ല. സാങ്കേതികപദങ്ങൾ ഇംഗ്ലീഷിലുള്ളവ തന്നെ ഉപയോഗിയ്ക്കാമല്ലൊ. ശാസ്ത്രീയകാളേജിൽ ഇപ്പോൾ ഉള്ള ഐച്ഛികവിഷയങ്ങളുടെ കൂട്ടത്തിൽ കൃഷിശാസ്ത്രത്തിനും ഒരു സ്ഥാനം നൽകുന്നതു് ഉചിതമായിരിയ്ക്കും.

സാഹിത്യകാളേജും ശാസ്ത്രീയകാളേജും കൂടാതെ പട്ടണത്തിനടുത്തുത

ന്നെ ഒരു നല്ല സ്ഥലം തിരിഞ്ഞെടുത്തു് അവിടെ ഒരു കാർഷികകാളേജും സ്ഥാപിക്കേണ്ടതു് ആവശ്യമാണ്. സാഹിത്യപരമായും ശാസ്ത്രീയപരമായുമുള്ള സംഗതികളിൽ അഭിരുചി കുറഞ്ഞും കൃഷികവൃത്തിയിലും മററും വാസനകൂടിയും ഇരിക്കുന്നവരായി കാണുന്ന യുവാക്കന്മാരെ കാർഷികകാളേജിൽ പ്രവേശിപ്പിച്ചു തത്വസംബന്ധമായും പ്രായോഗികസംബന്ധമായും കൃഷിവിഷയത്തിൽ ഉയന്നതരം അഭ്യസനം നൽകുന്നതു് ഈ നാട്ടിലെ കാർഷികാഭിവൃദ്ധിയ്ക്കു ശ്രേയസ്കരമായിരിയ്ക്കും. ഇതോടു ചേൎന്നുതന്നെയാണ് അദ്ധ്യാപകന്മാരെ അഭ്യസനപരിശീലനം ചെയ്യിയ്ക്കുന്നതിനുള്ള ശിക്ഷാക്രമപാഠശാല സംഘടിപ്പിയ്ക്കേണ്ടതും. നാട്ടിൽ ശരിയായ അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനാണല്ലോ ഈ വിദ്യാശാല സ്ഥാപിച്ചിരിക്കുന്നതു്. എല്ലാ അദ്ധ്യാപകന്മാൎക്കും കാർഷികപരിശീലനവും നിർബന്ധമായി കരുതേണ്ടതാകകൊണ്ടു്, കാർഷികകാളേജും ശിക്ഷാക്രമകാളേജും സംബന്ധപ്പെട്ടിരിക്കുന്നതു് ഉചിതമായിരിയ്ക്കും.

വൈദ്യവിഷയവും മരാമത്തുവിഷയവും (ഇൻജിനിയറിങ്ങ്) നമ്മുടെ അഭ്യസനവിഷയങ്ങളിൽനിന്ന് ഒഴിച്ചുകൂടുവാൻ പാടുള്ളതല്ല. ഇവയിൽ സാമാന്യജ്ഞാനം നൽകുന്നതിന് ഓരോ ചെറിയ സ്ഥാപനമെങ്കിലും സ്വരൂപിക്കുന്നതിനും വഴിനോക്കണം. എന്നാൽ ഇവകൾക്കുവേണ്ടി ഉയന്നതരം കാളേജു സ്ഥാപിക്കുന്നതിനു വൻപിച്ച ചിലവ് വരുമെന്നുള്ളതുകൊണ്ടും സംസ്ഥാനാവശ്യങ്ങൾക്ക് ഇവയിൽ നിപുണന്മാരുടെ എണ്ണം പരിമിതമായിരിക്കുന്നതുകൊണ്ടും, ഇതിലേക്ക് ഇപ്പോൾ ഉദ്യമിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. അത്യാവശ്യം വേണ്ടവരെ സമൎത്ഥന്മാരായ നാട്ടുകാരിൽനിന്ന് തിരഞ്ഞെടുത്തു് വിദേശങ്ങളിൽ അയച്ചു അഭ്യസിപ്പിച്ചു് വരുത്തിയാൽ മതി.

മുകളിൽ വിവരിച്ച തരത്തിലുള്ള ഉന്നതവിദ്യാഭ്യാസത്തിനും ബിരുദസമ്പാദനങ്ങൾക്കും അന്യസൎവകലാശാലക്കാർ അനുകൂലികളായിരിക്കയില്ലല്ലൊ. അതിനാൽ നമുക്ക് പ്രത്യേകമായി ഒരു സൎവകലാശാല ആവശ്യമാണ്. ഈ ഉദ്ദേശ്യത്തോടുകൂടി സൎവകലാശാലാസ്ഥാപനത്തെപ്പററി വേണ്ടപോലെ അന്വേഷിച്ച് റിപ്പോർട്ടുചെയ്യുന്നതിനായി ഒരു കമ്മിററിയെ ചുമതലപ്പെടുത്തുകയും അവർ ഒരു റിപ്പോർട്ടു ഗവമ്മെണ്ടിൽ സമർപ്പിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ അവരുടെ റിപ്പോർട്ടിൻപ്രകാരം സ്ഥാപിതമാകേണ്ട സൎവകലാശാല ഇന്നു ലോകത്തിൽ കാണുന്ന എല്ലാ കലാശാലകളേയും അതിശയിപ്പിക്കത്തക്ക തരത്തിൽ സ്വരൂപിച്ചിരുന്നതുകൊണ്ടോ അതിനു വേണ്ടിവരുന്ന ചിലവു നമ്മുടെ സംസ്ഥാനത്തിൻെറ വരവിനു തീരെ യോജിക്കാത്തവിധത്തിലുള്ളതായിരുന്നതുകൊണ്ടോ എന്തായായാലും ഇതേ

വരെ ആ റിപ്പോർട്ടിന്മേൽ നടപടി ഒന്നും നടത്തിയിട്ടുള്ളതായി തോന്നുന്നില്ലാ. നമ്മുടെ സംസ്ഥാനത്തിൻെറ സ്ഥിതിഗതികളെ മനസ്സിലാക്കി എത്ര താണതരത്തിലുള്ളതായാലും മതി ഒരു സവ്കലാശാലാ സ്ഥാപിക്കണമെന്ന് നിർബന്ധബുദ്ധിയോടുകൂടി വേണ്ടവർ പ്രവർത്തിച്ചാൽ അടുത്തകാലത്തുതന്നെ ഇതു് സാദ്ധ്യമായി ഭവിക്കുമെന്നൂഹിക്കാവുന്നതാണ്.

കാർഷികവിദ്യാഭ്യാസം നാട്ടിൽ എവിടെയും പരത്തുന്നതിന് പക്ഷെ അല്പം ദ്രവ്യവ്യയം കൂടുതൽ വേണ്ടിവന്നേക്കാം. എന്നാൽ ഭരണസംബന്ധമായ ഇതരഡിപ്പാർട്ടുമെൻറുകളെ ഒന്നടച്ചുവാർത്താൽ ഈ കൂടുതലിനെ പരിഹരിക്കുന്നതിന് മാർഗ്ഗം കിട്ടുന്നതാണ്. ഇതിനെപ്പററി രണ്ടു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. ഇവിടെ ഇപ്പോൾ വ്യവസായഡിപ്പാർട്ടുമെൻറ് എന്നുംപറഞ്ഞു് ഒന്നുണ്ടല്ലോ. ഇതുകൊണ്ട് ഇതേവരെ പ്രയോജനം വല്ലതും ഉണ്ടായിട്ടുണ്ടോ? ഇനി ഉണ്ടായേക്കാമെന്നാശിക്കാൻ വഴികാണുന്നുണ്ടോ? അഥവാ വല്ല ചെറിയ കാര്യവും സാധിക്കാനുണ്ടെങ്കിൽതന്നെ അതു് നമ്മുടെ കാർഷികോല്പന്നങ്ങളെ ആശ്രയിച്ചവയായിരിക്കയില്ലയൊ? അതിനാൽ വ്യവസായഡിപ്പാർട്ടുമെൻറിനെ കൃഷിഡിപ്പാർട്ടുമെൻറിനോട് ഘടിപ്പിച്ചു് അതിൻെറ ചിലവിനെ പ്രയോജനകരമായ വഴിയിൽ വിനിയോഗിക്കാൻ സാധിക്കയില്ലയൊ?

ഈ ലേഖനത്തിൻെറ ആദ്യഭാഗത്തു് സൂചിപ്പിച്ചപ്രകാരം ഭൂനികുതിഡിപ്പാർട്ടുമെൻറിനെ കൃഷിഡിപ്പാർട്ടുമെൻറിനോട് ഘടിപ്പിച്ചു് താലൂക്കുതഹശിൽദാരന്മാരെ ഭൂവിളവ് വർദ്ധിപ്പിക്കുന്നതിനുള്ള കൃഷി ഉദ്യോഗസ്ഥന്മാരായുംകൂടി നിയമിച്ചാൽ പണച്ചിലവു ചുരുക്കി പ്രയോജനകരമായി വേണ്ടപോലെ പ്രവർത്തിക്കാവുന്നതാണല്ലോ.

ആയതിനാൽ റവന്യൂഡിപ്പാർട്ടുമെൻറ്, വ്യവസായഡിപ്പാർട്ടുമെൻറ്, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് ഇവയെ കൃഷിഡിപ്പാർട്ടുമെൻറായി സംബന്ധിപ്പിച്ചു്, സമർത്ഥനായ ഒരു പ്രധാന ഉദ്യോഗസ്ഥൻെറ ആദ്ധ്യക്ഷത്തിൽ ഓരോന്നിലും പ്രത്യേക വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള അസിസ്റ്റൻറന്മാരുടെ സഹായത്തോടുകൂടി ഭരണം ഊർജ്ജിതമായി നടത്തുന്നതിന് സാധിക്കുന്നപക്ഷം ഇവിടത്തെ ജനങ്ങൾക്ക് സാമാന്യമായ ക്ഷേമവും നാട്ടിന് പൊതുവിൽ ഗണ്യമായ ഐശ്വര്യവും പ്രതീക്ഷിക്കാവുന്നതാണ്.

# കാളിയമർദ്ദനം.

(ഡി. പത്മനാഭനുണ്ണി എം. ഏ.)

ഹൈന്ദവപുരാണങ്ങളിൽ പ്രതിപാദിക്കുന്നസംഗതികൾ യഥാർത്ഥത്തിൽ സംഭവിച്ചവകളാണെന്ന് വിശ്വസിക്കുന്ന ഒരുക്കൂട്ടം ജനങ്ങളുണ്ട്. അവയിൽ ഒരു ചുരുങ്ങിയഭാഗം യഥാർത്ഥസംഭവങ്ങളും, മററുള്ളവ കവികളുടെ കപോലകല്പിതങ്ങളും ആണെന്ന് വിചാരിക്കുന്നവരും പലരുമുണ്ട്. മൂന്നാമതൊരു ക്കൂട്ടക്കാർ അവ മുഴുവനും കവികളുടെ സങ്കല്പത്തിൽനിന്നും ഉത്ഭവിച്ചിട്ടുള്ളവയാണെന്നും അവയിൽ സത്യാംശം ലേശംഃപാല്യമില്ലെന്നും വാദിക്കുകയും ചെയ്യുന്നു. നിരുക്തശാസ്ത്രജ്ഞന്മാരായ ചില പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ പുരാണങ്ങൾ അർത്ഥവാദം എന്നൊരു കവിതാരീതിയെ അടിസ്ഥാനപ്പെടുത്തി ചില തത്വങ്ങളെ കഥാരൂപത്തിൽ പ്രതിപാദിച്ചിട്ടുള്ള കാവ്യങ്ങളാകുന്നു. പണ്ഡിതശ്രേഷ്ഠനായിരുന്ന ശ്രീമാൻ രമേശചന്ദ്രദത്തൻ തൻെറ 'പ്രാചീനാര്യാവർത്തം' എന്ന സുപ്രസിദ്ധ കൃതിയിൽ രാമായണം ഒരു അർത്ഥവാദകവിതയാണെന്ന് സ്ഥാപിച്ചിരിക്കുന്നു. ആര്യന്മാർ ദക്ഷിണേന്ത്യയിലേക്ക് കൃഷിവ്യാപിപ്പിച്ചതാണുപോലും രാമായണത്തിലെ വിഷയം. സീതാ, എന്ന പദത്തിന് ഉഴവുചാൽ എന്നും, ഇന്ദ്രൻ, എന്നതിന് മഴ പെയ്യിക്കുക എന്നും, വൃത്രപദത്തിന് മേഘമെന്നും മററും അർത്ഥമുണ്ടെന്നുള്ള സംഗതി അദ്ദേഹത്തിൻെറ വാദത്തിന് അനുകൂലമാകുന്നു. അങ്ങനെയാണെങ്കിൽ രാമാവതാരംതന്നെ കേവലം കെട്ടുകഥയായി പരിണമിക്കുന്നതാണ്. രാമനെ ഈശ്വരാംശസംഭൃതനാണെന്നും, വിഷ്ണുവിൻെറ ഒരു അവതാരമാണെന്നും മററും വിശ്വസിച്ച്, പൂജിച്ചുവരുന്നവരായ ചില ഹിന്ദുക്കൾക്ക് ഈ തത്വവാദം ഒരുവിധം മനസ്സുല്യത്തിന് കാരണമായിത്തീർന്നേക്കാം.

ഭാഗവതം ദശമസ്കന്ധത്തിലും, ഭാരതത്തിലും മററും വിസ്തരിച്ചിട്ടുള്ള ശ്രീകൃഷ്ണചരിത്രവും ഇപ്രകാരം ഒരു അർത്ഥവാദകവിതയായിരിക്കാനാണ് അധികം എളുപ്പം. ഹിന്ദുക്കളിൽതന്നെ ഒരു വലിയ ഭാഗക്കാരായ ശൈവന്മാർ ഈ കഥകളെ വിശ്വസിക്കുകയാകട്ടെ, ശ്രീകൃഷ്ണനെ പൂജിക്കുകയാകട്ടെ ചെയ്യുന്നില്ല. മഹാകവി നീലകണ്ഠദീക്ഷിതർ "ചൌര്യേണപ്രണയേന ചാപഹരതഃ പല്ലീഷു ഗവ്യാന്യപി, സ്ത്ര്യാചരേത ചരിതാനി ചൽ കവികലോൽ ഗീതാനി ഗാഥാശതൈഃ" എന്നിങ്ങനെ കൃഷ്ണകഥകളെ ആകമാനം അധിക്ഷേപിക്കുന്നു. ശ്രീകൃഷ്ണനിലും, അദ്ദേഹത്താൽ പ്രതിപാ

ദിക്കപ്പെട്ടതായി വിചാരിക്കപ്പെട്ടുവരുന്ന ഭഗവൽഗീതയിലും, സീമാതീതമായ ഭക്തിയും, വിശ്വാസവുമുള്ള മഹാത്മഗാന്ധിതന്നെയും, ഭാരതേതിഹാസത്തിലെ ശ്രീകൃഷ്ണനെയല്ല താൻ ആരാധിക്കുന്നതെന്ന് പ്രസ്താവിക്കുകയുണ്ടായി. പരിഷ്കൃതലോകത്തിന് നിന്ദ്യമായിത്തോന്നുന്നവ പലതും ഈ ശ്രീകൃഷ്ണകഥകളിൽ കാണുന്നുണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല. ആറേഴുവയസ്സുമുതൽ സാന്ദീപനിയുടെ ഗുരുകലത്തിൽ താമസിച്ച്, ബ്രഹ്മചര്യമനുഷ്ഠിച്ച്, ആ മഹർഷിവര്യൻെറ പ്രിയശിഷ്യന്മാരിൽ പ്രഥമഗണനീയനായിത്തീരുകയും, ലോകോത്തരമായ ഭഗവൽഗീതയുടെ കർത്തൃത്വംകൊണ്ട് ലോകഗുരുവായി ഭവിക്കുകയും ചെയ്തിട്ട് ചെറുപ്പത്തിൽതന്നെ പരലോകപ്രാപ്തനായ ശ്രീകൃഷ്ണന് ഏതാദൃശകൃത്യങ്ങൾക്ക് അവസരംതന്നെ ലഭിച്ചിരുന്നോ എന്നും, ലഭിച്ചിരുന്നെങ്കിൽതന്നെ അപ്രകാരമെല്ലാം പ്രവർത്തിച്ചിരുന്നോ എന്നും സംശയിക്കേണ്ടിരിയിരിക്കുന്നു. പൂജ്യപാദനായിരുന്ന ചൈതന്യസ്വാമികൾ രാസക്രീഡ മുതലായ സംഭവങ്ങളെ യഥാർത്ഥമായി വിശ്വസിച്ച് തദനുസരണം ശ്രീകൃഷ്ണനെ ഉപാസിച്ച് സിദ്ധിയെ പ്രാപിച്ചിട്ടുള്ള സംഗതിയെ നാം വിസ്മരിക്കുന്നില്ല. ഈ കഥകളിലെല്ലാം വല്ല യാഥാർത്ഥ്യവുമുണ്ടെങ്കിൽ അത് രണ്ടുമൂവായിരം കൊല്ലങ്ങളിൽക്കൂടി കടന്നുപോന്നപ്പോൾ അതാതുകാലം ജീവിച്ചിരുന്ന കവികളുടെ സങ്കല്പത്തിൽനിന്നും പലതും സംഭരിച്ചിട്ടുണ്ടെന്നുള്ള കാര്യവും വിസ്മരിക്കത്തക്കതല്ല. ആഹ്ലാദൈകപ്രയോജനമായ കവിതക്ക് കേവലം സദുപദേശപരമായ ആദർശം യുക്തമല്ലാത്തതുകൊണ്ട് രസപ്രദാനത്തിന് വേണ്ടി മനുഷ്യഹൃദയത്തെ ആകർഷിക്കുന്നതിനു മാത്രം ചേർത്തിട്ടുള്ള പല ഭാഗങ്ങളും അതിൽ അടങ്ങിയിരുന്നേക്കാം.

പാരാതെൻപന്തുരണ്ടും പരഭൃതമൊഴീനീകട്ട
റയക്കയ്യുകത്തി-
ന്നാരാൽ സൂക്ഷിപ്പതെന്തെന്നിതികളിവചനം
ചൊല്ലിയുല്ലാസപൂർവം
ചാരേ ചെന്നുത്തരീയം നിജകരതളിരാൽ മാററി
രാധാകുചത്തെ
സൈ്വരംഞെക്കിത്തലോടും പടുവിടനുടെകൈ
കൊണ്ടുഞാൻ കൈതൊഴുന്നോൻ.

എന്നു ശ്രീകൃഷ്ണനെ സ്തുതിക്കുന്ന ഒരു കവിരൻെറ ഭക്തിയെ പ്രദർശിപ്പിക്കുന്നതിലൊ, അല്ലെങ്കിൽ ഒരു യഥാർത്ഥ സംഗതിയെ പ്രതിപാദിക്കുന്നതിലോ അല്ല ശ്രദ്ധപതിച്ചിട്ടുള്ളതെന്നും, കേവലം ശൃംഗാരപരമായ ഒരു ശ്ലോകംകൊണ്ട് വായനക്കാരെ ആകർഷിക്കുന്നതിനാണ് ഉദ്യമിച്ചിട്ടുള്ളതെന്നും ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. ഇതുപോലെ പല അസംബ

ന്ധകഥകളും, ശ്രീകൃഷ്ണന്റെ ശൈശവത്തേയും, യൗവനത്തേയുംകൂടി ബാധിച്ചിട്ടുണ്ടെന്നു വിചാരിക്കുന്നതിൽ യാതൊരു അസാംഗത്യവുമില്ല. എങ്കിലും അൎത്ഥവാദരീതിയെ അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം ഈ വക ആക്ഷേപയോഗ്യങ്ങളായ കഥകൾതന്നെ മറെറാരുവിധത്തിൽ വ്യാഖ്യാനിക്കപ്പെടാവുന്നതാണു്.

കാളിയമൎദ്ദനം ഇപ്രകാരമുള്ള ഒരു കഥയാകുന്നു. ശ്രീകൃഷ്ണൻ കാലികളെ മേച്ചുംകൊണ്ടു് കാളിന്ദീനദിയുടെ കരയിൽ എത്തി കാളിയനെന്ന പേരായ കാളസൎപ്പത്തിന്റെ വിഷംകലൎന്ന വെള്ളംകുടിച്ചു് അദ്ദേഹത്തിന്റെ കാലികളിൽ പലതും ചത്തുപോകുന്നതിനിടയായി. കോപാന്ധനായ കൃഷ്ണൻ കാളിയനെ നിഗ്രഹിക്കുന്നതിനുവേണ്ടി നദിയിലേക്കു ചാടി. തന്റെ ആവാസസ്ഥലത്തെ ആരോ ആക്രമിക്കുന്നുണ്ടെന്നു് മനസ്സിലാക്കി കാളിയൻ പുറത്തുവന്നു നോക്കിയപ്പോൾ ശ്രീകൃഷ്ണൻ ജലത്തിൽ നീന്തുന്നതായി കണ്ടു്, കോപത്തോടുകൂടി അദ്ദേഹത്തിന്റെ അടുക്കലേക്കു് പത്തി വിടുത്തിക്കൊണ്ടു് പാഞ്ഞടുത്തു. കൃഷ്ണൻ കാളിയന്റെ തലയിൽകയറി നൃത്തവും തുടങ്ങി. കൃഷ്ണനെ ദംശിക്കുന്നതിനു് കാളിയൻ ചെയ്ത യത്നങ്ങളെല്ലാം വിഫലങ്ങളായിത്തീൎന്നു. എന്നല്ല, കുറേ കഴിഞ്ഞപ്പോൾ വളരെ അവശനായിട്ടു് ചോര ഛൎദ്ദിക്കുവാനും തുടങ്ങി. തന്റെ മദമെല്ലാംതീൎന്നു് കാളിയൻ മൃത്യുവക്ത്രത്തിൽ പതിക്കാറായപ്പോൾ അവന്റെ പത്നിമാർ ശ്രീകൃഷ്ണനെ പുഷ്പമാല്യാദികൾകൊണ്ടു പൂജിച്ചു് ഭൎത്തൃത്രാണനത്തിനുവേണ്ടി പ്രാൎത്ഥിച്ചു. അവരുടെ പൂജകൊണ്ടു സന്തുഷ്ടനായ ഭഗവാൻ കാളിയനെ അനുഗ്രഹിക്കുകയും, കാളിന്ദീതടംവിട്ടു് അകലെപ്പോയി പാൎക്കുന്നതിനു ആജ്ഞാപിക്കുകയും ചെയ്തു. ഇതാണു് ഭാഗവതത്തിൽ കാണുന്ന കഥ.

അൎത്ഥവാദപ്രകാരം കറുത്തജലംനിറഞ്ഞ കാളിന്ദി പാപപരിപൂൎണ്ണമായ സംസാരജീവിതമാകുന്നു. കാളിയൻ വിഷയാഗ്രഹംതന്നെ. അവന്റെ അഞ്ചു തലകൾ വിഷയോന്മുഖങ്ങളായ ചക്ഷുരാദിപഞ്ചേന്ദ്രിയങ്ങളാകുന്നു. ആ പഞ്ചേന്ദ്രിയങ്ങളുടെ ശക്തി ഭഗവൽസമ്പൎക്കംകൊണ്ടു് ക്ഷയത്തെ പ്രാപിച്ചു് വിഷയവിമുഖമായിത്തീരുമ്പോൾ സച്ചിദാനന്ദസ്വരൂപം പ്രത്യക്ഷമായിക്കാണുകയും, ആത്മാവു് സംസാരത്തിൽനിന്നും വേൎപിരിഞ്ഞു് ഈശ്വരപാദാരവിന്ദത്തെ പ്രാപിക്കുകയും ചെയ്യുന്നു. ഇതാണു് കാളിയമൎദ്ദനം.

ഈ കഥ കേരളത്തിലെ സുപ്രസിദ്ധന്മാരായ പല കവികളുടേയും ഗാനത്തിനു വിഷയമായിപ്പരിണമിച്ചിട്ടുണ്ടു്. ഇദാനീന്തനകവികളിൽ പ്രഥമഗണനീയനായ വള്ളത്തോൾമാത്രമെ ഈ അൎത്ഥവാദമൂട്പടത്തെ അല്പമൊന്നുയൎത്തുന്നതിൽ യത്നിച്ചിട്ടുള്ളു.

'മുങ്ങുമൊരേടത്തു മറെറാരേടത്തുപോയ്

പൊങ്ങുമലകൾ മറിച്ചുനീന്തും
ഇങ്ങനെ സംസാര നാടകമാടിനാ
നങ്ങവൻ വാരുണ രംഗത്തിങ്കൽ'

എന്ന് ഈ കഥ 'സംസാരനാടകമാ'ണെന്ന് വർണ്ണിച്ചതിൻശേഷം കാവ്യാവസാനത്തിൽ

'ധ്വസ്തഭുവനമാം ദൗഷ്ട്യമെ നിൻതല
യെത്ര പെരുത്തി യുയർത്തിയാലും
ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽ പോരുമെ
ചിക്കെന്നതൊക്കെ ച്ചവുട്ടിത്താഴ്ത്താൻ'

എന്നുകൂടി വിസ്തരിക്കുന്നതുകൊണ്ട് പാപഭൂയിഷ്ഠമായ സംസാരാസക്തി ഭക്തിസ്പർശത്താൽ നശിക്കുമെന്നുകൂടിക്കാണിച്ച് കഥയെ അവസാനിപ്പിക്കുന്നു കേവലം ഒരു അത്ഭുതകഥയായിമാത്രം ദർശനാക്കുന്നപക്ഷം മററുകവികളുടെ വർണ്ണനകളിലും ഹൃദയംഗമമായ പല ഭാഗങ്ങളുമുണ്ട്. കാളിയൻ ശ്രീകൃഷ്ണനെകടിക്കുന്നഭാഗം ചെറുശ്ശേരി കൃഷ്ണഗാഥയിൽ ഇപ്രകാരം വർണ്ണിക്കുന്നു

അല്ലിത്താർമാതുതൻ മല്ലക്കരംകൊണ്ടു
മെല്ലെത്തലോടുന്ന പാദങ്ങളിൽ
പാരിച്ചു ദംശിച്ചാനങ്ങനെയല്ലോ താൻ
പാപികളായോർക്കു തോന്നിത്തോയം'

ഐശ്വര്യം, സൗന്ദര്യം, മംഗലം ഇവയുടെ അധിഷ്ഠാനദേവതയായ ലക്ഷ്മി തൻെറ താമരപ്പൂപോലെ മൃദുലവും, സുകുമാരവുമായ കൈകളെക്കൊണ്ട് തലോടുന്ന ഭഗവൽപാദങ്ങളിൽ ദംശിക്കുന്നതിനു തോന്നിയ കാളിയൻ പാപിയാണെന്നു പറയുന്നതിലുള്ള ഔചിത്യം ഹൃദയംഗമംതന്നെ. അതുപോലെതന്നെ കാളിയൻ കൃഷ്ണനെക്കണ്ട് കടിക്കുന്നതിനായി ചീററിക്കൊണ്ടെത്തുന്ന ഭാഗത്തെപ്പററി കുഞ്ചൻനമ്പിയാർ,

ഉച്ചണ്ഡമാം ഫണമണ്ഡലമാകവേ
ഉച്ചത്തിലങ്ങുയർത്തിപ്പിടിച്ചങ്ങനെ
മെച്ചത്തിലോടുന്ന വഞ്ചി കണക്കിനെ
കൊച്ചുഗോവിന്ദനെച്ചെന്നടുത്തീടിനേൻ.

എന്നു വർണ്ണിച്ചിരിക്കുന്നതു് നാരായണീയത്തിലെ,

'പുരതഃ ഫണിനംസ മഃലാകയഥാ
ബഹുശൃംഗിണ മഞ്ജനശൈലമിവ'

എന്ന വർണ്ണനയെക്കാൾ ഫലിതസമ്പൂർണ്ണമാകുന്നു. എങ്കിലും കൃഷ്ണഗാഥക്കും തുള്ളലിനും പദ്യംകൊണ്ടും ഭട്ടതിരിപ്പാട്ടിലെ ആ മിതവും ഹിതവുമായ വർണ്ണനയെ അതിക്രമിക്കുന്നതിന് സാധിച്ചിട്ടില്ല. അദ്ദേഹം ഇതിലേക്കു് തിരഞ്ഞെടുത്തിട്ടുള്ള വൃത്തംതന്നെ അദ്ദേഹത്തിൻെറ ഔചിത്യബുദ്ധിയെ നല്ലവണ്ണം തെളിയിക്കുന്നു. കാളിയൻ വെള്ളത്തിൽനിന്നും ഉയർന്ന് കൃഷ്ണനെ സ

മീപിക്കുന്ന ഭാഗം കവി

'അഥദിക്ഷുവിദിക്ഷു പരിക്ഷുഭിത
ഭ്രമിതോദരവാരിനിനാദഭരൈഃ
ഉദകാദുദഗാദുരഗാധിപതി-
സ്ത്വദപാന്തമശാന്തരുഷാന്ധമനാഃ'

എന്നു വൎണ്ണിച്ചിരിക്കുന്നതു് വായിക്കുന്ന സഹൃദയന്മാൎക്കു് ശബ്ദഗതികൊണ്ടു തന്നെ നദിയുടെ ഉത്തുംഗതരംഗങ്ങളെ ഭേദിച്ചു് തള്ളിക്കേറിവരുന്ന ഒരു ഭയങ്കരസത്വത്തെ ദൎശിക്കുന്നതുപോലെ തോന്നാം. അതുപോലെതന്നെ കാളിയന്റെ ശിരസ്സിൽ ശ്രീകൃഷ്ണൻ ചെയ്യുന്ന നൃത്തവും,

'അധിരുഹ്യതതഃ ഫണിരാജഫണാൻ
നനൃതേ ഭവതാമൃദുപാദരുചാ
കളശിഞ്ജിതനൂപുരമഞ്ജുമിളൽ
കരകങ്കണസങ്കുലസങ്ക്വണിതം.'

എന്നിപ്രകാരം ശബ്ദാഡംബരംകൊണ്ടുതന്നെ അനുഭവഗോചരമായി ഭവിക്കുന്നു.

മഹാകവി വള്ളത്തോൾ ഈ കഥയെ പേരുമാറുന്നതു് മേൽപറഞ്ഞ കവികളിൽനിന്നും അല്പം വിഭിന്നമായ ഒരു രീതിയിലാണു്. കവി ഇക്കഥെക്കു് അൎദ്ധനാടകീയമായ ഒരുനിലയാണു് നൽകിയിരിക്കുന്നതു്. രംഗത്തിൽ നടക്കുന്ന സംഭവങ്ങളെ സൂക്ഷിച്ചു വീക്ഷിക്കുകയും, വികാരപരവശനായി കാണികളെ പറഞ്ഞു ധരിപ്പിക്കുകയും ചെയ്തുംകൊണ്ടു് നടന്മാരുടേയും, പ്രേക്ഷകന്മാരുടേയും മദ്ധ്യത്തിൽ നില്ക്കുന്ന ഒരു ആഖ്യാനികന്റെ നിലയേയാണു് കവി സ്വീകരിച്ചിരിക്കുന്നതു്. തന്നിമിത്തം കവി,

ആറ്റിലേക്കച്യുത ചാടൊല്ലെ, ചാടൊല്ലെ
കാട്ടിലെപ്പൊയ്കയിൽപോയിനീന്താം

എന്ന ബാലന്മാരുടെ നിലവിളി കേൾക്കുകയും, തിരിഞ്ഞുനോക്കി കാളിന്ദിയിൽ ചാടിയ കൃഷ്ണനേക്കണ്ടു്,

'ആരിതെറിഞ്ഞുകൊടുത്തു യശോദതൻ
മാറിലെത്തുമണിമാല്യമിതാ
കാളിന്ദീതന്നുടെകാളിമാവേന്തിയ
ചേലയിൽച്ചീളെന്നുചെന്നുവീണു

എന്നു ശങ്കിക്കുകയും ചെയ്യുന്നു. മാത്രമല്ല

ആനദീമാതാവിന്റെ 'ആൎദ്രനെഞ്ചിൽ'-
പല്ലവംപോലുള്ള രണ്ടിളംകൈകൾ വ-
ന്നുല്ലസല്ലീലമായ് തല്ലുകയാൽ
വെൺമുലപ്പാൽനുര ചിന്നിച്ചിതറു'ന്നതും കവിയുടെ ദൃഷ്ടിക്കു

വിഷയീഭവിക്കുന്നു. ഉടൻതന്നെ ആ നദിയിൽ

സ്ഫീതങ്ങളായങ്ങു പൊങ്ങികോളുകൾ
ഏതോ വിപത്തിൻമുളകൾപോലെ

ഇത്രയുമായപ്പോഴേക്കും ഇതാ പരിഭ്രമജനകമായ മറെറാരു ദശ്നം. കവി തന്നത്താൻ ചോദിക്കുന്നു—

'ആററിലെ പൊലിച്ചുവരുന്നതെന്തിതോ-
രായിര കൊമ്പുള്ള മാമരമോ?

അല്ലല്ല. അത്യന്തം ഭയങ്കരമായ മറെറാരു കാഴ്ച! പ്രേക്ഷകൻ ഭയപ്പെട്ടു നിലവിളിച്ചുപോകുന്നു.

അത്യോന്നഹസ്രഫണോഗ്രകരിമ്പാമ്പെ-
ങ്ങിദ്യോമൽക്കോമളപ്പൈതലെങ്ങോ!

എന്നാൽ കവിയുടെ ഈ മദ്ധ്യസ്ഥനില കാവ്യാവസാനംവരെ നിലനില്ക്കുന്നില്ല. അനന്തരഭാഗങ്ങളെ കാഥികൻെറ നിലയിൽ കവി വണ്ണിച്ചുതീക്കുകയാണ് ചെയ്യുന്നത്. വള്ളത്തോളിൻെറ സഹജമായ ശബ്ദാത്ഥസൌന്ദര്യം ആ ഭാഗങ്ങളിൽ ധാരാളമായിക്കാണുന്നുമുണ്ട്.

ഇപ്രകാരം കഥയുടെ ഉത്ഭവം എങ്ങനെയായാലും കേരളീയകവികളുടെ കാവ്യനിമ്മാണചാതുരിക്ക് അതു് ധാരാളമവസരം നൾകീട്ടുണ്ട്.

# കുറിപ്പുകൾ.

## തിരുവിതാംകൂറിലെ വിദ്യാഭ്യാസം.

തിരുവിതാംകൂറിലെ വിദ്യാഭ്യാസത്തെ സംബന്ധിച്ച 105-ലെ വാഷികറിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നു. പുതിയ ഡയറക്ടരായ മി: ഇ. ജി. മാക്അൽപയിൻ എം. ഏ. 105-ാമാണ്ടു് അവസാനിക്കുന്നതിന് ഒരു മാസംമുമ്പെയാണ് ഉജ്ജോലിയിൽ പ്രവേശിച്ചതു്. അതിനാൽ ഈ റിപ്പോർട്ട് ആക്ടിങ്ങ് ഡയറക്ടരായിരുന്ന മി: കെ. വി. രങ്കസ്വാമിഅയ്യങ്കാർ എം. ഏ. യുടെ ഭരണകാലത്തെ വിദ്യാഭ്യാസാഭിവൃദ്ധിയെയാണ് സൂചിപ്പിക്കുന്നതു്. 105-ൽ അംഗീകാരം സിദ്ധിച്ച സ്ഥാപനങ്ങളുടെ എണ്ണം 9 കൂടുതലാകയും കുട്ടികളുടെ സംഖ്യ 23478 കൂടുതലായി വദ്ധിക്കയും ചെയ്തു. ഡിപ്പാർട്ടുമെൻറുസ്ഥാപനങ്ങൾ രണ്ടെണ്ണം കുറഞ്ഞു. സ്വകാര്യമായിട്ടു നട

ത്തുന്ന സ്ഥാപനങ്ങൾ 11 എണ്ണം കൂടുതലായി വൎദ്ധിച്ചിട്ടുണ്ട്. ഈ രണ്ടു വിധത്തിലുള്ള സ്ഥാപനങ്ങളിലും പഠിക്കുന്ന കുട്ടികളുടെ സംഖ്യ ആശാസ്യമായ വിധത്തിൽ വൎദ്ധിച്ചിട്ടുണ്ട്. മദിരാശി സൎവകലാശാലയുമായി ഘടിപ്പിച്ചിട്ടുള്ള കലാശാലകളിൽപഠിക്കുന്ന കുട്ടികളുടെ സംഖ്യ 158 കുറവാണ്. തിരുവനന്തപുരത്തെ ആർട്ട്സ് കാളേജിൽ 41 കുട്ടികൾ കുറവായിരുന്നു. സയൻസുകാളേജിലും വനിതാകലാലയത്തിലും 10—ം, 2—ം, വീതം കുട്ടികൾ കുറവായിട്ടുണ്ട്. സ്വകാൎയ്യമായിട്ടു നടത്തുന്ന കലാശാലകളിലെല്ലാം കുട്ടികളുടെ സംഖ്യ കുറവായിട്ടാണ് കാണുന്നത്. ഇംഗ്ലീഷുസ്കൂളുകളുടെയും അവിടെ പഠിക്കുന്ന കുട്ടികളുടെയും സംഖ്യ അല്പം കൂടിയിട്ടുണ്ട്. 105-ൽ ആൺകുട്ടികൾക്കുള്ള ഇംഗ്ലീഷുപള്ളിക്കൂടങ്ങളിൽ 5725 ബാലികമാർ പഠിക്കുന്നുണ്ടായിരുന്നു. 104-ൽ 5122 പേർ മാത്രമെ ഉണ്ടായിരുന്നുള്ളു. ഇതിൽനിന്നും ചില സ്ഥലങ്ങളിൽ പെൺകുട്ടികൾക്കു പ്രത്യേകം ഇംഗ്ലീഷുസ്കൂളുകൾ സ്ഥാപിക്കേണ്ടതാണെന്ന് മനസ്സിലാക്കാം. സാമാന്യജനങ്ങളുടെ വിദ്യാഭ്യാസമായ മലയാളവിദ്യാഭ്യാസത്തിന് ചിലവു ചുരുക്കമാണല്ലൊ. മലയാളപാഠശാലകളുടേയും അവിടത്തെ കുട്ടികളുടേയും സംഖ്യ വൎദ്ധിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നിശാപാഠശാലകൾ ഇല്ല. എന്നാൽ സ്വകാൎയ്യമായി 30 നിശാപാഠശാലകൾ നടത്തുന്നുണ്ടായിരുന്നു. അവ 19 ആയിക്കുറഞ്ഞു. കുട്ടികളുടെ സംഖ്യയും കുറഞ്ഞിട്ടുണ്ട്. ഈ പാഠശാലകൾ അധഃപതിക്കുവാനുള്ള കാരണം ഭരണദൂഷ്യമാണെന്നു പറയാം. പൊതുജനങ്ങൾ ഈ പാഠശാലയെ സഹായിക്കേണ്ടതാകുന്നു.

സ്ത്രീവിദ്യാഭ്യാസത്തിലും അഭിവൃദ്ധികാണുന്നുണ്ട്. പെൺകുട്ടികളുടെ എണ്ണം 203699-ൽനിന്നും 215190 ആയി വൎദ്ധിച്ചു. എല്ലാ കലാശാലകളിലുംകൂടി 236 പെൺകുട്ടികൾ പഠിച്ചിരുന്നു. മഹമ്മദീയവിദ്യാൎത്ഥികളുടെ സംഖ്യ 18372-ൽ നിന്നും 19269 ആയി വൎദ്ധിച്ചിട്ടുണ്ട്. എല്ലാ ഡിപ്പാർട്ടുമെൻറൽ ഇംഗ്ലീഷുസ്കൂളുകളിലും വൈദ്യപരിശോധന നടത്തിയിട്ടുണ്ട്. സ്വകാൎയ്യമായിട്ടു നടത്തുന്ന 5 വിദ്യാലയങ്ങൾ മാത്രമെ വൈദ്യപരിശോധന നടത്തിയിട്ടുള്ളു. എല്ലാ കലാശാലകളിലും വൈദ്യപരിശോധന നടത്തിയിട്ടുണ്ട്. നിർബന്ധിതകായികപരിശീലനം, ആർട്ട്സ് കലാശാലയിലും, സയൻസ് കലാശാലയിലും, വനിതാകലാശാലയിലും ഏർപ്പെടുത്തിയിട്ടുണ്ട്. മലയാളംപള്ളിക്കൂടങ്ങളിലെ ശമ്പളപരിഷ്കാരവും സഹായധനവും സംബന്ധിച്ചും വളരെ പ്രവൎത്തിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറുവക എല്ലാ ആൺപള്ളിക്കൂടങ്ങളിലേയും ഒന്നൊഴിച്ച് എല്ലാ പെൺപള്ളിക്കൂടങ്ങളിലേയും അദ്ധ്യാപകന്മാരുടെ ശമ്പളത്തെ പരിശോധിച്ചു പരിഷ്കരിക്കുന്നുണ്ട്. സഹായധനപരിഷ്കാരവും ആരംഭിച്ചു എങ്കിലും

അതിനായി നിയമിച്ച പ്രത്യേകഉദ്യോഗസ്ഥന്മാക്ക് ക്ലിപ്തകാലത്തിനുള്ളിൽ ജോലി തീക്കുവാൻ കഴിയാത്തതുകൊണ്ടു മാററിവയ്ക്കുകയാണുണ്ടായതു്. അതു് ഉടനെ പൂത്തിയാകുന്നതാണ്. വിദ്യാഭ്യാസവിഷയത്തിൽ ഗവമ്മെൻറു ആകെ ചിലവാക്കിയിട്ടുള്ളതു് വരവിൻെറ 17 ശതമാനമാകുന്നു.

## പാഠപുസ്തകങ്ങൾ.

ഇക്കൊല്ലത്തെ പാഠപുസ്തകങ്ങളെക്കുറിച്ചും അതു് തിരിഞ്ഞെടുത്തതിൽ വന്നുകൂടിയിരിക്കുന്ന അന്യായത്തെക്കുറിച്ചും ഉള്ള പരാതികൾ ഇപ്പോൾ ഒരുവിധം പ്രസിദ്ധമായിട്ടുണ്ടല്ലൊ. രണ്ടുമൂന്നുകൂട്ടരെയാണ് ഇത്തവണ പാഠ്യപുസ്തകതിരഞ്ഞെടുപ്പിൽ ഭാഗ്യദേവത പ്രസാദിച്ചിട്ടുള്ളതു്. പുസ്തകങ്ങളുടെ ഗുണദോഷങ്ങളെപ്പററി തൽക്കാലം ഇവിടെ വിചിന്തനംചെയ്യുന്നില്ല. വി. വി. പ്രസിദ്ധീകരണശാലയെന്ന പേരുകേട്ട സ്ഥാപനത്തിൻെറ ഉടമസ്ഥനും പാഠ്യപുസ്തകവിക്രയത്തിൽ സുപ്രസിദ്ധനും ആയ മി: തോമസ് പാളിൻെറ വക 'കാശിനുവിലപിടിക്കാത്ത' എത്ര പുസ്തകങ്ങളാണ് ഇക്കൊല്ലം അന്യായമായി തിരിഞ്ഞെടുത്തിരിക്കുന്നതെന്നു കാണിപ്പാനായിമാത്രം ഒരു പട്ടിക ഇവിടെ കാണിക്കാം,

മി: തോമസ് പാളിൻെറ ഇക്കൊല്ലത്തെ പാഠപുസ്തകങ്ങൾ.

| Name of Book | Form or class | Publisher | Price |
|---|---|---|---|
| Arnold's New English Readers B. I | Preparatory | Thomas Paul | 6 As. |
| Stories from Indian History | Do. | Do. | 8 As. |
| Stories from European History | Do. | Do. | 8 As. |
| Aronld's New English Readers B. II | Form I | Do. | 8 As. |
| Stories from Indian History | Do. | Do. | 8 As. |
| Stories from European History | Do. | Do. | 8 As. |
| Angaganitham | Do. | Do. | 8 As. |
| Savitri | Form II | Do. | 4 As. |
| History of India | Do. | Do. | 12 As. |
| Augaganitham | Do. | Do. | 9 As. |
| Story of Nala & Damayanthi | Form III | Do. | 5 As |
| Heroes | Form IV | Do. | 8 As. |
| Edgeworth's moral Tales | Form V | Do. | 12 As. |
| കല്കിപുരാണം P. III | Preparatory | Do. | 6 As. |
| സൃഷ്ടിവൈചിത്ര്യം | Do. | Do. | 6 As. |

| Name of Book | Form or class | Publisher | Price |
|---|---|---|---|
| പദ്യമാലിക | Form I | Thomas Paul | 6 As. |
| ജോർജ്ജ്സ്റ്റീഫൻസൺ | Do. | Do. | 6 As. |
| അതിരൂപചരിതം | Form II | Do. | 6 As. |
| സന്താനഗോപാലം | Do. | Do. | 6 As. |
| സൗഭാഗ്യജീവിതം | Form III | Do. | 9 As. |
| കാന്തിമതീപുരാണം | Do. | Do. | 6 As. |
| ഭാരതീയവനിതാരത്നങ്ങൾ | Form V | Do. | 10 As. |
| സാഹിത്യരംഗം | Form VI | Do. | 12 As. |
| ഭൂമിശാസ്ത്രം | 5-ാംക്ലാസ്സ് | Do. | 6 As. |
| ജീവിതവിജയം | 6-ാംക്ലാസ്സ് | Do. | 8 As. |
| അങ്കഗണിതം P. VI | 6-ാംക്ലാസ്സ് | Do. | 9 As. |
| സാഹിത്യപ്രണയികൾ P. I | 7-ാംക്ലാസ്സ് | Do. | 8 As. |
| പദ്യമാലിക P VII | Do. | Do. | 8 As. |
| അങ്കഗണിതം P VII | Do. | Do. | 10 As. |
| ഇൻഡ്യാഭൂവിവരണം | Do. | Do. | 8 As. |
| ഇൻഡ്യാചരിത്രം | Do. | Do | 12 As. |

ഇതിൽ പലപുസ്തകങ്ങളും വേറെ പല പേരിലും ആണ് ടെക്സ്റ്റ്ബുക്കകമ്മററിക്കയച്ചിട്ടുള്ളതു്. അതായതു് 'വി. വി.' പബ്ളിഷിങ്ങ് ഹൌസ്, പൈലൊ പാൾ, ഉദയവർമ്മ രാജാ, ശങ്കരൻകുട്ടിമേനവൻ, കെ. ശങ്കരപ്പിള്ള ഇങ്ങനെ പലതും കാണും. അതെല്ലാം ഗ്രന്ഥകർത്താക്കന്മാരോട് പകർപ്പവകാശംവാങ്ങി മി. തോമസ്പാൾതന്നെ അച്ചടിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ K. Arnold & Co. എന്നപേരിൽ പ്രിപ്പാരട്ടറിയിലേയും ഫസ്റ്റ് ഫാറത്തിലേയും രണ്ടു് ഇംഗ്ലീഷ് ടെക്സ്റ്റുകൾ കാണുന്നതാണ് മി. തോമസ് പാളിന്റെ വലിയ വഞ്ചന. മദ്രാസിൽ അങ്ങിനെ ഒരു കമ്പനിയില്ല. ആർനാഡ് ഉള്ളതു് പഴയതാണ്. കെ. ആർനാൾഡ് തോമസ്പാളിന്റെ ക്രിത്രിമസൃഷ്ടിയാണ്. കോട്ടയം സി. എം. എസ്സിൽ അച്ചടിപ്പിച്ച് മി. തോമസ് പാളാണ് ആ രണ്ടുപുസ്തകങ്ങളും വിററതു്. താഴത്തെ ക്ലാസായതുകൊണ്ടു് ധാരാളം പുസ്തകം ചിലവം വരുമല്ലൊ. ഈ തരം വഞ്ചനകൾ മേലാലും സംഭവിക്കാതിരിക്കാൻ വേണ്ടിയാണ് ഞങ്ങൾ ഇതു് പരസ്യം ചെയ്യുന്നതു്. ഇത്രവളരെ പുസ്തകങ്ങൾ ഒരു വ്യാപാരിയുടെ തന്നെ പാഠ്യപുസ്തകമാക്കിവച്ചതു് വലിയ അനീതിയാണ്. ഇത്രയും പാഠപുസ്തകങ്ങൾ മി. തോമസ് പാളിന്റേതായി ഉണ്ടെന്നു നമ്മുടെ ഇ. വി. തന്നെ അറിഞ്ഞിട്ടുണ്ടോ എന്തോ?